# ഗിരിദീപം

നവംബർ 2023



നവംബർ 20

മിശിഹായുടെ രാജത്വതിരുനാൾ


നവംബർ എട്ടാം തിയതി
മെത്രാഭിഷേകദിനം
ആഘോഷിക്കുന്ന
തലശേരി അതിരൂപതയുടെ ഇടയൻ
അഭിവന്ദ്യ
മാർ ജോസഫ് പാംപ്ലാനി
പിതാവിന്
പ്രാർത്ഥനാശംസകൾ
നവംബർ മുപ്പതാം തിയതി
പൗരോഹിത്യ സ്വീകരണത്തിന്റെ
അറുപതാം വാർഷികം
ആഘോഷിക്കുന്ന
അഭിവന്ദ്യ
മാർ ജോർജ് വലിയമറ്റം
പിതാവിന്
പ്രാർത്ഥനാശംസകൾ

നവംബർ 2023

വാല്യം 06
ലക്കം 11

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം

1. കച്ചേരിക്കാര്യം ........ 05
2. ലൂമിനസ് 2023 ........ 30
3. പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് ........ 32
4. സെമിനാരി വാർത്തകൾ ........ 35
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 37
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് . ........ 45
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 51
   തിരുബാലസഖ്യം ........ 58
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 62
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 66
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 72
   നിർമ്മലഗിരി കോളേജ് ........ 75
   വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 77
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ് - കുടുംബക്കൂട്ടായ്മ ........ 79
   ADAM ........ 81
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 83
   എയ്ഞ്ചൽ ട്രസ്റ്റ് ........ 85
   ബയോ മൗണ്ടൻ ഫാർമേഴ്സ് ........ 87
13. പഞ്ചാബ് മിഷൻ ........ 88
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 89
15. Engagements - November (Archbishop Mar Joseph Pamplany) ........ 91
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 93
17. Engagements - November (Archbishop Mar George Njaralakatt) ........ 96
18 വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 97
19. Engagements - November (Archbishop Mar George Valiamattam) ........ 98

# കച്ചേരിക്കാര്യം
നവംബർ 2023

**1. പുതിയ നിയമനങ്ങൾ**

i) **റവ. ഡോ. ജോൺസൺ കോവൂർപുത്തൻപുരയിൽ**

ചിക്കാഗോ രൂപതയുടെ ജുഡീഷ്യൽ വികാരിയായി ബഹു. ജോൺസൺ കോവൂർപുത്തൻപുരയിൽ അച്ചൻ നിയമിതനായി. കഴിഞ്ഞ 7 വർഷമായി തലശ്ശേരി അതിരൂപതാ ട്രൈബ്യൂണലിൽ ജുഡീഷ്യൽ വികാരിയായി സ്തുത്യർഹമായ ശുശ്രൂഷയാണ് ബഹു. ജോൺസൺ അച്ചൻ നിർവഹിച്ചത്. ചിക്കാഗോ രൂപതയിലെ ട്രൈബ്യൂണൽ സംവിധാനങ്ങൾ ക്രമീകരിക്കുകയും തുടങ്ങുകയുമാണ് ബഹു. ജോൺസൺ അച്ചന്റെ ഉത്തരവാദിത്വം. പുതിയ ശുശ്രൂഷാ മേഖലയിൽ ബഹു. ജോൺസനച്ചന് ആശംസകളും ദൈവാനുഗ്രഹവും നേരുന്നു.

ii) റവ. ഫാ. ജോസഫ് നൂറന്മാക്കൽ - വികാരി, നെല്ലിയടുക്കം (29.10.2023 മുതൽ)

iii) റവ. ഫാ. തോമസ് കണിയാംപറമ്പിൽ OFM Conv. - വികാരി, നാട്ടക്കൽ (05.11.2023 മുതൽ)

iv) റവ. ഫാ. ജോർജ് മുണ്ടൻകുന്നേൽ - പ്രോ. വികാരി അരവഞ്ചാൽ (05.11.2023 മുതൽ)

v) റവ. ഫാ. പോൾ പുലിമല MST - സ്പിരിച്വൽ ഫാദർ, മദർഹോം (01.07.2023 മുതൽ)

vi) റവ. ഫാ. ജോസഫ് വയലുങ്കൽ - അസി. വികാരി, കാഞ്ഞങ്ങാട് (അധിക ചുമതല, 29.10.2023 മുതൽ)

vii) റവ. ഫാ. ആന്റണി പൂവനാട്ട് O.Prem - അസി. വികാരി, പെരുമ്പടവ് (29.10.2023 മുതൽ)

viii) റവ. ഫാ. ജിതിൻ പുന്നശ്ശേരി OFM Conv. - അസി. വികാരി പനത്തടി (05.11.2023 മുതൽ)

**2. പ്രെസ്ബിത്തേരിയം**

തലശ്ശേരി അതിരൂപതയിലെ മുഴുവൻ വൈദികരുടെയും യോഗം 2023 നവംബർ 28 ന് ചൊവ്വാഴ്ച രാവിലെ 10.00 മണി മുതൽ വൈകിട്ട് 4.00 മണി വരെ തളിപ്പറമ്പ് സെന്റ്മേരീസ് ഫൊറോനാ ദൈവാലയത്തിലെ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നതാണ്. തലശ്ശേരി അതിരൂപതയിലെ എല്ലാ വൈദികരും അതിരൂപതയിൽ വികാരിമാരും അസി. വികാരിമാരുമായി സേവനം ചെയ്യുന്ന സന്യാസ വൈദികരും ഈ യോഗത്തിൽ പങ്കുചേരണം.

**3. പൗരോഹിത്യ സ്വീകരണത്തിന്റെ ജൂബിലി ആഘോഷിക്കുന്ന വൈദികർക്ക് ആശംസകൾ**

ദൈവജനത്തിനുവേണ്ടി ആത്മാർപ്പണം നടത്തിയ പുരോഹിതരാൽ സമ്പന്നമാണ് തലശ്ശേരി അതിരൂപത. 'എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും' എന്ന ദൈവീകവാഗ്ദാനം സാക്ഷാത്ക്കരിക്കുന്ന ഒട്ടനവധി വൈദികരാൽ അനുഗ്രഹീതരാണ് മലബാറിലെ ദൈവജനം. സഭയെ സ്നേഹിക്കുന്ന ആത്മീയതയിൽ ജ്വലിക്കുന്ന ഒട്ടനവധി വൈദികർ നമ്മുടെ ഇടവകകളിൽ ശുശ്രൂഷ നിർവ്വഹിക്കുന്നുണ്ട്. ഈ വർഷം പൗരോഹിത്യത്തിന്റെ ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട അച്ചന്മാരെ സ്നേഹത്തോടെ നമുക്ക് ഓർമ്മിക്കാം. ദൈവത്തിനും ദൈവജനത്തിനും വേണ്ടി ജീവിതം മാറ്റിവച്ചതിന്റെ ചരിത്രമാണ് ഓരോരുത്തരും കടന്നുപോയ അജപാലനവഴികൾ വെളിപ്പെടുത്തുന്നത്. ഈ വർഷം പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന രണ്ടു വൈദികരും രജത ജൂബിലി ആഘോഷിക്കുന്ന പത്തു വൈദികരുമാണുള്ളത്. പ്രിയപ്പെട്ട വൈദികർക്ക് ഹൃദയം നിറഞ്ഞ ജൂബിലി ആശംസകൾ.

## സുവർണ്ണ ജൂബിലി

**1. ഫാ. ജോസഫ് കരിനാട്ട്**



ചങ്ങനാശ്ശേരി അതിരൂപതയിലെ മണിപ്പുഴയിൽ കരിനാട്ട് ലൂക്ക് - അന്നമ്മ ദമ്പതികളുടെ മകനായി 1947 ജനുവരി 18 ന് ജനിച്ചു. അച്ചന് നാലു സഹോദരന്മാരും മൂന്ന് സഹോദരിമാരുമുണ്ട്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1974 ഏപ്രിൽ 03 ന് ദിവംഗതനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ഉദയഗിരി ഇടവകയിലാണ് ബഹു. കരിനാട്ടച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ താമസിക്കുന്നത്.

| | | | |
|---|---|---|---|
| 1. | പേരാവൂർ | - അസി. വികാരി | 24.04.1974 - 26.04.1975 |
| 2. | വേനപ്പാറ | ഡയറക്ടർ ഓർഫനേജ് | 27.04.1975 - 02.05.1976 |

| | | | |
|---|---|---|---|
| 3. | കൂടരഞ്ഞി - അസി. വികാരി | 13.06.1976 | - 15.05.1977 |
| 4. | ഉപരിപഠനം - ഓസ്ട്രിയ | 22.08.1977 | - 19.02.1984 |
| 5. | മാടത്തിൽ, പടിയൂർ - വികാരി | 13.05.1984 | - 30.04.1985 |
| 6. | തിരൂർ - വികാരി | 01.07.1985 | - 05.09.1985 |
| 7. | പുല്ലൂരാംപാറ - വികാരി | 02.02.1986 | - 10.05.1986 |
| 8. | തലശ്ശേരി മൈനർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി | 03.07.1986 | - 08.05.1992 |
| 9. | ഫാമിലി അപ്പസ്റ്റോലേറ്റ് ഡയറക്ടർ | 09.05.1992 | - 15.06.2001 |
| 10. | സന്ദേശഭവൻ ഡയറക്ടർ | 1993 | - 15.06.2001 |
| 11. | കരുവഞ്ചാൽ ഹോസ്പിറ്റൽ ഡയറക്ടർ | 15.06.2001 | - 23.05.2004 |
| 12. | ആർച്ച് ബിഷപ്സ്ഹൗസ് - വികർ ജനറാൾ | 23.05.2004 | - 12.05.2012 |
| 13. | ചെമ്പേരി - വികാരി | 13.05.2012 | - 13.05.2018 |
| 14. | കോലുവള്ളി - വികാരി | 13.05.2018 | - 11.06.2021 |
| 15. | കരുവഞ്ചാൽ പ്രീസ്റ്റ്ഹോം | 12.06.2021 മുതൽ | |

ഓസ്ട്രിയയിലെ ഇൻസ്ബ്രുർഗ് യൂണിവേഴ്സിറ്റിയിൽനിന്നും പാസ്റ്ററൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടി. ലിറ്റർജിയിൽ മാസ്റ്റർ ബിരുദവും ഇൻസ്ബ്രുർഗ് യൂണിവേഴ്സിറ്റിയിൽനിന്നും മനശാസ്ത്രത്തിൽ മൂന്നു വർഷത്തെ കോഴ്സും അച്ചൻ പൂർത്തിയാക്കിയിരുന്നു. തലശ്ശേരി അതിരൂപത യിലെ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആദ്യത്തെ മുഴുവൻ സമയ ഡയറക്ടർ എന്ന നിലയിൽ കുടുംബപ്രേഷിതരംഗത്ത് വ്യത്യസ്തമായ ശുശ്രൂഷാ മേഖലകൾ കരിനാട്ടച്ചൻ ആരംഭിച്ചു. ഹോം മിഷൻ, വിവാഹ ഒരുക്ക സെമിനാറുകൾ, മാതൃവേദി, അനുഗ്രഹ മാര്യേജ് ബ്യൂറോ, കൗൺസിലിംഗ് സെന്റർ എന്നിങ്ങനെ ഒട്ടനവധി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. സന്ദേശഭവൻ ഡയറക്ടറായി ശുശ്രൂഷ ചെയ്ത സമയത്ത് ഇന്നത്തെ ഓഡിറ്റോറിയം ഉൾപ്പെടെയുള്ള മൂന്നുനില കെട്ടിടത്തിന്റെ പണികൾ പൂർത്തിയാക്കി. കരുവഞ്ചാൽ ഹോസ്പിറ്റൽ ഡയറക്ടർ ആയി സേവനം ചെയ്ത സമയത്ത് പല നിർമ്മാണ പ്രവർത്തനങ്ങളും നടത്തിയിരുന്നു. നമ്മുടെ മൈനർ സെമിനാരി റെക്ടർമാരിൽ എല്ലാ കാലവും ഒട്ടനവധി വൈദികർ അനുസ്മരിക്കുന്ന പേരാണ് ബഹു. കരിനാട്ടച്ചന്റേത്. വൈദിക വിദ്യാർത്ഥികൾക്ക് സമഗ്രമായ പരിശീലനം നല്കുവാൻ കഴിഞ്ഞ റെക്ടർമാരിൽ ഒരാളായിരുന്ന ബഹു. കരിനാട്ടച്ചൻ. കായികരംഗത്തും മറ്റ് കലാരംഗങ്ങളിലുമൊക്കെ ശോഭിച്ച പ്രതിഭയായിരുന്ന അച്ചൻ.

അതിരൂപത കേന്ദ്രത്തിൽ സിഞ്ചെല്ലൂസ് എന്ന നിലയിൽ 8 വർഷ ത്തോളം സേവനം ചെയ്തു. തലശ്ശേരി അതിരൂപതയ്ക്കു ഈശോ നല്കിയ ശ്രേഷ്ഠമായ ഒരു സമ്മാനമാണ് ബഹു. കരിനാട്ടച്ചന്റെ ജീവിതം. അനാരോഗ്യത്തിന്റെ പ്രശ്നങ്ങൾ അച്ചനെ അലട്ടുന്നുണ്ടെങ്കിലും വളരെ ശാന്തതയോടും സന്തോഷത്തോടും കൂടെ കരുവഞ്ചാൽ പ്രീസ്റ്റ്ഹോമിൽ

ബഹു. കരിനാട്ടച്ചൻ വിശ്രമജീവിതം നയിക്കുകയാണ്. പൗരോഹിത്യത്തിന്റെ 5 പതിറ്റാണ്ടുകൾ പൂർത്തിയാക്കുന്ന പ്രിയപ്പെട്ട കരിനാട്ടച്ചന് ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

## 2. ഫാ. മാത്യു പെരുംപള്ളിൽ



പാലാ രൂപതയിലെ വെള്ളിക്കുളം ഇടവകയിൽ പെരുംപള്ളിൽ ദേവസ്യാ - മറിയം ദമ്പതികളുടെ മകനായി 1949 ഒക്ടോബർ 31ന് ബഹു. മാത്യു അച്ചൻ ജനിച്ചു. വീട്ടിലെ ഏകമകനായ മാത്യു അച്ചന് 3 സഹോദരിമാരാണുള്ളത്. രണ്ട് സഹോദരിമാർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. താമരശ്ശേരി രൂപതയിലെ മൈലാളംപാറയിലാണ് ബഹു. മാത്യു അച്ചന്റെ സഹോദരി താമസിക്കുന്നത്. തലശ്ശേരി മൈനർ സെമിനാരിയിൽ പരിശീലനത്തിനുശേഷം ആലുവാ സെന്റ് ജോസഫ്സ് സെമിനാരിയിൽ തത്വശാസ്ത്ര ദൈവശാസ്ത്ര പരിശീലനങ്ങൾ പൂർത്തിയാക്കി. 1973 ഡിസംബർ 20 ന് കുടിയാന്മല പള്ളിയിൽവച്ച് അഭിവന്ദ്യ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. | കോടഞ്ചേരി, പുല്ലൂരാംപാറ | - അസി. വികാരി | 27.04.1974 | - 26.04.1975 |
| 2. | എടൂർ | - അസി. വികാരി | 27.04.1975 | - 01.05.1976 |
| 3. | കളഞ്ച | - വികാരി | 02.05.1976 | - 04.04.1981 |
| 4. | നിർമലഗിരി ഉപ്പിനങ്ങാടി സോഷ്യൽ വർക്ക് സൗത്ത് കാനറ | - ഡയറക്ടർ | 05.04.1981 | - 20.05.1990 |
| 5. | നെല്ലിയാടി | - വികാരി | 20.06.1982 | - 10.05.1986 |
| 6. | തോട്ടത്താടി | - വികാരി | 10.05.1986 | - 14.05.1988 |
| 7. | മുണ്ടാജെ | - വികാരി | 15.05.1988 | - 09.04.1989 |
| 8. | ഷീരാടി, ഉദിന, അഡോല | - വികാരി | 09.04.1989 | - 12.05.1990 |
| 9. | തലശ്ശേരി മൈനർ സെമിനാരി | ആദ്ധ്യാത്മിക പിതാവ് | 13.05.1990 | - 18.05.1997 |
| 10. | തലശ്ശേരി മൈനർ സെമിനാരി | വൈസ് റെക്ടർ | 01.06.1992 | - 18.05.1997 |
| 11 | ഉദയഗിരി | - വികാരി | 18.05.1997 | - 19.05.2001 |
| 12. | അമേരിക്ക, പാസ്റ്ററൽ മിനിസ്ട്രി | (Diocese of Marquitte) | 20.05.2001 | - 30.06.2008 |
| 13 | അമേരിക്ക, പാസ്റ്ററൽ മിനിസ്ട്രി | (Nashville Diocese) | 01.07.2008 | - 13.05.2018 |
| 14. | തൃശൂർ മേരിമാതാ മേജർ സെമിനാരി | ആദ്ധ്യാത്മിക പിതാവ് | 13.05.2018 | |

മൈസൂർ യൂണിവേഴ്സിറ്റിയിൽ നിന്നും ഇംഗ്ലീഷിൽ MA ബിരുദവും അണ്ണാമലൈ യൂണിവേഴ്സിറ്റിയിൽ നിന്നും മനഃശാസ്ത്രത്തിൽ ബിരുദവും സ്വന്തമാക്കിയിട്ടുണ്ട്. 'ഞാൻ ശാന്തശീലനും വിനീത ഹൃദയനുമാകയാൽ നിങ്ങൾ എന്നിൽ നിന്നു പഠിക്കുവിൻ' എന്ന ഈശോയുടെ ആഹ്വാനമാണ് ബഹു. മാത്യു അച്ചനെ കാണുമ്പോൾ ഓർമ്മ വരിക. എളിമയും, വിനയവും നിറഞ്ഞ പെരുമാറ്റ ശൈലികൊണ്ട് ദൈവജനത്തിന്റെ ഹൃദയത്തിൽ ഇടം നേടിയ അജപാലകനാണ് പ്രിയങ്കരനായ മാത്യു അച്ചൻ. മൈനർ സെമിനാരിയിലെ ആത്മീയപിതാവ് എന്ന നിലയിൽ അച്ചൻ ഏറെ സ്തുത്യർഹമായ സേവനമാണ് കാഴ്ചവെച്ചത്. വൈദിക വിദ്യാർത്ഥികൾക്ക് ആത്മീയ ഉപദേശം നല്കുക മാത്രമല്ല അവരുടെ ഒപ്പം നടന്ന് അവരെ പൗരോഹിത്യബോധ്യങ്ങളിൽ വളർത്തുകയും ചെയ്യുന്ന ശൈലി മാത്യു അച്ചനുണ്ടായിരുന്നു. അച്ചൻ ആത്മീയ പിതാവായിരുന്ന കാലഘട്ടത്തിൽ വൈദിക വിദ്യാർത്ഥികളായിരുന്ന ഒട്ടനവധിപേർ പിന്നീട് വൈദികരായ ശേഷം തങ്ങളുടെ ദൈവവിളി ഉറപ്പിക്കുന്നതിൽ മാത്യു അച്ചൻ വഹിച്ച പങ്ക് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. വൈദികവിദ്യാർത്ഥികൾക്ക് പ്രഭാതധ്യാനത്തിന്റെ പുതിയ രീതികൾ പരിശീലിപ്പിക്കുവാനും ഇംഗ്ലീഷ് ഭാഷാ ഏറ്റവും ഭംഗിയായി പഠിപ്പിക്കാനും ബഹു. മാത്യു അച്ചനു കഴിഞ്ഞു. നന്നായി പാടുകയും വയലിൻ വായിക്കു കയും ചെയ്യുന്ന ബഹുമുഖപ്രതിഭയാണച്ചൻ. തലശ്ശേരി അതിരൂപതയ്ക്കു ഈശോ നല്കിയ സമ്മാനമാണ് ബഹു. മാത്യു പെരുമ്പള്ളിൽ അച്ചൻ. മേരിമാതാ സെമിനാരിയിൽ ആധ്യാത്മിക പിതാവായി ഇപ്പോഴും കർമ്മ നിരതനായിരിക്കുന്ന, ബഹു. മാത്യു അച്ചന് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

## രജത ജൂബിലി

### 1. ഫാ. ജോർജ് (ഷാജി) ആശാരിക്കുന്നേൽ



തലശ്ശേരി അതിരൂപതയിലെ തേർമല ഇടവകയിൽ ആശാരികുന്നേൽ തോമസ് - ഫിലോമിന ദമ്പതികളുടെ മകനായി 1972 ആഗസ്റ്റ് 31 ന് ബഹു. ജോർജച്ചൻ ജനിച്ചു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനു ശേഷം വടവാതൂർ മേജർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1999 മെയ് 03 ന് മുണ്ടാനൂർ പള്ളിയിൽവച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു. മൂന്നു സഹോദരന്മാരും രണ്ടു സഹോദരിമാരുമാണ് ബഹു. ജോർജച്ചനുള്ളത്. അച്ചന്റെ സഹോദര ന്മാരിൽ ഒരാൾ വൈദികനും സഹോദരിമാർ രണ്ടുപേരും സന്യസ്തരുമാണ്. അച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ കള്ളാർ ഇടവകയിലാണ് താമസിക്കുന്നത്.

| | | | | |
|---|---|---|---|---|
| 1. | ഉദയഗിരി | - അസി. വികാരി | 16.05.1999 | - 20.05.2000 |
| 2. | എടൂർ | - അസി. വികാരി | 21.05.2000 | - 19.05.2001 |
| 3. | ബിരികുളം, നെല്ലിയടുക്കം | - വികാരി | 20.05.2001 | - 22.05.2004 |
| 4. | നെല്ലിയാടി | - വികാരി | 23.05.2004 | - 14.05.2008 |
| 5. | സിദ്ധാപുര | - വികാരി | 15.05.2008 | - 14.05.2010 |
| 6. | കാവുംതല | - വികാരി | 16.05.2010 | - 18.05.2013 |
| 7. | ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ബർസാർ | | 19.05.2013 | - 27.06.2020 |
| 8. | മാട്ടറ | - വികാരി | 28.06.2020 | - 14.05.2023 |
| 9. | എടക്കാനം | - വികാരി & കുന്നോത്ത് എസ്റ്റേറ്റ് മാനേജർ | 14.05.2023 | |

കഠിനാദ്ധ്വാനം ജീവിതചര്യയാക്കിയ വ്യക്തിയാണ് ബഹു. ജോർജച്ചൻ. ശാന്തമായ പെരുമാറ്റവും ലളിതമായ ജീവിതവും ജോർജച്ചൻ സ്വന്തമാക്കിയ പുരോഹിത പുണ്യങ്ങളാണ്. നല്ലിടയനായ ഈശോയുടെ സാമീപ്യം അച്ചനിലൂടെ ദൈവജനം അനുഭവിച്ചിരുന്നു. കാവുംതലയിലെ സുന്ദരമായ ദൈവാലയം, ബിരിക്കുളം ഇടവകയിലെ വൈദികമന്ദിരം, പാരിഷ്ഹാൾ എന്നിങ്ങനെ ഒട്ടനവധി നിർമാണപ്രവർത്തനങ്ങൾക്ക് അച്ചൻ നേതൃത്വം നല്കി. ഇല്ലായ്മകൾക്കു നടുവിലും ദൈവജനത്തെ ഒരുമിച്ച് ചേർത്ത് അച്ചൻ നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായിരുന്നു ഈ നിർമ്മാണപ്രവർത്തനങ്ങൾ. ചെമ്പേരി എഞ്ചിനീയറിംഗ് കോളേജിൽ ബർസാർ എന്ന നിലയിൽ ശ്രേഷ്ഠമായ ശുശ്രൂഷയാണ് അച്ചൻ നല്കിയത്. ഒരു അനാവശ്യ ചിലവുകളും ഉണ്ടാകാതെ കാര്യങ്ങൾ ചെയ്യാനുള്ള പ്രത്യേക കഴിവ് അച്ചനുണ്ട്. ഒരു മിനിറ്റുപോലും പാഴാക്കാതെ എപ്പോഴും കർമ്മനിരതനായിരിക്കുന്ന വ്യക്തിത്വമാണ് അച്ചന്റേത്. മാട്ടറ ഇടവകയിൽ കോവിഡ് കാലത്ത് പള്ളിപ്പറമ്പിൽ അച്ചൻ നടത്തിയ കൃഷിപണികൾ ഏവരും ശ്രദ്ധിച്ചതാണ്. കുന്നോത്തുള്ള നമ്മുടെ എസ്റ്റേറ്റിന്റെ ഉത്തരവാദിത്വവും അഭിവന്ദ്യ ഞറളക്കാട്ട് പിതാവ് താമസിക്കുന്ന റീജണൽ ബിഷപ്സ് ഹൗസിന്റെ മേല്നോട്ടവും ബഹു. ജോർജച്ചൻ നിർവഹിച്ചു കൊണ്ടിരിക്കുന്നു. രണ്ടരപതിറ്റാണ്ടു നീണ്ട അങ്ങയുടെ പുരോഹിത ജീവിതം തലശ്ശേരി അതിരൂപതയ്ക്ക് ധാരാളം നന്മകൾ സമ്മാനിച്ചു. ബഹു. ജോർജച്ചന് സിൽവർ ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

## 2. ഫാ. സെബാസ്റ്റ്യൻ (ബിജു) അമ്മിയാനിക്കൽ

തലശ്ശേരി അതിരൂപതയിൽ മാലോം ഇടവകയിൽ അമ്മിയാനിക്കൽ മാത്യു-റോസക്കുട്ടി ദമ്പതികളുടെ മകനായി 1972 മെയ് 18 ന് ബഹു. അമ്മി



യാനിക്കൽ അച്ചൻ ജനിച്ചു. രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണ് അച്ചനുള്ളത്. ഏകസഹോദരി എഫ്.സി.സി. സന്യാസിനിസമൂഹാംഗമാണ്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ നിന്നും വൈദികപരിശീലനം പൂർത്തിയാക്കി. 1999 ജനുവരി 02 ന് മാലോം ഇടവകയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. | ഷീരാടി | - അസി. വികാരി | 07.02.1999 | - 05.02.2000 |
| 2. | മേരിഗിരി | - അസി. വികാരി | 06.02.2000 | - 03.02.2001 |
| 3. | ചാവറഗിരി | - വികാരി | 04.02.2001 | - 22.05.2004 |
| 4. | ബാലേശുഗിരി | - വികാരി | 23.05.2004 | - 12.05.2007 |
| 5. | കാഞ്ഞിരടുക്കം | - വികാരി | 13.05.2007 | - 15.05.2010 |
| 6. | വിമലഗിരി (പരപ്പ) | | 16.05.2010 | - 11.11. 2010 |
| 7. | സൗദി അറേബ്യ | - പാസ്റ്ററൽ വർക്ക് | 12.11. 2010 | - 15.12. 2011 |
| 8. | ഓസ്ട്രിയ | - പാസ്റ്ററൽ വർക്ക് | 02.02.2012 | |

വളരെ നിഷ്കളങ്കമായ പെരുമാറ്റരീതിയാണ് ബഹു. അമ്മിയാനിക്കൽ അച്ചന്റേത്. ആത്മാർത്ഥത മുഖമുദ്രയാക്കി തന്റെ പ്രവർത്തനമേഖലകളിലെല്ലാം സ്തുത്യർഹമായ സേവനം നല്കുവാൻ അച്ചന് കഴിഞ്ഞു. ജനഹൃദയങ്ങളെ സ്വാധീനിക്കും വിധം വചനപ്രഘോഷണം നടത്തുവാൻ കഴിഞ്ഞിരുന്ന നല്ലൊരു ധ്യാനഗുരുവായിരുന്നു അച്ചൻ. താൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെല്ലാം ദൈവജനത്തിനുവേണ്ടി ജീവിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. സൗദി അറേബ്യയിലെ ഒരു വർഷത്തെ അജപാലന പ്രവർത്തനങ്ങൾ വെല്ലുവിളി നിറഞ്ഞതായിരുന്നു. അച്ചൻ ധൈര്യപൂർവ്വം അത് നിർവഹിച്ചു. ഓസ്ട്രിയായിൽ അജപാലന പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ബഹു. അമ്മിയാനിക്കൽ അച്ചൻ അവിടെയും ഏവർക്കും പ്രിയങ്കരനാണ്. വികാരിയായി ഓസ്ട്രിയായിലെ സാൻപോൾട്ടൺ രൂപതയിൽ സേവനം ചെയ്യുന്ന ബഹു. അമ്മിയാനിയച്ചന്റെ സേവനം നമ്മുടെ അതിരൂപതയ്ക്കു വലിയ സഹായകരമാകുന്നുണ്ട്. പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന പ്രിയപ്പെട്ട അമ്മിയാനിക്കൽ അച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ.

### 3. ഫാ. ജോൺസൺ കോവൂർപുത്തൻപുരയിൽ

തലശ്ശേരി അതിരൂപതയിലെ ചെറുപാറ ഇടവകയിൽ കോവൂർപുത്തൻ പുരയിൽ സേവ്യർ - മേരി ദമ്പതികളുടെ മകനായി 1969 ജൂൺ 11 ന് ബഹു.



ജോൺസനച്ചൻ ജനിച്ചു. അച്ചന് രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. സഹോദരന്മാരിൽ ഒരാൾ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ഏക സഹോദരി സി.എം.സി. സന്യാസസമൂഹത്തിലെ സന്യാസിനി യാണ്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലന ത്തിനു ശേഷം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 30 ന് ചെറുപാറയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ബഹു. ജോൺസനച്ചന്റെ കുടുംബാംഗങ്ങൾ ഇപ്പോൾ കോടോപ്പള്ളി ഇടവകയിലാണ് താമസിക്കുന്നത്.

| | | | | | |
|---|---|---|---|---|---|
| 1. | ഭീമനടി | – അസി. വികാരി | 07.02.1999 | – | 05.02.2000 |
| 2. | കിളിയന്തറ | – അസി. വികാരി | 06.02.2000 | – | 20.05.2001 |
| 3. | അറബി | – വികാരി | 21.05.2000 | – | 21.05.2005 |
| 4. | ഉപരിപഠനം | – ബാംഗ്ലൂർ | 21.05.2005 | – | 17.05.2008 |
| 5. | അഡ്ജുറ്റെന്റ് | ജൂഡീഷൽ വികാർ | 18.05.2008 | – | 21.12.2008 |
| 6. | ജൂഡീഷൽ വികാർ | തലശ്ശേരി | 22.12.2008 | – | 12.05.2012 |
| 7. | ഉപരിപഠനം | റോം | 13.05.2012 | – | 01.10.2016 |
| 8. | ജൂഡീഷൽ വികാർ | തലശ്ശേരി | 01.10.2016 | – | 30.10.2023 |
| 9. | ജൂഡീഷൽ വികാർ | ചിക്കാഗോ | 01.11.2023 | | |

സഭാനിയമത്തിലാണ് ബഹു. ജോൺസനച്ചൻ ഉപരിപഠനം നടത്തിയത്. നമ്മുടെ അതിരൂപതയ്ക്കു ലഭിച്ച മാണിക്യമാണ് ബഹു. ജോൺസനച്ചൻ. ലാളിത്യത്തിന്റെയും ജീവിതവിശുദ്ധിയുടെയും ആത്മാർത്ഥതയുടെയും കൃത്യതയുടെയും ആൾരൂപമാണ് അച്ചൻ. രണ്ടു പ്രാവശ്യം ജൂഡീഷ്യൽ വികാരിയായി ബഹു. ജോൺസനച്ചൻ ശുശ്രൂഷ ചെയ്തു. നലംതികഞ്ഞ കാനൻനിയമ പണ്ഡിതനാണ് ജോൺസനച്ചൻ. ഇത്രത്തോളം ശാന്തതയിലും സൗമ്യതയിലും മറ്റുള്ളവരോട് പെരുമാറാനാവുമോ എന്ന് നമ്മെ ചിന്തിപ്പിക്കുന്ന രീതികളാണ് ബഹു. ജോൺസനച്ചന്റേത്. സീറോ മലബാർ സഭയിൽ ഇത്രത്തോളം വിവാഹകേസുകൾക്ക് തീർപ്പുണ്ടാക്കിയ ഒരു ജൂഡീഷ്യൽ വികാരി ഉണ്ടാകില്ല. ഇതിനോടകം അറുനൂറോളം വിവാഹകേസുകളുടെ ജഡ്ജുമെന്റുകൾ ബഹു. ജോൺസനച്ചൻ തയ്യാറാക്കിയിട്ടുണ്ട്. ആളുകളുടെ അടുക്കലേക്കുപോയി കേസുമായി ബന്ധപ്പെട്ട വിവരങ്ങൾ ശേഖരിക്കാൻ പോലും ബഹു. ജോൺസനച്ചൻ തയ്യാറായിട്ടുണ്ട്. നമ്മുടെ അതിരൂപത മുഴുവൻ സഞ്ചരിച്ച് വൈദികരോട് ഗാഢമായ ബന്ധം പുലർത്തി ജീവിച്ച ബഹു. ജോൺസനച്ചൻ ഒരു വൈദികൻ എപ്രകാരമായിരിക്കണ മെന്നതിന്റെ മാതൃകയാണ്. സമയനിഷ്ഠയും പ്രാർത്ഥനാജീവിതത്തിലെ

ആഴവും അച്ചനെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കുന്നു. അറബി ഇടവകയിലെ ശുശ്രൂഷാനാളുകളിൽ മനോഹരമായ പള്ളിമുറി പണികഴിച്ചു. ദൈവജനത്തിന്റെ ഹൃദയത്തിൽ ചിരപ്രതിഷ്ഠ നേടിയ ഇടയനാണ് ബഹു. ജോൺസനച്ചൻ. ചിക്കാഗോ രൂപതയിലെ കോടതി സംവിധാനങ്ങൾ ക്രമീകരിക്കുവാൻ ജോൺസനച്ചൻ നിയമിതനായിരിക്കുകയാണ്. രജത പതിറ്റാണ്ട് പൗരോഹിത്യത്തിൽ പൂർത്തിയാക്കുന്ന പ്രിയങ്കരനായ ജോൺസനച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ.

### 4. ഫാ. ജോൺ (ജിജി) മുണ്ടോളിക്കൽ



തലശ്ശേരി അതിരൂപതയിലെ പുലിക്കുരുമ്പ ഇടവകയിൽ മുണ്ടോളിക്കൽ ജോസഫ് - ത്രേസ്യ ദമ്പതികളുടെ മകനായി 1972 ഒക്ടോബർ 07 ന് ബഹു. ജോണച്ചൻ ജനിച്ചു. മൂന്ന് സഹോദരന്മാരും രണ്ട് സഹോദരിമാരുമാണ് അച്ചനുള്ളത്. സഹോദരിമാരിൽ ഒരാൾ തിരുഹൃദയസഭയിൽ സന്യാസിനിയാണ്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനു ശേഷം വടവാതൂർ സെമിനാരിയിൽ നിന്നും വൈദിക പരിശീ ലനം പൂർത്തിയാക്കി. 1998 ഡിസംബർ 29 ന് പുലിക്കുരുമ്പയിൽ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽനിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | കിളിയന്തറ | - അസി. വികാരി | 07.02.1999 | - | 05.02.2000 |
| 2. | തളിപ്പറമ്പ | - അസി. വികാരി | 06.02.2000 | - | 03.02.2001 |
| 3. | പേരാവൂർ | - അസി. വികാരി | 04.02.2001 | - | 19.05.2001 |
| 4. | ആടാംപാറ | - വികാരി | 20.05.2001 | - | 22.05.2004 |
| 5. | കാലിച്ചാനടുക്കം, ചായ്യോത്ത് | - വികാരി | 23.05.2004 | - | 12.05.2007 |
| 6. | രാജഗിരി | - വികാരി | 13.05.2007 | - | 23.05.2009 |
| 7. | പാസ്റ്ററൽ മിനിസ്ട്രി | - ജർമ്മനി | 27.01.2010 | - | 26.06.2020 |
| 8. | തലശ്ശേരി മൈനർ സെമിനാരി | ആത്മീയപിതാവ് | 28.06.2020 | | |

ആത്മീയ ചൈതന്യം നിറഞ്ഞുനില്ക്കുന്ന വ്യക്തിത്വമാണ് ബഹു. ജോണച്ചന്റേത്. കണ്ടുമുട്ടുന്നവരെല്ലാം ബഹു. ജോണച്ചനിൽ എളിമയും നിർമ്മലതയും ശാന്തതയും ആവോളം ദർശിച്ചിരുന്നു. തന്റെ ശുശ്രൂഷാ മേഖലകളിലെല്ലാം നല്ലിടയന്റെ സ്നേഹവും കരുണയും നല്കുവാൻ ബഹു. ജോണച്ചനു കഴിയുന്നുണ്ട്. സംതൃപ്തനായി എല്ലാ സമയവും ജീവിക്കാനുള്ള പ്രത്യേക സിദ്ധി ദൈവം ബഹു. ജോണച്ചനു നല്കിയിട്ടുണ്ട്. ജർമ്മനിയിൽ പത്തുവർഷത്തോളം അച്ചൻ ശുശ്രൂഷ ചെയ്തു. രാജഗിരി ദൈവാലയനിർമ്മാണത്തിൽ ബഹു. ജോണച്ചൻ പങ്കാളിയായിട്ടുണ്ട്. നമ്മുടെ

മൈനർ സെമിനാരിയിൽ ആദ്ധ്യാത്മിക പിതാവ് എന്ന നിലയിൽ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷയാണ് അച്ചൻ നിർവഹിച്ചുകൊണ്ടിരിക്കുന്നത്. ഈ കാലഘട്ടത്തിലെ കുട്ടികളെ ദൈവവിളിയിൽ ഉറപ്പിക്കുകയും അവർക്ക് പൗരോഹിത്യജീവിതത്തെക്കുറിച്ചുള്ള ബോധ്യങ്ങൾ നല്കുകയും ചെയ്യുക എന്നുള്ളത് വൈദിക പരിശീലനത്തിന്റെ ഏറ്റവും കഠിനമായ ദൗത്യമാണ്. ഈ ഭാരിച്ച ഉത്തരവാദിത്വം ഏറ്റവും വിജയകരമായി നിർവഹിക്കുവാൻ ബഹു. ജോണച്ചനു കഴിയുന്നുണ്ട്. പൗരോഹിത്യത്തിൽ 25 വർഷങ്ങൾ പിന്നിടുന്ന അച്ചന്റെ ജീവിതം എല്ലാവർക്കും മാതൃകയാണ്. നിത്യപുരോഹിതൻ അച്ചനെ ധാരാളമായി അനുഗ്രഹിക്കട്ടെ. ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

## 5. ഫാ. സെബാസ്റ്റ്യൻ (സാഫി) പൗവ്വത്ത്



തലശ്ശേരി അതിരൂപതയിൽ എടൂർ ഇടവകയിൽ പവ്വത്ത് ചെറിയാൻ - കുഞ്ഞന്നം ദമ്പതികളുടെ മകനായി 1972 ജൂൺ 22 ന് ബഹു. പൗവ്വത്ത് അച്ചൻ ജനിച്ചു. അച്ചന് രണ്ട് സഹോദരന്മാരും ഒരു സഹോദരിയുമാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം ആലുവാ മംഗലപ്പുഴ സെമിനാരിയിൽ നിന്നും വൈദിക പരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 28ന് എടൂർ വച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | മേരിഗിരി | - അസി. വികാരി | 07.02.1999 - 05.02.2000 |
| 2. | ചെറുപുഴ | - അസി. വികാരി | 06.02.2000 - 03.02.2001 |
| 3. | അരവഞ്ചാൽ | - വികാരി | 04.02.2001 - 19.05.2002 |
| 4. | വിജയപുരം-തുരുമ്പി | - വികാരി | 19.05.2002 - 21.05.2005 |
| 5. | കാര്യപ്പള്ളി, വെള്ളരിയാനം | - വികാരി | 22.05.2005 - 17.05.2008 |
| 6. | അറബി | - വികാരി | 18.05.2008 - 23.05.2009 |
| 7. | പാസ്റ്ററൽ മിനിസ്ട്രി | - ജർമ്മനി | 26.01.2010 |

ശുശ്രൂഷാ മേഖലകളിലെല്ലാം നല്ലിടയനായ ഈശോയെ പ്രതിഫലിപ്പിക്കുവാൻ കഴിഞ്ഞ വ്യക്തിത്വമാണ് ബഹു. പൗവ്വത്തച്ചന്റേത്. എല്ലാവരോടും ഹൃദ്യമായി ഇടപഴകാനും സൗഹൃദം സൂക്ഷിക്കുവാനും പ്രത്യേകമായൊരു സിദ്ധി അച്ചന് ലഭിച്ചിട്ടുണ്ട്. അച്ചൻ ശുശ്രൂഷ ചെയ്ത ഇടവകകളിലെല്ലാം ദൈവജനത്തിനും നാടിനും ഉപകരിക്കുന്ന ഒട്ടനവധി അജപാലനപദ്ധതികൾ നടപ്പിലാക്കി. വൈദികർക്കിടയിൽ എല്ലാവരോടും ആഴത്തിൽ ബന്ധം സ്ഥാപിക്കുവാൻ അച്ചന് സാധിച്ചിട്ടുണ്ട്. ജർമ്മനിയിലെ ശുശ്രൂഷയിലൂടെ

നമ്മുടെ അതിരൂപതയ്ക്കു ഉപകരിക്കുന്ന പല പദ്ധതികളും ആരംഭിക്കുവാനും നടപ്പിലാക്കുവാനും ബഹു. പൗവ്വത്തച്ചൻ പരിശ്രമിക്കുന്നുണ്ട്. പൗരോഹിത്യ സ്വീകരണത്തിന്റെ രണ്ടര പതിറ്റാണ്ട് പൂർത്തിയാക്കുന്ന പ്രിയപ്പെട്ട സെബാസ്റ്റ്യൻ അച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ.

## 6. ഫാ. സേവ്യർ പുത്തൻപുരയ്ക്കൽ



മാനന്തവാടി രൂപതയിലെ സുൽത്താൻ ബത്തേരി ഇടവകയിൽ പുത്തൻപുരയ്ക്കൽ വർഗ്ഗീസ് - റോസമ്മ ദമ്പതികളുടെ മകനായി 1969 മെയ് 29 ന് ബഹു. സേവ്യർ അച്ചൻ ജനിച്ചു. അഞ്ച് സഹോദരന്മാരും മൂന്ന് സഹോദരിമാരുമാണ് സേവ്യറച്ചനുള്ളത്. മാനന്തവാടി രൂപതയിലെ ബത്തേരിയിലും ഇടുക്കിയിലെ രാജാക്കാടുമാണ് അച്ചന്റെ സഹോദരങ്ങൾ ഇപ്പോൾ താമസിക്കുന്നത്. അച്ചന്റെ മാതാപിതാക്കൾ രണ്ടുപേരും നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. ജഗദൽപൂർ മൈനർ സെമിനാരിയിലെ പരിശീലനത്തിനു ശേഷം ബാംഗ്ലൂർ ധർമ്മാരാമിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 31 ന് രാജാക്കാട് ക്രിസ്തുരാജ ഫൊറോനാപള്ളിയിൽ വച്ച് അഭിവന്ദ്യ സൈമൺ സ്റ്റോക്ക് പാലാത്തറ പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. സി.എം.ഐ ജഗദൽപൂർ പ്രൊവിൻസിൽ വൈദിക നായാണ് സേവ്യർ അച്ചൻ ശുശ്രൂഷ ആരംഭിച്ചത്. 1999 ഫെബ്രുവരി 12 ന് പാത്തൻപാറയിൽ അജപാലന ശുശ്രൂഷയ്ക്ക് എത്തുകയും പിന്നീട് നമ്മുടെ അതിരൂപത യിൽ അംഗമായി ചേരുകയും ചെയ്തു. തലശ്ശേരി അതിരൂപതയ്ക്കു ലഭിച്ച സമ്മാനമായിരുന്ന സേവ്യറച്ചനാണെന്ന് അച്ചന്റെ അജപാലനപ്രവർത്തനങ്ങൾ തെളിയിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | പാത്തൻപാറ | - അസി. വികാരി | 12.02.1999 | - | 08.06.1999 |
| 2. | ചന്ദനക്കാംപാറ | - അസി. വികാരി | 09.06.1999 | - | 20.05.2000 |
| 3. | കാവുംതല | - വികാരി | 21.05.2000 | - | 22.05.2004 |
| 4. | കാഞ്ഞിക്കൊല്ലി | - വികാരി | 23.05.2004 | - | 12.05.2007 |
| 5. | കല്ലുമുതിരക്കുന്ന് | - വികാരി | 13.05.2007 | - | 14.05.2011 |
| 6. | ചീക്കാട് | - വികാരി | 15.05.2011 | - | 12.05.2012 |
| 7. | പരിയാരം | - വികാരി | 13.05.2012 | - | 18.05.2013 |
| 8. | പാത്തൻപാറ | - വികാരി | 19.05.2013 | - | 16.05.2015 |
| 9. | കണ്ണിവയൽ | - വികാരി | 17.05.2015 | - | 13.05.2018 |
| 10. | കൊട്ടോടി | - വികാരി | 13.05.2018 | - | 11.05.2019 |
| 11. | ആര്യപറമ്പ | - വികാരി | 12.05.2019 | - | 27.06.2020 |
| 12. | ശ്രീകണ്ഠപുരം, കോട്ടൂർവയൽ | - വികാരി | 28.06.2020 | | |

കഠിനാദ്ധ്വാനം ബഹു. സേവ്യറച്ചന്റെ ശൈലിയാണ്. കാഞ്ഞിര ക്കൊല്ലിയിൽ സ്കൂൾ കെട്ടിടനിർമ്മാണം പൂർത്തിയാക്കി. കല്ലുമുതിരക്കുന്നിൽ മനോഹരമായ ദൈവാലയവും വൈദികമന്ദിരവും സിമിത്തേരിയും അച്ചൻ പണികഴിച്ചു. കല്ലുമുതിരക്കുന്ന് ഇടവകയുടെ സുവർണ്ണ കാലഘട്ടമായാണ് ബഹു. സേവ്യറച്ചന്റെ ശുശ്രൂഷാസമയം കണക്കാക്കപ്പെടുന്നത്. ഇടവക യ്ക്ക് ഉറച്ച അടിത്തറയിടാനും ദൈവാലയവും മറ്റ് സംവിധാനങ്ങളും ഒരുക്കുവാനും അച്ചനു കഴിഞ്ഞു. ധാരാളം ആളുകൾ മറ്റ് ഇടവകകളിൽ നിന്നുപോലും ബഹു. സേവ്യറച്ചനെ കാണാൻ വരാറുണ്ട്. ആത്മീയമായ ഒട്ടനവധി സിദ്ധികൾ നല്കി അച്ചനെ ദൈവം അനുഗ്രഹിച്ചിട്ടുണ്ട്. കണ്ണിവ യൽ ഇടവകയിൽ മനോഹരമായ പള്ളിമുറി സേവ്യറച്ചൻ പണികഴിച്ചു. നല്ലൊരു വചനപ്രഘോഷകനും ധ്യാനഗുരുവുമാണ് ബഹു. സേവ്യറച്ചൻ. ദൈവജനത്തിന്റെ ഹൃദയത്തിലിടം നേടുവാനും കരുണാമയനായ ഈശോയുടെ സ്നേഹം ആവോളം ജനത്തിന് നല്കുവാനും ഇനിയും അച്ചനു കഴിയട്ടെ എന്നാശംസിക്കുന്നു. ശ്രീകണ്ഠാപുരം ഇടവകയിൽ സ്തുത്യർഹമായ സേവനമാണ് അച്ചൻ കാഴ്ചവയ്ക്കുന്നത്. ശ്രീകണ്ഠാപുര ത്തെ സിമിത്തേരി മനേഹരമായി ക്രമീകരിക്കുവാൻ അച്ചനു സാധിച്ചു. പൗരോഹിത്യത്തിൽ 25 വർഷങ്ങൾ പൂർത്തിയാക്കുന്ന ബഹു. സേവ്യറച്ചന് ജൂബിലിയുടെ മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

### 7. ഫാ. മാത്യു ശാസ്താംപടവിൽ



തലശ്ശേരി അതിരൂപതയിലെ വെള്ളാട് ഇടവകയിൽ ശാസ്താംപടവിൽ സ്കറിയ – ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1973 ജൂൺ 08 ന് ബഹു. മാത്യു അച്ചൻ ജനിച്ചു. രണ്ടു സഹോദരന്മാരും നാല് സഹോദരിമാരുമാണ് മാത്യു അച്ചനുള്ളത്. സഹോദരിമാരിൽ രണ്ടുപേർ സമർപ്പിത ജീവിതം നയിക്കുന്നവരാണ്. തലശ്ശേരി മൈനർ സെമി നാരിയിലെ പരിശീലനത്തിനുശേഷം ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 29 ന് അഭിവന്ദ്യ വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. അൽഫോൻസാഗിരി (തേർമല) യിലാണ് മാത്യു അച്ചന്റെ കുടുംബാംഗങ്ങൾ താമസിക്കുന്നത്.

| | | | | | |
|---|---|---|---|---|---|
| 1. | തേർമല | - അസി. വികാരി | 07.02.1999 | - | 16.05.1999 |
| 2. | പാലാവയൽ | - അസി. വികാരി | 16.05.1999 | - | 20.05.2000 |
| 3. | ചെമ്പന്തൊട്ടി | - അസി. വികാരി | 21.05.2000 | - | 20.05.2001 |
| 4. | ചൂരപ്പടവ് | - വികാരി | 21.05.2001 | - | 22.05.2004 |
| 5. | ചുള്ളി | - വികാരി | 23.05.2004 | - | 12.05.2007 |

| | | | |
|---|---|---|---|
| 6. | റോം | ഉപരിപഠനം | 13.05.2007 – 13.02.2010 |
| 7. | കോളയാട് | – വികാരി | 14.02.2010 – 12.05.2012 |
| 8. | സാൻജോസ് മെട്രോപോളിറ്റൻ സ്കൂൾ മാനേജർ | | 13.05.2012 – 11.05.2019 |
| 9. | കോർപ്പറേറ്റ് എജ്യൂക്കേഷൻ ഏജൻസി മാനേജർ | | 12.05.2019 |

റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്ന് ധാർമ്മിക ദൈവശാസ്ത്രത്തിൽ Licentiate ബഹു. മാത്യു അച്ചൻ സ്വന്തമാക്കി. മധുര കാമരാജ് യൂണിവേഴ്സിറ്റിയിൽനിന്നും Sociology-യിൽ ബിരുദാന്തരബിരുദവും ബാംഗ്ലൂർ യൂണിവേഴ്സിറ്റിയിൽനിന്നും B.Ed. ബിരുദവും നേടി. ചൂരപ്പടവിൽ വികാരിയായിരുന്ന സമയത്ത് കൊട്ടത്തലച്ചിയിൽ തീർത്ഥാടനകേന്ദ്രമാക്കുവാനുള്ള നിർമ്മാണപ്രവർത്തനങ്ങൾ നടത്തി. ചുള്ളിയിൽ വികാരിയായിരുന്ന സമയത്ത് മനോഹരമായ പള്ളിമുറിയുടെ പണികൾ പൂർത്തിയാക്കി. ഏവർക്കും ഇഷ്ടം തോന്നുന്ന വിശിഷ്ടമായ വ്യക്തിത്വത്തിനുടമയാണ് ബഹു. മാത്യു അച്ചൻ. മാന്യമായ പെരുമാറ്റവും ശാന്തതയും കൃത്യമായി കാര്യങ്ങൾ ചെയ്യുന്ന രീതിയും ബഹു. മാത്യു അച്ചന്റെ പ്രത്യേകതയാണ്. തലശ്ശേരി സാൻജോസ് മെട്രോപോളിറ്റൻ സ്കൂളിന്റെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ച വ്യക്തിയാണ് അച്ചൻ. കോർപ്പറേറ്റ് മാനേജർ എന്ന നിലയിൽ അച്ചന്റെ ശുശ്രൂഷകൾ പകരം വയ്ക്കാനാവാത്തതാണ്. വളരെ ഉത്തരവാദിത്വപ്പെട്ട കോർപ്പറേറ്റ് മാനേജർ എന്ന സ്ഥാനം ഏറ്റവും കൃത്യമായും നീതിപൂർവ്വമായും നിർവ്വഹിക്കുവാൻ അച്ചനു കഴിയുന്നുണ്ട്. തലശ്ശേരി അതിരൂപതക്കു ലഭിച്ച സമ്മാനമാണ് ബഹു. ശാസ്താംപടവിൽ അച്ചന്റെ ജീവിതം. രണ്ടര പതിറ്റാണ്ട് പൗരോഹിത്യത്തിൽ പൂർത്തിയാക്കുന്ന പ്രിയപ്പെട്ട മാത്യു അച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ.

## 8. ഫാ. മാത്യു (ഷാജി) തെക്കേമുറിയിൽ



തലശ്ശേരി അതിരൂപതയിലെ ശാന്തിനഗർ ഇടവകയിൽ തെക്കേമുറിയിൽ ഫിലിപ്പ് - ത്രേസ്യാമ്മ ദമ്പതികളുടെ മകനായി 1969 മെയ് 09 ന് ബഹു. ഷാജി അച്ചൻ ജനിച്ചു. അച്ചന് മൂന്ന് സഹോദരന്മാരാണുള്ളത്. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം വടവാതൂർ സെമിനാരിയിൽ നിന്നും വൈദികപരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 28 ന് ശാന്തിനഗർ ഇടവകയിൽവച്ച് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | |
|---|---|---|---|
| 1. | തോമാപുരം | - അസി. വികാരി | 05.02.1999 - 05.02.2000 |
| 2. | ചെമ്പേരി | - അസി. വികാരി | 05.02.2000 - 04.02.2001 |
| 3. | പുന്നക്കുന്ന്, ആനമഞ്ഞൾ | - വികാരി | 04.02.2001 - 10.05.2003 |
| 4. | ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് | | 11.05.2003 - 17.05.2008 |
| 5. | പരപ്പ | - വികാരി | 14.05.2006 - 17.05.2008 |
| 6. | Fourth Year Formator | | 18.05.2008 - 23.05.2009 |
| 7. | ബാംഗ്ലൂർ | - ഉപരിപഠനം | 24.05.2009 - 14.05.2011 |
| 8. | ആദ്ധ്യാത്മികപിതാവ് - മൈനർ സെമിനാരി | | 15.05.2011 - 12.05.2012 |
| 9. | റെക്ടർ - മൈനർ സെമിനാരി, കത്തീഡ്രൽ വികാരി | | 13.05.2012 - 13.05.2018 |
| 10. | നിർമ്മലഗിരി | - വികാരി & കോളേജ് ബർസാർ | 13.05.2018 |

പുന്നക്കുന്ന് ഇടവകയിൽ പള്ളിക്കുവേണ്ടി 2 ഏക്കർ സ്ഥലം വാങ്ങി. ആനമഞ്ഞൾ ഇടവകയിൽ സിമിത്തേരി നിർമ്മാണം നടത്തി. പരപ്പ ഇടവകയിൽ വികാരിയായിരുന്ന സമയത്ത് പള്ളിയുടെ വെള്ളത്തിന്റെ പ്രശ്നം പരിഹരിച്ചു. മൈനർ സെമിനാരിയിൽ റെക്ടർ ആയിരുന്ന സമയത്ത് സെമിനാരിയുടെ നവീകരണ പ്രവർത്തനങ്ങൾ ഏറ്റവും മനോഹരമായി പൂർത്തിയാക്കി. കഠിനാധ്വാനവും തീഷ്ണതയും ഷാജി അച്ചന്റെ മുഖമുദ്രയാണ്. ഊർജ്ജസ്വലതയോടെ ബഹു. ഷാജി അച്ചൻ തന്നെ ഏല്പിച്ച ഉത്തരവാദിത്യങ്ങൾ പൂർത്തിയാക്കുന്നത് എല്ലാവരും ശ്രദ്ധിച്ച കാര്യമാണ്. വൈദികപരിശീലനരംഗത്ത് വലിയ സംഭാവനകൾ അച്ചൻ നല്കി. മൈനർ സെമിനാരിയിലെ ആദ്ധ്യാത്മിക പിതാവ്, റെക്ടർ എന്നീ നിലകളിൽ അച്ചൻ വലിയ വിജയമായിരുന്നു. ധാരാളം വൈദികവിദ്യാർത്ഥികൾക്കു വഴികാട്ടിയായി മാറാൻ അച്ചന് കഴിഞ്ഞു. ഏതു സാഹചര്യങ്ങളെയും തന്മയത്വത്തോടെ കൈകാര്യം ചെയ്യാനുള്ള സിദ്ധി ബഹു. ഷാജി അച്ചൻ സ്വന്തമാക്കിയിട്ടുണ്ട്. ബാംഗ്ലൂർ, ധർമ്മാരാമിൽനിന്നും ഫോർമേറ്റീവ് സ്പിരിച്വാലിറ്റിയിലും കൗൺസിലിംഗിലും ഉപരിപഠനം നടത്തിയത് ഒരു ഫോർമേറ്റർ എന്ന നിലയിൽ ശോഭിക്കുവാൻ ബഹു. തെക്കേമുറിയിലച്ചനെ സഹായിച്ചു. നിർമ്മലഗിരി കോളേജിന്റെ ബർസാർ എന്ന നിലയിൽ സ്തുത്യർഹമായ സേവനമാണ് അച്ചൻ ചെയ്യുന്നത്. നമ്മുടെ കേളേജിന് NAC Acrediation നിൽ $A^{++}$ കരസ്ഥമാക്കുവാൻ കഴിഞ്ഞതിന്റെ പിന്നിൽ അച്ചന്റെ കഠിനാധ്വാനവും ഉണ്ട്. കാര്യപ്രാപ്തിയോടെ ഏല്പിക്കപ്പെടുന്ന ഏതു ഉത്തരവാദിത്വവും

നിർവ്വഹിക്കുന്ന ബഹു. തെക്കേമുറിയിൽ അച്ചന് പൗരോഹിത്യ സ്വീകരണത്തിന്റെ സിൽവർ ജൂബിലി മംഗളങ്ങൾ സ്നേഹത്തോടെ ആശംസിക്കുന്നു.

### 9. ഫാ. തോമസ് (സാജൻ) തെങ്ങുംപള്ളിൽ



തലശ്ശേരി അതിരൂപതയിൽ തോമാപുരം ഇടവകയിൽ തെങ്ങുംപള്ളിൽ വർക്കി - ഏലിക്കുട്ടി ദമ്പതികളുടെ മകനായി 1973 ജൂൺ 20 ന് ബഹു. തെങ്ങുംപള്ളിൽ അച്ചൻ ജനിച്ചു. അച്ചന് ഒരു സഹോദരനും നാല് സഹോദരിമാരുമാണുള്ളത്. മാതാപിതാക്കൾ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. തലശ്ശേരി മൈനർ സെമിനാരിയിലെ പരിശീലനത്തിനുശേഷം വടവാതൂർ മേജർ സെമിനാരിയിൽ വൈദികപരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 31 ന് അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | |
|---|---|---|---|---|
| 1. | പുളിങ്ങോം | - അസി. വികാരി | 02.02.1999 | - 14.05.1999 |
| 2. | ചെമ്പന്തൊട്ടി | - അസി. വികാരി | 15.05.1999 | - 06.11.1999 |
| 3. | പേരാവൂർ | - അസി. വികാരി | 07.11.1999 | - 03.02.2001 |
| 4. | ചെമ്പേരി | - അസി. വികാരി | 04.02.2001 | - 19.05.2001 |
| 5. | ബെഡൂർ, ചീമേനി | - വികാരി | 20.05.2001 | - 10.05.2003 |
| 6. | ബാംഗ്ലൂർ | ഉപരിപഠനം | 11.05.2003 | - 21.05.2005 |
| 7. | അഡ്ജുറ്റെന്റ് | ജൂഡീഷൽ വികാർ | 22.05.2005 | - 12.05.2007 |
| 8. | ജൂഡീഷ്യൽ വികാരി | | 13.05.2007 | - 17.05.2008 |
| 9. | റോം | ഉപരിപഠനം | 15.09.2008 | - 12.05.2012 |
| 10. | ജൂഡീഷ്യൽ വികാരി | | 13.05.2012 | - 01.10.2016 |
| 11. | ചാൻസലർ | | 01.10.2016 | - 14.05.2022 |
| 12. | വായാട്ടുപറമ്പ് | - വികാരി | 14.05.2022 | |

കാനാൻ നിയമത്തിലാണ് ബഹു. തെങ്ങുംപള്ളിൽ അച്ചൻ ഉപരിപഠനം നടത്തിയത്. വിദഗ്ധനായ ഒരു സഭാനിയമ പണ്ഡിതനാണ് അച്ചൻ. നമ്മുടെ അതിരൂപതാ കേന്ദ്രത്തിൽ ചാൻസലറായും ജൂഡീഷ്യൽ വികാരിയായും ശ്രേഷ്ഠമായ ശുശ്രൂഷ കാഴ്ചവയ്ക്കുവാൻ ബഹു. സാജനച്ചന് കഴിഞ്ഞു. ചാൻസലർ എന്ന നിലയിൽ ഏവരുടെയും പ്രശംസ പിടിച്ചുപറ്റിയ സേവനം അച്ചൻ കാഴ്ചവച്ചു. ഒട്ടനവധി വലിയ പരിപാടികളുടെ സംഘാടകൻ എന്ന നിലയിൽ അച്ചൻ ശോഭിച്ചിരുന്നു. സ്നേഹവിപ്ലവത്തിന്റെ പാതയിൽ (എഡി.), കുടയേറ്റത്തിന്റെ ഇതിഹാസം (എഡി.) എന്നീ ഗ്രന്ഥരചനകളിൽ പങ്കാളി

യാകുവാൻ അച്ചന് കഴിഞ്ഞു. സഭാനിയമത്തെ സംബന്ധിച്ച ലേഖനങ്ങൾ വിവിധ മാഗസിനുകളിൽ എഴുതിയിട്ടുണ്ട്. സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ ട്രൈബ്യൂണൽ ജഡ്ജിമാരിൽ ഒരാളാണ് അച്ചൻ. ബാംഗ്ലൂർ ധർമ്മാരാം, കുന്നോത്ത് ഗുഡ്ഷെപ്പേർഡ് എന്നീ മേജർ സെമിനാരികളിൽ അധ്യാപകനുമാണ്. ബഹു. തെങ്ങുംപള്ളിയച്ചൻ ചീമേനിയിൽ വികാരി ആയിരുന്ന സമയത്താണ് ഇപ്പോഴുള്ള മനോഹരമായ ദൈവാലയം നിർമ്മി ക്കപ്പെട്ടത്. നമ്മുടെ അതിരൂപതയ്ക്കു ലഭിച്ച അനുഗ്രഹമാണ് ബഹു. തെങ്ങുംപള്ളിയച്ചൻ. ശാന്തതയും കൃത്യനിഷ്ഠയും അച്ചന്റെ മുഖമുദ്ര യാണ്. ഒരാളോടുപോലും ദേഷ്യപ്പെടാത്ത പ്രകൃതമാണ് ബഹു. തെങ്ങും പള്ളിയച്ചന്റേത്. എപ്പോഴും നന്മ ചെയ്യുക എന്നതാണ് അച്ചന്റെ ആപ്തവാ ക്യം. വായാട്ടുപറമ്പ് ഇടവകയിലെ ദൈവജനത്തിന്റെ മനസ്സിൽ നല്ലിടയന്റെ ചിത്രം ദൃഢമായി പതിപ്പിക്കുവാൻ ചുരുങ്ങിയ കാലംകൊണ്ട് അച്ചനു കഴി ഞ്ഞു. വായാട്ടുപറമ്പിൽ ദൈവാലയനിർമ്മാണമെന്ന ഭാരിച്ച ഉത്തരവാദിത്വം അച്ചൻ സന്തോഷത്തോടെ ഏറ്റെടുത്തിരിക്കുകയാണ്. പൗരോഹിത്യത്തിൽ രണ്ടര പതിറ്റാണ്ട് പൂർത്തിയാക്കുന്ന പ്രിയങ്കരനായ തെങ്ങുംപള്ളിൽ അച്ചന് ഹൃദയം നിറഞ്ഞ ജൂബിലി മംഗളങ്ങൾ ആശംസിക്കുന്നു.

## 10. ഫാ. പോൾ (നെൽസൺ) വള്ളോപ്പിള്ളി



തലശ്ശേരി അതിരൂപതയിലെ കാവുംതല ഇടവക യിൽ വള്ളോപ്പിള്ളി ജോസഫ് - റോസമ്മ ദമ്പതിക ളുടെ മകനായി ബഹു. പോളച്ചൻ 1970 ജനുവരി 20 ന് ജനിച്ചു. നാല് സഹോദരന്മാരും ഒരു സഹോദരിയുമാണ് അച്ചനുള്ളത്. ഏക സഹോദരി എസ്.ഡി. സന്യാസസമൂ ഹത്തിൽ സന്യാസിനിയാണ്. തലശ്ശേരി മൈനർ സെമി നാരിയിലെ പരിശീലനത്തിനുശേഷം വടവാതൂർ സെമി നാരിയിൽ നിന്നും വൈദികപരിശീലനം പൂർത്തിയാക്കി. 1998 ഡിസംബർ 26 ന് തലശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ദിവംഗതനായ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളിയിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു.

| | | | | | |
|---|---|---|---|---|---|
| 1. | നെല്ലിക്കാംപൊയിൽ | - അസി. വികാരി | 07.02.1999 | - | 31.10.1999 |
| 2. | ചെമ്പന്തൊട്ടി | - അസി. വികാരി | 01.11.1999 | - | 20.05.2000 |
| 3. | അരിവിളഞ്ഞപൊയിൽ | - വികാരി | 21.05.2000 | - | 10.05.2003 |
| 4. | വിജയഗിരി (കാപ്പിമല) | - വികാരി | 11.05.2003 | - | 22.05.2004 |
| 5. | സന്ദേശഭവൻ - മിഷൻലീഗ് | ഡയറക്ടർ | 23.05.2004 | - | 23.05.2009 |
| 6. | വൊക്കേഷൻ പ്രൊമോട്ടർ | | 23.05.2004 | - | 23.05.2009 |

| | | | |
|---|---|---|---|
| 7. | ബാലേശുഗിരി | - വികാരി | 24.05.2009 - 16.05.2014 |
| 8. | നിർമ്മലഗിരി | വികാരി, കോളേജ് ബർസാർ | 17.09.2014 - 13.10.2018 |
| 9. | കൊളക്കാട് | - വികാരി | 13.05.2018 - 13.05.2023 |
| 10. | കുടിയാന്മല | - വികാരി | 14.05.2023 |

കഠിനാധ്വാനം പോളച്ചന്റെ പ്രത്യേകതയാണ്. ശുശ്രൂഷ ചെയ്ത ഇടവകകളിൽ എല്ലാം ദൈവജനത്തിന്റെ ആദരവും അംഗീകാരവും ബഹു. പോളച്ചന് ലഭിച്ചു. അരിവിളഞ്ഞപൊയിൽ വികാരി ആയിരുന്നപ്പോൾ സ്കൂൾ കെട്ടിടം നിർമ്മിച്ചു. തലശ്ശേരിയിൽ ചെറുപുഷ്പ മിഷൻലീഗിന്റെ ഡയറക്ടർ എന്ന നിലയിൽ ഏറ്റവും ഊർജ്ജസ്വലമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുവാൻ ബഹു. പോളച്ചന് സാധിച്ചു. ദൈവിളി കണ്ടെത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ആ സമയത്ത് പോളച്ചന് കഴിഞ്ഞിരുന്നു. പൊന്തിഫിക്കൽ മിഷൻ ഓർഗനൈസേഷൻ സംസ്ഥാന ഡയറക്ടർ, സി.എം.എൽ. സ്റ്റേറ്റ്, നാഷണൽ ഡയറക്ടർ, വൊക്കേഷൻ കമ്മീഷൻ സെക്രട്ടറി എന്നീ ഉത്തരവാദിത്വങ്ങളും അച്ചൻ നിർവ്വഹിച്ചു. ബാലേശുഗിരിയിൽ ബഹു. പോളച്ചൻ വികാരിയായിരുന്ന സമയത്താണ് ഇപ്പോഴുള്ള സുന്ദരമായ ദൈവാലയ നിർമ്മാണം നടന്നത്. കൊളക്കാട് ഇടവകയിൽ മനോഹരമായ പാരീഷ് ഹാളിന്റെ പണി അച്ചൻ പൂർത്തിയാക്കി. കൂടാതെ സ്കൂൾ ഗ്രൗണ്ട്, ലൈബ്രറി എന്നിവയും കൊളക്കാട് പൂർത്തിയാക്കി. ഏറ്റവും ചിലവ് കുറഞ്ഞ രീതിയിൽ പണികൾ പൂർത്തിയാക്കുവാനും സാമ്പത്തിക അച്ചടക്കം പൂർണ്ണമായും നടപ്പിലാക്കുവാനും ബഹു. പോളച്ചന് പ്രത്യേകമായ പ്രാവീണ്യം ഉണ്ട്. നിർമ്മലഗിരി കോളേജിൽ സ്വാശ്രയ കോളേജിന്റെ കെട്ടിട നിർമ്മാണത്തിലും അച്ചൻ നേതൃത്വം നല്കി. പ്രിയപ്പെട്ട പോളച്ചാ അങ്ങയുടെ അജപാലന ശുശ്രൂഷ നമ്മുടെ അതിരൂപതയുടെ വളർച്ചയിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. പൗരോഹിത്യ സ്വീകരണത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന ബഹു. പോളച്ചന് ഹൃദയം നിറഞ്ഞ ആശംസകൾ നേരുന്നു.

## 4. ആദരാഞ്ജലികൾ

**1. ശ്രീ. സെബാസ്റ്റ്യൻ കണ്ടത്തിൽ (101) :** ബഹു. മാണി കണ്ടത്തിലച്ചന്റെ സഹോദരൻ ശ്രീ. സെബാസ്റ്റ്യൻ കണ്ടത്തിൽ 2023 ഒക്ടോബർ 03 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ഒക്ടോബർ 04 ന് കരിക്കോട്ടക്കരി സെന്റ് തോമസ് ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സഹോദരന്റെ

വേർപാടിൽ ദുഃഖിക്കുന്ന ബഹു. മാണി കണ്ടത്തിലച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

**2. ശ്രീ. കുര്യൻ തോട്ടത്തിൽ (88) :** ബഹു. ജോൺസൺ തോട്ടത്തിലച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. കുര്യൻ തോട്ടത്തിൽ 2023 ഒക്ടോബർ 15 ന് നിര്യാതനായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ഒക്ടോബർ 16 ന് വാണിയപ്പാറ ഉണ്ണിമിശിഹാ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെയും കാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോൺസണച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

**3. ശ്രീമതി ത്രേസ്യാമ്മ ദേവസ്യ പേഴനാൽപൊട്ടനാനിക്കൽ (88) :** ബഹു. ജോസ് ജേക്കബ് നെടുംതകിടിയേലച്ചന്റെ പ്രിയ സഹോദരി ശ്രീമതി ത്രേസ്യാമ്മ ദേവസ്യ പേഴനാൽപൊട്ടനാനിക്കൽ 2023 ഒക്ടോബർ 15ന് നിര്യാതയായി. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ഒക്ടോബർ 16ന് ആനിക്കാട് സെന്റ് മേരീസ് ദൈവാലയസിമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സഹോദരിയുടെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. നെടുംതകിടിയേലച്ചനും കുടുംബാംഗങ്ങൾക്കും അതിരൂപതാ കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു. പരേതയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കാം.

**4. റവ. ഫാ. ഫ്രാൻസീസ് കള്ളികാട്ട് (86) :** അവിഭക്ത തലശ്ശേരി



അതിരൂപതാംഗമായിരുന്ന ബഹു. ഫ്രാൻസീസ് കള്ളികാട്ട് അച്ചൻ 2023 ഒക്ടോബർ 23 ന് നിര്യാതനായി. താമരശ്ശേരി രൂപതയുടെ ഈരൂടുള്ള വിയാനി വൈദികമന്ദിരത്തിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു. തലശ്ശേരി അതിരൂപതയിലെ മാങ്ങോട്, ചന്ദനയ്ക്കാംപാറ, മണക്കടവ്, കോഴിച്ചാൽ, രാജഗിരി എന്നീ ഇടവകകളിൽ അച്ചൻ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്ക്കാരശുശ്രൂഷകൾ 2023 ഒക്ടോബർ 24 ന് പാലാരൂപതയിലെ തുടങ്ങനാട് സെന്റ് തോമസ് ഫൊറോനാ ദൈവാലയ സിമിത്തേരിയിൽ അഭിവന്ദ്യ മാർ റെമിജീയൂസ് ഇഞ്ചനാനിയിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട ഫ്രാൻസീസ് അച്ചന് തലശ്ശേരി അതിരൂപതാ കുടുംബത്തിന്റെ ആദരാഞ്ജലികൾ. ഫ്രാൻസീസ് അച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## 5. സ്നേഹസ്മൃതി

1. റവ. ഫാ. ജോൺ ആറാംചേരി - 02-11-1975
2. മോൺ. തോമസ് മൂലക്കുന്നേൽ - 03-11-2001
3. റവ. ഫാ. ജോൺ പന്നിയാംമാക്കൽ - 03-11-2023
4. റവ. ഫാ. തോമസ് നിലയ്ക്കപ്പള്ളി - 10-11-2006
5. റവ. ഫാ. ഫിലിപ്പ് കണക്കഞ്ചേരി - 11-11-2004
6. റവ. ഫാ. ജോസഫ് ചൂരയ്ക്കമറ്റം - 12-11-1998
7. റവ. ഫാ. സെബാസ്റ്റ്യൻ ഇളംതുരുത്തിയിൽ - 18-11-1982
8. റവ. ഫാ. അഗസ്റ്റിൻ പന്നിക്കോട്ട് - 26-11-2011
9. റവ. ഫാ. തോമസ് കാവുംപുറം - 26-11-2016

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# അനുസ്മരണം

## റവ. ഫാ. ജോർജ് നരിപ്പാറ



തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോർജ് നരിപ്പാറ (84) അച്ചൻ 2023 ഒക്ടോബർ 18 ന് രാവിലെ 8.15 ന് നിര്യാതനായി. വാർദ്ധക്യസഹജമായ അസുഖങ്ങളാൽ പ്രയാസമനുഭവിച്ചിരുന്ന ബഹു. ജോർജച്ചൻ കഴിഞ്ഞ ഏതാനും ആഴ്ചകളിലായി കരുവഞ്ചാൽ ഹോസ്പിറ്റലിൽ ചികിത്സയിലായിരുന്നു. ആരോഗ്യസ്ഥിതി മെച്ചപ്പെട്ടതിനെതുടർന്ന് കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലേക്ക് തിരികെ എത്തിയിരുന്നെങ്കിലും പെട്ടെന്ന് ക്ഷീണിതനാകുകയും നിത്യസമ്മാനത്തിനായി വിളിക്കപ്പെടുകയും ചെയ്തു. തലശ്ശേരി അതിരൂപതയുടെ വളർച്ചയിൽ വിസ്മരിക്കാനാവാത്ത പങ്കുവഹിച്ച ജനകീയനായ പുരോഹിതനാണ് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

1939 ഏപ്രിൽ 10ന് പാലാ രൂപതയിൽ വിളക്കുമാടത്താണ് ബഹു. ജോർജ് അച്ചൻ ജനിച്ചത്. പരേതരായ വർക്കി - അമ്മ എന്നിവരാണ് മാതാപിതാക്കൾ. ജോസഫ് നരിപ്പാറ, അബ്രാഹം നരിപ്പാറ, തോമസ് നരിപ്പാറ, എലിയാമ്മ കുത്തുപുരയിടം (മല്ലികശ്ശേരി), പരേതയായ ലിസിക്കുട്ടി ചന്ദ്രൻകുന്നേൽ (കഞ്ഞിക്കുഴി), മേരിക്കുട്ടി കിഴക്കേത്തോട്ടത്തിൽ (ഇടമറുക്) എന്നിവരാണ് സഹോദരങ്ങൾ. ചെമ്മലമറ്റത്തും വിളക്കുമാടത്തുമായി സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. 1956 ൽ സ്കൂളിൽ ഒന്നാമനായി എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചു. തുടർന്ന് തലശ്ശേരി രൂപതയിൽ വൈദികനാകാനുള്ള ആഗ്രഹത്തോടെ പാലാ രൂപതയുടെ കുമ്മണ്ണൂർ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്നു. 1958 മുതൽ 1965 വരെ ആലുവ പൊന്തിഫിക്കൽ സെമിനാരിയിൽ തത്വശാസ്ത്ര - ദൈവശാസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1964 ഡിസംബർ 1 ന് ബോംബെയിൽ വച്ച് നടന്ന ദിവ്യകാരുണ്യ കോൺഗ്രസ്സിന്റെ അവസരത്തിൽ ദിവംഗതനായ അഭി. മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്നും തിരുപ്പട്ടം സ്വീകരിച്ചു. ചെറുപുഴ പള്ളിയിൽ അസി. വികാരിയായിട്ടാണ് ബഹു. ജോർജച്ചൻ അജപാലന ശുശ്രൂഷ ആരംഭിച്ചത്. 1966 മുതൽ 1968 വരെ തിരുമേനി പള്ളിയിൽ വികാരിയായി സേവനം ചെയ്തു. തിരുമേനി ഇടവകയുടെ ആദ്യവികാരി

യായിരുന്നു ജോർജച്ചൻ. തലശ്ശേരിയിൽ നിന്ന് 106 കിലോമീറ്റർ അകലെ വടക്കുകിഴക്കു ഭാഗത്തുള്ള മലമ്പ്രദേശമായിരുന്നു തിരുമേനി.

അച്ചൻ ചെറുപുഴ പള്ളിയിൽ നിന്നു പത്തു കിലോമീറ്റർ നടന്ന് ദിവ്യ ബലിയർപ്പിക്കാൻ എത്തിയ കുരിശുപള്ളിയായിരുന്നു അന്ന് തിരുമേനി. നില വിലുള്ള പള്ളിയുടെ സ്ഥലം വാങ്ങുകയും, സെമിത്തേരിക്കുവേണ്ടിയുള്ള ക്രമീകരണങ്ങൾ നടത്തുകയും ചെയ്തു. മേരിഗിരി പള്ളിയിൽ 1968 മുതൽ 1971 വരെ സേവനം ചെയ്തു. ആ കാലഘട്ടത്തിൽ ചെറുപാറ പള്ളിക്കു വേണ്ടി സ്ഥലം വാങ്ങുകയും ഇടവകയ്ക്ക് ആരംഭം കുറിക്കുകയും ചെയ്തു. രയറോം പള്ളിക്ക് വേണ്ടി സ്ഥലം വാങ്ങിയതും ഞായറാഴ്ചകളിൽ അവിടെ വി. കുർബ്ബാന ആരംഭിച്ചതും മേരിഗിരിയിൽ ബഹു. ജോർജച്ചൻ വികാ രിയായിരുന്ന സമയത്താണ്. മേരിഗിരിയിലെ MSMI കോൺവെന്റ്, നഴ്സറി സ്കൂൾ കൂടാതെ മേരിഗിരിയിലെ ഹൈസ്കൂൾ കെട്ടിടം എിങ്ങനെ ഒട്ടന വധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. 1971 മുതൽ 1975 വരെ കൂരാച്ചുണ്ട് ഇടവകയിൽ ശുശ്രൂഷ ചെയ്തു. ജനങ്ങളുടെ സഹകരണ ത്തോടെ വിട്ടുകൊടുത്ത സ്ഥലത്ത് കെട്ടിടം പണിത് ഗവൺമെന്റിന് കൈമാറി. അങ്ങനെ തുടങ്ങിയ ഗവൺമെന്റ് ഹോസ്പിറ്റൽ ഇന്ന് രോഗികളെ കിടത്തി ചികിത്സിക്കുവാൻ പറ്റുന്ന രീതിയിൽ വളർന്നു. പേരാമ്പ്ര ഗവൺമെന്റ് കോളേ ജിന്റെ പ്രാരംഭപ്രവർത്തനങ്ങളിലും പങ്കാളിയായി. 1975 മുതൽ 1980 വരെ നെല്ലിക്കാംപൊയിൽ പള്ളിയിൽ വികാരിയായി സേവനം ചെയ്തു. അറബി യിൽ പള്ളിമുറി പണിയുകയും കല്ലുവയൽ പള്ളിക്കു തുടക്കം കുറിക്കു കയും കല്ലുവയലിൽ പോസ്റ്റ് ഓഫീസ് സ്ഥാപിക്കുവാൻ മുൻകൈ എടുക്കു കയും ചെയ്തു.

1980 മുതൽ 1986 വരെ ചെറുപുഴ പള്ളിയിൽ വികാരിയായി സേവനം ചെയ്തു. ചെറുപുഴയിലെ നിലവിലുള്ള ദൈവാലയം, ഹൈസ്കൂൾ കെട്ടി ടം എന്നിവ നിർമ്മിച്ചു. 1986 മുതൽ 1989 വരെ വായാട്ടുപറമ്പ് ഇടവക വികാ രിയായി സേവനം ചെയ്തു. സ്റ്റേഡിയത്തിന്റെ നിർമ്മാണം, ഹൈസ്കൂൾ - യു.പി. സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം തുടങ്ങിയ വികസന പ്രവർത്ത നങ്ങൾ ഈ കാലഘട്ടത്തിൽ വായാട്ടുപറമ്പിൽ നടത്തി. ഇതേ സമയത്താണ് കരുണാപുരത്ത് സ്നേഹഗിരി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിലുള്ള വൃദ്ധ സദനം ആരംഭിച്ചതും 1989 മുതൽ 1992 വരെ കുടിയാൻമലയിൽ വികാരി യായി ശുശ്രൂഷ ചെയ്തതും. മലയോര മേഖലയിൽ നടന്ന ആദ്യത്തെ കരി സ്മാറ്റിക് കൺവെൻഷൻ, ബഹു. മാത്യു നായ്ക്കാംപറമ്പിൽ അച്ചന്റെ നേതൃ ത്വത്തിൽ, കുടിയാൻമലയിൽ ബഹു. നരിപ്പാറയച്ചനാണ് സംഘടിപ്പിച്ചത്. എഴുപത്തയ്യായിരത്തോളം ആളുകൾ പങ്കെടുത്ത ആത്മീയ ഉത്സവമായി

രുന്നു അത്. 1992 മുതൽ 1995 വരെ തലശ്ശേരി കത്തീഡ്രൽ വികാരിയായും മൈനർ സെമിനാരിയിൽ ആധ്യാത്മിക പിതാവായും ശുശ്രൂഷ ചെയ്തു.

1995 മുതൽ 2000 വരെ തോമാപുരം ഇടവകയിൽ ശുശ്രൂഷ ചെയ്തു. 2000 മെയ് മുതൽ 2007 മെയ് വരെ ചെമ്പേരി ലൂർദ് മാതാ ഫൊറോനാ പള്ളിയിൽ വികാരിയായി സേവനം ചെയ്തു. ചെമ്പേരിയുടെ മുഖഛായ മാറ്റിയ ഇടയനായിരുന്നു നരിപ്പാറയച്ചൻ. ആ കാലഘട്ടത്തിലെ മലബാറിലെ ഏറ്റവും വലിയ ദൈവാലയം ചെമ്പേരിയിൽ നിർമ്മിച്ചു. പള്ളിമുറി, പാരീഷ്ഹാൾ എന്നിങ്ങനെ ചെമ്പേരിയിൽ ഒട്ടനവധി വികസനപ്രവർത്തനങ്ങൾ നടത്തി. ചെമ്പേരി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് സ്ഥാപനത്തിന് മോൺ. മാത്യു എം. ചാലിലിനോടൊപ്പം സജീവമായി പ്രവർത്തിച്ചു. 2007 മെയ് മുതൽ 2010 മെയ് വരെ മണിക്കടവ് ഇടവകയുടെ വികാരിയായി ശുശ്രൂഷ ചെയ്തു. തുടർന്ന് 2010 മെയ് മുതൽ 2015 മെയ് വരെ കണിച്ചാർ ഇടവകയുടെ വികാരിയായിരുന്നു. 2015 മെയ് 17 നാണ് ബഹു. ജോർജച്ചൻ വിശ്രമജീവിതത്തിനായി കരുവഞ്ചാൽ വൈദികമന്ദിരത്തിൽ എത്തുന്നത്.

തലശ്ശേരി അതിരൂപതയ്ക്ക് ലഭിച്ച വിലയേറിയ സമ്മാനമായിരുന്നു പ്രിയങ്കരനായ ജോർജച്ചൻ. നല്ലിടയനായ ഈശോയെ തന്റെ ജീവിതം കൊണ്ട് ദൈവജനത്തിന് കാണിച്ചു കൊടുക്കുവാൻ ബഹു. ജോർജച്ചനു കഴിഞ്ഞു. നമ്മുടെ അതിരൂപതയിൽ ജനകീയരായ വൈദികരുടെ ഇടയിൽ മുൻപന്തിയിലാണ് ബഹു. നരിപ്പാറയച്ചന്റെ സ്ഥാനം. കരിസ്മാറ്റിക് നവീകരണ രംഗത്ത് ജോർജച്ചൻ വലിയ സംഭാവനകൾ നല്കി. ജനഹൃദയങ്ങളെ ആത്മീയ ഉന്നതിയിലെത്തിച്ച ആത്മീയ ഗുരുവായിരുന്നു ബഹു. ജോർജച്ചൻ. നർമ്മത്തിൽ ചാലിച്ച് വളരെ ലളിതമായി ദൈവവചന വ്യാഖ്യാനങ്ങൾ ബഹു. ജോർജച്ചൻ നല്കി. ദൈവവചനാധിഷ്ഠിതമായ 3 പുസ്തകങ്ങൾ ബഹു. ജോർജച്ചൻ രചിച്ചു.

ജനഹൃദയങ്ങളിൽ ജീവിക്കാനുള്ള സിദ്ധി സ്വന്തമാക്കിയ അജപാലകനായിരുന്നു ബഹു. ജോർജച്ചൻ. ഒരിക്കൽ പരിചയപ്പെട്ടാൽ ആ വ്യക്തിയുടെ പേര് അച്ചൻ പിന്നീട് മറക്കില്ല. തന്റെ അജഗണങ്ങളെ പേര് ചൊല്ലി വിളിക്കുവാൻ ജോർജച്ചനു കഴിഞ്ഞിരുന്നു. തലശ്ശേരി അതിരൂപതയിലെ പ്രധാനപ്പെട്ട ഒട്ടനവധി പള്ളികളിൽ ബഹു. ജോർജച്ചൻ തന്റെ അജപാലന ശുശ്രൂഷ നിർവ്വഹിച്ചു. ആത്മീയ ചൈതന്യം നിറഞ്ഞുനിന്ന സുന്ദര വ്യക്തിത്വമായി ദൈവജനത്തിന്റെ ഇടയിൽ അച്ചൻ ജീവിച്ചു. ബഹു. നരിപ്പാറ അച്ചന്റെ കൂടെ ശുശ്രൂഷ ചെയ്യുവാൻ കൊച്ചച്ചന്മാർ അതിയായി ആഗ്രഹിച്ചിരുന്നു. വാത്സല്യവും കരുതലും ആവോളം അദ്ദേഹം കൊച്ച

ച്ചന്മാർക്ക് നല്കി. ജോർജച്ചന്റെ സൗമ്യതയും ആത്മീയ ചൈതന്യവും ആത്മാർത്ഥതയും നയപരമായ ഇടപെടലുകളും വൈദികർക്ക് മാതൃക യാണ്.

തലശ്ശേരി അതിരൂപതയുടെ ആദ്യകാല അസൗകര്യങ്ങളും പ്രയാസ ങ്ങളും സന്തോഷത്തോടെ സ്വീകരിച്ച് ദൈവജനത്തിനുവേണ്ടി ജീവിതം സമർപ്പിച്ച വന്ദ്യപുരോഹിതനാണ് ബഹു. ജോർജച്ചൻ. ബഹു. നരിപ്പാറയ ച്ചന്റെ അസാന്നിദ്ധ്യം നമ്മുടെ അതിരൂപതാ കുടുംബത്തെ സങ്കടപ്പെടുത്തു ന്നുണ്ട്. ഈ കാലഘട്ടത്തിൽ ദൈവജനത്തിന്റെ മുമ്പിൽ ഒരു പുരോഹി തൻ എപ്രകാരം നിലകൊള്ളണമെന്ന് ബഹു. ജോർജച്ചന്റെ ജീവിതം പഠി പ്പിക്കുന്നുണ്ട്. പ്രിയപ്പെട്ട ജോർജച്ചാ, അങ്ങയുടെ വേർപാട് തലശ്ശേരി അതി രൂപത വൈദിക കൂട്ടായ്മയ്ക്ക് തീരാനഷ്ടമാണ്. വളരെ വിലപിടിച്ചതെന്തോ നഷ്ടപ്പെട്ട പ്രതീതിയാണ് ഞങ്ങളുടെ മനസ്സിലുള്ളത്. ഞങ്ങളെ പേരു ചൊല്ലി വിളിക്കുന്ന, വാത്സല്യവും സ്നേഹവും ആവോളം ചൊരിയുന്ന ജ്യേഷ്ഠസഹോദരനെയാണ് ഞങ്ങൾക്ക് നഷ്ടമായിരിക്കുന്നത്. അനേകം വൈദികരുടെ ജീവിതത്തിൽ അങ്ങ് വഴിവിളക്കായിരുന്നു. തലശ്ശേരി അതി രൂപതയുടെ ആത്മീയ തേജസ്സായിരുന്ന അങ്ങയുടെ ഓർമകൾ ചിരകാലം നിലനിൽക്കും. അങ്ങയുടെ സുകൃതം നിറഞ്ഞ ജീവിതം മഹത്വത്തിന്റെ കിരീടം അങ്ങേയ്ക്ക് സമ്മാനിക്കും. നിത്യപുരോഹിതൻ പറുദീസായുടെ വാതില്ക്കൽ അങ്ങയുടെ കരം പിടിക്കാനുണ്ടാകട്ടെ. ദീപ്തമായ സ്മര ണകൾക്ക് മുമ്പിൽ ബാഷ്പാഞ്ജലികൾ...

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# Safe Enviornment Committe
## തലശ്ശേരി അതിരൂപത

പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പായുടെ *Vos estis lux mundi* എന്ന Motu proprio യുടെ അടിസ്ഥാനത്തിൽ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെയും (CBCI) കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെയും (KCBC) സീറോ മലബാർ സഭാദ്ധ്യക്ഷനായ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ എല്ലാ രൂപതകളിലും രൂപീകരിക്കേണ്ട Safe Enviornment Committe തലശ്ശേരി അതിരൂപതയിലും രൂപീകരിക്കപ്പെടുകയും കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. അതിരൂപതാ ഭരണസംവിധാനത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട കമ്മിറ്റിയാണിത്. സീറോ മലബാർ സഭയുടെ Safe Enviornment policy നമ്മുടെ അതിരൂപതാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സ്ത്രീകൾക്കും കുട്ടികൾക്കും ദുർബലരായ മുതിർന്നവർക്കുമെതിരെ നടക്കുന്ന ലൈംഗീക അതിക്രമങ്ങളിൽ സഭാ സംവിധാനങ്ങളുമായി ബന്ധപ്പെട്ട ഏതെങ്കിലും വ്യക്തികൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ (any categery of church personal) അവർക്കെതിരെ രാജ്യത്തിന്റെ നിയമങ്ങളും സഭയുടെ നിയമങ്ങളും അനുശാസിക്കുന്ന നടപടികൾ കുറ്റമറ്റവിധം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വമാണ് Safe Enviornment Committe ക്കുള്ളത്. അടുത്ത മൂന്നു വർഷത്തേക്കുള്ള Safe Enviornment Committe അംഗങ്ങളെ അഭിവന്ദ്യ പിതാവ് നിയമിച്ചു. അവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. Safe Enviornment ന്റെ പരിധിയിൽ വരുന്ന ഏതൊരു കാര്യത്തെ സംബന്ധിച്ചുള്ള പരാതികളും അതിരൂപതാ കേന്ദ്രത്തിലുള്ള Safe Enviornment Committe ഓഫീസിൽ സമർപ്പിക്കാവുന്നതാണ്.

1 Rev. Dr. Thomas Thengumpallil (Director)
Vicar, St. Joseph's Forane Church
Vayattuparamba, Kanur - 670582
Mob : 9446889442

2 Rev. Dr. Joseph Muttathukunnel
Arch Bishop's House, Thalassery
Mob: 6282042414

3 Rev. Dr. Sr. Tresa Palackal
S.H Provincial House, Thondiyil
Peravoor - 670 703
Ph : 88812777

4 Adv. Sunny Augustine (Cordinator)
Vellakadayil
Thondiyil ( PO), 670 703
Ph : 9447365627

5 Adv. Lis Maria K. Kalarickal
Koothupuzha, 670 706
Ph : 9847177332

6 Adv. Mary Mathew Nanganolil (H)
Templegate, Thalassery
Ph : 9446654411

# ലൂമിനസ് 2023

## പാരീഷ് കൗൺസിൽ അംഗങ്ങളുടെ ഫൊറോനാതല സംഗമം

2023 ഏപ്രിൽ 02 ന് നിലവിൽ വന്ന അടുത്ത മൂന്നു വർഷങ്ങളിലേക്കുള്ള പാരീഷ് കൗൺസിൽ അംഗങ്ങളുടെ സംഗമം ലൂമിനസ് 2023 എന്ന പേരിൽ 19 ഫൊറോനകളിലും നടന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ നേതൃത്വത്തിലാണ് ഓരോ ഫൊറോനാ കേന്ദ്രങ്ങളിലും സംഗമം നടന്നത്. ബഹു. വൈദികരുടെയും സന്യസ്തരുടെയും പാരീഷ് കൗൺസിൽ അംഗങ്ങളുടെയും സജീവ പങ്കാളിത്തം എല്ലാ സംഗമങ്ങളിലും ഉണ്ടായിരുന്നു. നമ്മുടെ അതിരൂപതയെ പടുത്തുയർത്താൻ സഹായിച്ച ഈ നേതൃസംഗമം സമയബന്ധിതമായും ക്രിയാത്മകമായും പൂർത്തീകരിക്കുവാൻ സാധിച്ചു.

അർദ്ധദിന സംഗമം എന്ന രീതിയിലാണ് ഓരോ ഫൊറോനയിലും ലൂമിനസ് 2023 നടന്നത്. എല്ലാ ഫൊറോനാ കേന്ദ്രങ്ങളിലും അഭിവന്ദ്യ പിതാവ് എത്തുകയും മുഴുവൻ സമയവും പാരീഷ് കൗൺസിൽ അംഗങ്ങളൊടൊത്തായിരുന്ന് സഭാദർശനങ്ങളും തലശ്ശേരി അതിരൂപതയെ സംബന്ധിച്ചുള്ള തന്റെ കാഴ്ചപ്പാടുകളും ഏറ്റവും ഹൃദ്യമായി അവതരിപ്പിക്കുകയും ചെയ്തു. പാരീഷ് കൗൺസിൽ അംഗങ്ങളുടെ സംശയങ്ങൾക്ക് കൃത്യവും വ്യക്തവുമായ മറുപടികൾ നല്കി. നമ്മുടെ അതിരൂപതയുടെ സാമ്പത്തിക മേഖലയെക്കുറിച്ച് (വരവ്-ചിലവ് കണക്കുകൾ) വിവരങ്ങൾ നല്കി പാരീഷ് കൗൺസിൽ അംഗങ്ങൾക്ക് അതിരൂപതയെക്കുറിച്ചുള്ള കൃത്യമായ ധാരണ നല്കുവാൻ അഭിവന്ദ്യ പിതാവിന് കഴിഞ്ഞു. വൈദിക പരിശീലനം, വിശ്വാസ രൂപീകരണം, വിവിധ സംഘടനകളുടെ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ മേഖല, കാർഷിക വിഷയങ്ങൾ, സമുദായ ശാക്തീകരണം, വിദേശ കുടിയേറ്റം, കുടുംബങ്ങളിലെ അംഗസംഖ്യ കുറയുന്നത്, വൃദ്ധമാതാപിതാക്കളുടെ സംരക്ഷണം, ആരോഗ്യമേഖല തുടങ്ങിയ ആനുകാലിക വിഷയങ്ങളെക്കുറിച്ചുള്ള ചർച്ചകൾ ഈ സംഗമത്തിൽ നടന്നു. ബഹു. വികാരിയച്ചന്മാരുടെയും ഇടവകയിലെ സമർപ്പിതരുടെയും നേതൃത്വത്തിൽ പാരീഷ് കൗൺസിൽ അംഗങ്ങൾ ഈ സംഗമത്തിൽ എത്തിയത് കൂട്ടായ്മയുടെയും സഹകരണത്തിന്റെയും സാക്ഷ്യമായിരുന്നു. പാരീഷ് കൗൺസിൽ അംഗങ്ങളുടെ ദൗത്യവും ഉത്തരവാദിത്വവും എന്ന വിഷയത്തിൽ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴിയും സമുദായ ശാക്തീകരണത്തിന്റെ പ്രസക്തിയും ആവശ്യകതയും എന്ന വിഷയത്തിൽ ബൈബിൾ അപ്പസ്റ്റൊലേറ്റ് ഡയറക്ടർ റവ. ഡോ. തോമസ് ഓലിക്കരോട്ടും ക്ലാസ്സുകൾ നയിച്ചു. ഏവർക്കും പ്രചോദനം നല്കുന്ന വിവരങ്ങൾ ഉൾപ്പെടുത്തിയ അവതരണമാണ് ബഹു. ഓലി

ക്കരോട്ടച്ചൻ നടത്തിയത്. എല്ലാ സംഗമങ്ങളിലും മണിപ്പൂർ കലാപത്തിനെതിരെ പ്രമേയം അവതരിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെയാണ് സംഗമം അവസാനിച്ചത്. എല്ലാ സംഗമങ്ങളിലും സ്നേഹവിരുന്ന് ഒരുക്കിയിരുന്നു.

ലൂമിനസ് 2023 വിജയകരമാക്കുവാൻ പ്രയത്നിച്ച എല്ലാവരോടും നന്ദി പറയുന്നു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ബഹു. ജനറാളച്ചന്മാർ, മനോഹരമായി ക്ലാസ്സ് നയിച്ച ബഹു. തോമസ് ഓലിക്കരോട്ടച്ചൻ, ബഹു. ഫൊറോനാ വികാരിയച്ചന്മാർ, ഫൊറോനാ പ്രസിഡണ്ടുമാർ, ബഹു. വൈദികർ, സിസ്റ്റേഴ്സ്, സന്തോഷത്തോടെ സഭാശുശ്രൂഷയ്ക്കായി എത്തിയ പാരീഷ് കൗൺസിൽ അംഗങ്ങൾ എന്നിവർക്ക് ആത്മാർത്ഥമായ നന്ദി അറിയിക്കുന്നു. ഓരോ ഫൊറോനാ കേന്ദ്രത്തിലും സംഗമം നടന്ന തീയതിയും പങ്കെടുത്തവരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

| തീയതി | ഫൊറോന | പങ്കെടുത്തവരുടെ എണ്ണം |
|---|---|---|
| 27-06-2023 | പേരാവൂർ | 700 |
| 27-06-2023 | എടൂർ | 450 |
| 28-06-2023 | മണിക്കടവ് | 300 |
| 28-06-2023 | പൈസക്കരി | 350 |
| 29-06-2023 | വായാട്ടുപറമ്പ് | 450 |
| 29-06-2023 | ആലക്കോട് | 425 |
| 30-06-2023 | കുന്നോത്ത് | 400 |
| 27-07-2023 | വെള്ളരിക്കുണ്ട് | 400 |
| 27-07-2023 | ചെറുപുഴ | 400 |
| 05-08-2023 | നെല്ലിക്കാംപൊയിൽ | 350 |
| 07-08-2023 | മാലോം | 300 |
| 07-08-2023 | പനത്തടി | 425 |
| 17-08-2023 | കാസർഗോഡ് | 175 |
| 17-08-2023 | കാഞ്ഞങ്ങാട് | 325 |
| 09-09-2023 | മേരിഗിരി | 375 |
| 09-09-2023 | തളിപ്പറമ്പ് | 250 |
| 14-09-2023 | ചെമ്പന്തൊട്ടി | 425 |
| 14-09-2023 | ചെമ്പേരി | 400 |
| 30-09-2023 | തോമാപുരം | 550 |

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

## 2023 സെപ്റ്റംബർ 30 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഫൊറോനാ ദൈവാലയ ഓഡിറ്റോറിയത്തിൽ ചേർന്ന തലശ്ശേരി അതിരൂപതാ പാസ്റ്ററൽ കൗൺസിൽ യോഗറിപ്പോർട്ട്

തലശ്ശേരി അതിരൂപതയുടെ 18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം 2023 സെപ്റ്റംബർ 30ന് തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയ ഓഡിറ്റോറിയത്തിൽ രാവിലെ 10 മണിക്ക് ആരംഭിച്ചു. റവ. ഡോ. സി. റീന എസ്.എച്ച്. പ്രാർത്ഥനക്കു നേതൃത്വം നല്കി. മോൺ. ജോസഫ് ഒറ്റപ്ലാക്കൽ യോഗത്തിന് സ്വാഗതം ആശംസിച്ചു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി മി. ജോർജ് തയ്യിൽ മുൻയോഗത്തിന്റെ റിപ്പോർട്ട് അവതരിപ്പിച്ചു. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച് ഉദ്ഘാടനം നിർവ്വഹിച്ചു. പ്ലാറ്റിനം ജൂബിലിയ്ക്ക് ഒരുക്കമായുള്ള കർമ്മപദ്ധതികൾ മോൺ. ആന്റണി മുതുകുന്നേൽ അവതരിപ്പിച്ചു. അടുത്ത 5 വർഷങ്ങൾ വിവിധ വിഷയങ്ങൾക്ക് പ്രാധാന്യം നല്കിക്കൊണ്ട് അതിരൂപതയിൽ ആചരിക്കുവാൻ തീരുമാനിച്ചു. 2024 ദിവ്യകാരുണ്യവർഷമായി ആചരിക്കുവാൻ തീരുമാനിച്ചു. പ്ലാറ്റിനം ജൂബിലിക്കുവേണ്ടിയുള്ള കർമ്മപദ്ധതികളിൽ ഇനിയും കൂട്ടിച്ചേർക്കുവാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ പ്രോട്ടോസിഞ്ചെല്ലൂസിനെ അറിയിക്കുകയും അതിനുശേഷം അന്തിമ കരട് തയ്യാറാക്കുവാനും തീരുമാനിച്ചു.

പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ പല നിർദ്ദേശങ്ങളും പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ നല്കി. ലഹരി വിരുദ്ധ വർഷവും മാതാധ്യാപകർക്കു പ്രത്യേകവർഷവും, യുവജനങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന കർമ്മപദ്ധതികളും ഉൾപ്പെടുത്തണമെന്ന നിർദ്ദേശങ്ങൾ ഉണ്ടായി. വൃദ്ധരായ മാതാപിതാക്കളെ ശുശ്രൂഷിക്കാനുള്ള പരിശീലനം നല്കുന്ന പദ്ധതി ആരംഭിക്കണമെന്നും നമ്മുടെ സ്വാശ്രയകോളേജിൽ Home Nursing Training Course നല്കാനുള്ള സാധ്യതയെക്കുറിച്ച് പഠിക്കുവാൻ അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു.

ബയോമൗണ്ടൻ പ്രവർത്തനങ്ങളെക്കുറിച്ച് മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി സംസാരിച്ചു. ബയോമൗണ്ടൻ ഉല്പന്നങ്ങൾ നമ്മുടെ സ്ഥാപനങ്ങളിൽ സന്യാസഭവനങ്ങളിലും വാങ്ങി സഹകരിക്കണമെന്ന് നിർദ്ദേശിച്ചു. ബയോമൗണ്ടന്റെ ഒരു യൂണിറ്റ് എങ്കിലും എല്ലാ ഇടവകകളിലും ആരംഭിക്കണമെന്ന് അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. കർഷകർക്ക് ഉപകരിക്കുന്ന രീതിയിൽ ഇടവകകളിൽ ആഴ്ചചന്ത തുടരേണ്ടതിന്റെ ആവശ്യകത സൂചി

പ്പിക്കപ്പെട്ടു. മുരിങ്ങകൃഷി മലയോരത്ത് വളരെ സാധ്യത ഉള്ള കാര്യമാണെന്നും കണ്ണൂർ രൂപതയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിരിക്കുന്ന മുരിങ്ങ കൃഷി പദ്ധതിക്ക് മുഴുവൻ പ്രോത്സാഹനവും നല്കണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. എല്ലാവർക്കും ആരോഗ്യപരിരക്ഷ ലഭിക്കുംവിധം ഏതെങ്കിലും ഇൻഷൂറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പദ്ധതികൾ നടപ്പിലാക്കുവാൻ ശ്രമിക്കണമെന്നും paid old age home പദ്ധതി സാധ്യമാക്കുന്നതിനെക്കുറിച്ച് കൂടുതൽ പഠനങ്ങൾ നടത്തണമെന്നും അഭിവന്ദ്യ പിതാവ് നിർദ്ദേശിച്ചു. എയ്ഞ്ചൽ ഡയാലിസിസ് പദ്ധതി മുന്നോട്ട് കൊണ്ടുപോകുവാൻ ഉപകാരികളെ കണ്ടെത്താൻ ശ്രമിക്കണമെന്നും നിർദ്ദേശമുണ്ടായി.

വിയാനി നിധിയെക്കുറിച്ചുള്ള കാര്യങ്ങൾ അതിരൂപതാ പ്രൊക്യുറേറ്റർ ബഹു. ജോസഫ് കാക്കരമറ്റത്തിൽ അച്ചൻ സംസാരിച്ചു. അഞ്ച് ഉപകാരികളെയെങ്കിലും ഓരോ പാസ്റ്ററൽ കൗൺസിൽ അംഗവും കണ്ടെത്തണം എന്ന മുൻയോഗ തീരുമാനം ഓർമ്മപ്പെടുത്തി. ഇതുവരെ 18 ലക്ഷം രൂപയാണ് വിയാനി നിധിയിലേക്ക് ലഭിച്ചതെന്ന് യോഗത്തെ അറിയിച്ചു.

വയനാട് കരിന്തളം 400 കെ.വി ലൈൻ നിർമ്മാണവുമായി ബന്ധപ്പെട്ട് കർഷകർക്കുണ്ടാകുന്ന പ്രതിസന്ധികളെക്കുറിച്ച് മണിക്കടവ് ഫൊറോനാ വികാരി റവ. ഫാ. പയസ് പടിഞ്ഞാറെമുറിയിൽ സംസാരിച്ചു. മലയോര കർഷകരുടെ കഷിഭൂമിയിലൂടെ കടന്നുപോകുന്ന വൈദ്യുത ലൈൻ സൃഷ്ടിക്കുന്ന പ്രയാസങ്ങൾ ബഹു. പയസ് അച്ചൻ യോഗത്തെ ബോധ്യപ്പെടുത്തി. തുടർന്ന് ഇരിക്കൂർ MLA ശ്രീ. സജീവ് ജോസഫ് ഈ വിഷയത്തെ സംബന്ധിച്ചുള്ള ഗവൺമെന്റ് നിലപാടുകളെക്കുറിച്ച് സംസാരിച്ചു. വിശദമായ ചർച്ചയ്ക്കുശേഷം AKCC തലശ്ശേരി അതിരൂപത ജനറൽ സെക്രട്ടറി ശ്രീ. ബെന്നി പുതിയാംപുറം കർഷകർക്ക് നഷ്ടപരിഹാര പാക്കേജ് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രമേയം അവതരിപ്പിച്ചു. മലയോര കർഷകർ നാടിന്റെ വികസനത്തിനെതിരല്ലയെന്നും അതേസമയം ഇരകളാക്കപ്പെടുന്ന സ്ഥലം ഉടമകളെ വഴിയാധാരമാകുവാൻ സമ്മതിക്കില്ലയെന്നും പ്രമേയത്തിൽ പ്രസ്താവിച്ചു. വിപണിവില അടിസ്ഥാനമാക്കി ദേശീയപാത, കണ്ണൂർ വിമാനതാവളം ഭൂമി ഏറ്റെടുക്കൽ എന്നീ മാതൃകകളിൽ ഇരകൾക്ക് നഷ്ടപരിഹാരം നല്കണം, കൃഷിഭൂമികൾക്കും വീടുകൾക്കും പരമാവധി നാശം കുറയ്ക്കുവാൻ സാധിക്കുംവിധം അലൈന്മെന്റ് മാറ്റം വരുത്തുവാനുള്ള സാധ്യത പരിശോധിക്കണം, നഷ്ടപരിഹാരം ആദ്യം നല്കിയതിനുശേഷം മാത്രമേ കർഷകരുടെ ഭൂമിയിൽ ഉദ്യോഗസ്ഥർ പ്രവേശിക്കാവൂ, ജനപ്രതിനിധികളുമായി കൂടിയാലോചിക്കാതെ പദ്ധതികൾ സർക്കാർ നടപ്പിലാക്കരുത് എന്നീ

ആവശ്യങ്ങളും പ്രമേയത്തിൽ ഉൾപ്പെടുത്തിയിരുന്നു. പരമാവധി ഉയരത്തിൽ ടവറുകൾ നിർമ്മിക്കണമെന്നും അഭിവന്ദ്യ പിതാവ് ഈ വിഷയത്തെക്കുറിച്ച് സംസാരിച്ചപ്പോൾ ആവശ്യപ്പെട്ടു. കർഷകർ നിരന്തരം ഉന്നയിക്കുന്ന ആനമതിൽ നിർമ്മാണം ആരംഭിച്ച ഗവൺമെന്റിനെ പാസ്റ്ററൽ കൗൺസിൽ അഭിനന്ദിച്ചു. നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു.

ദീപിക ഡയറക്ടർ ബോർഡ് അംഗമായ മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി, ശ്രീ. ഡെന്നി തോമസ് വട്ടക്കുന്നേൽ, ഇൻഡ്യൻ റവന്യൂ സർവ്വീസിൽ കമ്മീഷണറായി നിയമിതനായ കണ്ണൂർ തിരുക്കുടുംബ ഇടവകാംഗമായ ശ്രീ. ബേബി പള്ളിപ്പാടൻ, എ.കെ.സി.സി ഗ്ലോബൽ ഡയറക്ടർ ആയി നിയമിതനായ റവ. ഡോ. ഫാ. ഫിലിപ്പ് കവിയിൽ, പി.സി. അബ്രാഹം (കുഞ്ഞേട്ടൻ) മെമ്മോറിയൽ പ്രേഷിത അവാർഡ് നേടിയ ശ്രീമതി ഏലിക്കുട്ടി എടാട്ട് എന്നിവരെ അഭിവന്ദ്യ പിതാവ് ഷാൾ അണിയിച്ചും ഫലകം നല്കിയും ആദരിച്ചു.

18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ സംക്ഷിപ്ത റിപ്പോർട്ട് ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തുകുന്നേൽ അവതരിപ്പിച്ചു. 7 യോഗങ്ങളാണ് 18-ാമത് പാസ്റ്ററൽ കൗൺസിലിൽ നടന്നത്. കോവിഡ് കാലമായതിനാൽ ഈ പാസ്റ്ററൽ കൗൺസിലിന്റെ മൂന്നു യോഗങ്ങൾ ഓൺലൈൻ ആയിട്ടാണ് നടന്നത്. ഒട്ടനവധി പദ്ധതികൾ ചർച്ചചെയ്യുകയും അന്ന് നടപ്പിലാക്കുകയും ചെയ്തകാര്യം സംക്ഷിപ്ത റിപ്പോർട്ടിൽ പരാമർശിച്ചു. തുടർന്ന് സെക്രട്ടറിയായി പ്രവർത്തിച്ച ശ്രീ. ജോർജ് തയ്യിൽ യോഗത്തെ അഭിസംബോധന ചെയ്തു സംസാരിച്ചു. മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ എല്ലാവർക്കും നന്ദി പ്രകാശിപ്പിച്ചു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെ 18-ാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാനയോഗം ഉച്ചയ്ക്ക് 1 മണിക്ക് സമാപിച്ചു.

**ജോർജ് തയ്യിൽ**
*സെക്രട്ടറി*

# സെമിനാരി വാർത്തകൾ

**1. അൾത്താരശുശ്രൂഷികളുടെ ഫൊറോനാതല പരിശീലനം**

അതിരൂപതാ വൊക്കേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ വിവിധ ഫൊറോനകളിലെ അൾത്താര ശുശ്രൂഷികൾക്ക് പരിശീലന പരിപാടി സംഘടിപ്പിച്ചു. പനത്തടി, വെള്ളരിക്കുണ്ട്, എടൂർ, മണിക്കടവ്, വായാട്ടുപറമ്പ, ആലക്കോട്, പേരാവൂർ എന്നീ ഫൊറോനകളിൽ നിന്നുമായി 600 ലധികം അൾത്താരശുശ്രൂഷകർ പങ്കെടുത്തു.

മറ്റ് ഫൊറോനകളിൽ ഈ പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ ചിൽഡ്രൻ അപ്പസ്റ്റൊലേറ്റ് ചുമതലയുള്ള വൈദികർ മുൻകൈയെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**2. അൾത്താരശുശ്രൂഷകർക്കുള്ള വസ്ത്രം**

അൾത്താരശുശ്രൂഷകർക്കായി അതിരൂപതാതലത്തിൽ തയ്യാറാക്കിയ വസ്ത്രം ആവശ്യമുള്ളവർ അതിരൂപത വൊക്കേഷൻ പ്രൊമോട്ടറുമായി ബന്ധപ്പെടുമല്ലോ Mob : 9400652328.

**3. COME & SEE**

നമ്മുടെ മൈനർ സെമിനാരിയിൽ ചേരാൻ താല്പര്യമുള്ള കുട്ടികൾക്കായി COME & SEE പ്രോഗ്രാം സംഘടിപ്പിക്കുന്നു. 2023 ഡിസംബർ 30, 31 തീയതികളിൽ മൈനർ സെമിനാരിയിൽ വച്ചു നടത്തുന്ന ഈ പ്രോഗ്രാമിലേയ്ക്ക് എല്ലാ ഇടവകകളിൽ നിന്നും അതിരൂപതയ്ക്കുവേണ്ടി വൈദികൻ ആകാൻ ആഗ്രഹിക്കുന്ന കുട്ടികളെ പറഞ്ഞയക്കണമെന്ന് ബഹു. വൈദികരോട് അഭ്യർത്ഥിക്കുന്നു. ഈ ക്യാമ്പ് ഡിസംബർ 30 ശനിയാഴ്ച ഉച്ചയ്ക്ക് 12:30 ന് ആരംഭിച്ച് ഞായറാഴ്ച 2 മണിക്ക് സമാപിക്കുന്നതാണ്.

**4. റീജൻസിക്കാരുടെ സ്ഥലംമാറ്റം**

നമ്മുടെ അതിരൂപതയിലെ വിവിധ കേന്ദ്രത്തിൽ സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ചതിനുശേഷം പുതിയ ഇടങ്ങളിലേയ്ക്ക്

സ്ഥലം മാറിപോകുന്ന റീജൻസി ബ്രദേഴ്സിന് പ്രാർത്ഥനാശംസകൾ നേരുന്നു.

| | Name | October - April 2024 |
|---|---|---|
| 1 | Ambalathunkal Thomas (Jeevan) | Belthangady |
| 2 | Ashariyattu Varghese (Sijin) | Archbishop's House<br>Mar George Valiamattam |
| 3 | Characheril Sebastian (Alan) | Priest's Home |
| 4 | Ellickel Antony (Akhil) | Priest's Home |
| 5 | Iykkara Thomas | Alpha Institute |
| 6 | Kandamkery Kuriakose (Jemit) | Padannakkadu |
| 7 | Kavukattu Alex (Sobin) | Kunnoth, Mar George Njaralakatt |
| 8 | Kuriyalapuzha George (Joyal) | Sandesabhavan |
| 9 | Mannur Emmanuel (Jobin) | Karunalayam Chemberi |
| 10 | Moolethottathil Belbin | Minor Seminary |
| 11 | Murattupoovathinkal Joseph (Abin) | Mother Home |
| 12 | Puthenpurackal Scaria (Shinoj) | Archbishop's House |
| 13 | Thurakkal Joseph (Dominic) | Family Apostolate |
| 14 | Valuvettickal Joseph (Albert) | Catechism |
| 15 | Vellakkottil Scaria (Anil) | Boys Town, Kunnoth |

**5. അഭിനന്ദനങ്ങൾ**

a) **ബ്രദർ ബെൽബിൻ മൂലത്തോട്ടത്തിൽ :** ഭാരതീയാർ യൂണിവേഴ്സിറ്റിയിൽ നിന്നും ഹിസ്റ്ററിയിൽ ബിരുദാനന്തരബിരുദത്തിൽ ഗോൾഡൻ മെഡലോടെ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ബ്രദർ ബെൽബിൻ മൂലത്തോട്ടത്തിന് അഭിനന്ദനങ്ങൾ നേരുന്നു. വെള്ളരിക്കുണ്ട് ഇടവകാംഗമായ ബ്രദർ ബെൽബിൽ തലശ്ശേരി മൈനർ സെമിനാരിയിലെ റീജൻസിക്കാരൻ ആണ്.

b) **ബ്രദർ അലക്സ് വേലംകുന്നേൽ :** കണ്ണൂർ യൂണിവേഴ്സിറ്റി തലത്തിൽ നടത്തിയ ചെസ്സ് മത്സരത്തിൽ 2-ാം സ്ഥാനം കരസ്ഥമാക്കിയ ബ്രദറിന് അനുമോദനങ്ങൾ. തോമാപുരം ഇടവകാംഗമായ ബ്രദർ അലക്സ് ബ്രണ്ണൻ കോളേജിലെ 3-ാം വർഷ ബിരുദവിദ്യാർത്ഥിയാണ്.

| | |
|---|---|
| **ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ** | **ഫാ. ജോർജ് കരോട്ട്** |
| *വൊക്കേഷൻ പ്രൊമോട്ടർ* | *റെക്ടർ* |
| 9400652328 | 8304871142 |

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും
മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

**1. മതാധ്യാപകദിനം നവംബർ 4**

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനമായ നവംബർ 4-നാണ് മതാധ്യാപകദിനം. എല്ലാ സൺഡേ സ്കൂളുകളിലും നവംബർ 5-ാം തീയതി ഞായറാഴ്ച മതാധ്യാപകദിനം ആചരിക്കുകയും അധ്യാപകർക്ക് സമ്മാനങ്ങൾ നൽകുകയും ചെയ്യണം. ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് മതാധ്യാപകദിനം സമുചിതമായി ആഘോഷിക്കാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. അതിരൂപതയിലെ എല്ലാ വിശ്വാസപരിശീലകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങളും പ്രാർത്ഥനകളും ആശംസിക്കുകയും അധ്യാപകരുടെ ശുശ്രൂഷയെ നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു.

**2. അസൈൻമെന്റ് ക്ലാസ് XII**

പന്ത്രണ്ടാം ക്ലാസിലെ കുട്ടികളുടെ ഈ അധ്യയനവർഷത്തെ അസൈൻമെന്റിന്റെ വിഷയം **'മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും'** എന്നതാണ്. കുട്ടികളെ വിഷയം നേരത്തേ അറിയിച്ച് അസൈൻമെന്റ് എഴുതാനുള്ള ക്രമീകരണങ്ങൾ അവർക്കു ചെയ്തുകൊടുക്കുമല്ലോ. അസൈൻമെന്റ് ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി **നവംബർ 30 ആണ്.** ഇക്കാര്യം കുട്ടികളെ നേരത്തെ അറിയിച്ച് അസൈൻമെന്റ് എഴുതാൻ അവരെ ഒരുക്കേണ്ടതാണ്. ആമുഖം, ഉള്ളടക്കം, ഉപസംഹാരം, റഫറൻസ് ഗ്രന്ഥങ്ങൾ എന്നിവ അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുറഞ്ഞത് പത്തുപേജെങ്കിലും അസൈൻമെന്റിന് ഉണ്ടായിരിക്കണം. കുട്ടിയുടെ മാമ്മോദീസാപേരും ബ്രായ്ക്കറ്റിൽ വിളിപ്പേരും വീട്ടുപേരും ഇടവകയും അസൈൻമെന്റിൽ എഴുതിയിരിക്കണം. താഴെ കൊടുത്തിരിക്കുന്ന മൂന്ന് അധ്യായങ്ങളെ ആസ്പദമാക്കിയാണ് വിഷയാവതരണം നടത്തേണ്ടത്.

**വിഷയം: "മാധ്യമങ്ങളുടെ നന്മയും അവ ഉയർത്തുന്ന വെല്ലുവിളികളും"**

അധ്യായം1 : മാധ്യമങ്ങളും അവയുടെ നന്മയും

2 : മാധ്യമങ്ങൾ ഉയർത്തുന്ന വെല്ലുവിളികൾ

3 : മാധ്യമങ്ങളെ എങ്ങനെ സമൂഹ നന്മയ്ക്കായി വിനിയോഗിക്കാം.

## 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII)

ഈ അധ്യയനവർഷം 12-ാം ക്ലാസിൽ പഠിക്കുന്ന റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ **നവംബർ 11-നുള്ളിൽ** പൂർത്തിയാക്കേണ്ടതാണ്. ഹെഡ്മാസ്റ്റർമാർക്ക് തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോമിൽ കുട്ടികളുടെ മാമ്മോദീസ പേര്, സ്കൂളിലെ പേര്, വീട്ടുപേര്, ജനനതീയതി, മാമ്മോദീസ തീയതി, മാതാപിതാക്കളുടെ മാമ്മോദീസ പേര് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം. തീയതികൾ കൃത്യമായും പേരുകൾ അക്ഷരതെറ്റുകൂടാതെയും ചേർക്കേണ്ടതാണ്. ആവശ്യമായ വിവരങ്ങൾ കുട്ടികളുടെ പക്കൽ നിന്നും ശേഖരിച്ചതിനുശേഷം ഫോം പൂരിപ്പിച്ച് കുട്ടികളെ കാണിച്ച് ആവശ്യമായ തിരുത്തലുകൾ വരുത്തിയിട്ടായിരിക്കണം രജിസ്ട്രേഷൻ ഫോമുകൾ ഓഫീസിലേക്ക് അയക്കേണ്ടത്. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല. **സർട്ടിഫിക്കറ്റിൽ പിന്നീട് വരുന്ന തിരുത്തലുകൾക്ക് ഫൈൻ ഈടാക്കുന്നതായിരിക്കും.**

**നിർദ്ദേശങ്ങൾ**

a. Internal Assesment മാർക്ക് ഇപ്പോൾ ചേർക്കേണ്ടതില്ല. കുട്ടികൾക്ക് രജിസ്ട്രേഷൻ നമ്പർ ഓഫീസിൽ നിന്നും നൽകി ഫോം തിരികെ നൽകുന്നതാണ്. അപ്പോഴാണ് ഇന്റേണൽ മാർക്ക് ചേർക്കേണ്ടത് (പരമാവധി 25 മാർക്ക്). മാർക്ക് കണക്കാക്കുമ്പോൾ വിശ്വാസപരിശീലനത്തിൽ കുട്ടിയുടെ ഭാഗഭാഗിത്വം, ക്ലാസ്സ് ടെസ്റ്റുകളിൽ കുട്ടിയുടെ പങ്കാളിത്തം, മതബോധന മണിക്കൂറിലെ പങ്കാളിത്തം, വി. കുർബാനയിൽ കുട്ടിയുടെ ഭാഗഭാഗിത്വം, സോൾട്ട് etc... കണക്കിലെടുക്കേണ്ടതാണ്.

b. രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് നൽകിയിരിക്കുന്നത് അപൂർണ്ണമാണെങ്കിൽ പരീക്ഷയെഴുതാൻ അനുവദിക്കുന്നതല്ല.

c. രജിസ്ട്രേഷൻ ഫോം ഇംഗ്ലീഷിലായിരിക്കണം പൂരിപ്പിക്കേണ്ടത്.

d. **നവംബർ 11-നുള്ളിൽ** ഓഫീസിൽ ലഭിക്കത്തക്കവിധം രജിസ്ട്രേഷൻ ഫോം (സ്പീഡ് പോസ്റ്റ്/രജിസ്റ്റർ) അയക്കേണ്ടതാണ്.

## 4. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

മുൻവർഷങ്ങളിൽ നടത്തിയ XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2023 ജനുവരി 26-ന് നടത്തുന്ന പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ

കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക് കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 11-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കേണ്ടതാണ്.

### 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വിശ്വാസപരിശീലനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി **നവംബർ 11-ന്** ഓഫീസിൽ ലഭിക്കത്തക്കവിധം അയയ്ക്കണം. അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

### 6. ക്രിസ്മസ് പരീക്ഷ ഡിസംബർ 10

ക്രിസ്മസ് പരീക്ഷ ഡിസംബർ 10 ഞായറാഴ്ച്ച രാവിലെ 11.30 മുതൽ 1.30 വരെയാണ്. പരീക്ഷയ്ക്ക് ഒരുങ്ങേണ്ട പാഠഭാഗങ്ങൾ താഴെക്കൊടുക്കുന്നു.

| | | |
|---|---|---|
| ക്ലാസ് I, II | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് III | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>5-8 അദ്ധ്യായങ്ങൾ |
| ക്ലാസ് IV-VII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് VIII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>6-10 അദ്ധ്യായങ്ങൾ |
| ക്ലാസ് IX | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് X | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>ഭാഗം 2:1-5അദ്ധ്യായങ്ങൾ |
| ക്ലാസ് XI | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 5-8 അദ്ധ്യായങ്ങൾ<br>3-4 അദ്ധ്യായങ്ങൾ |
| ക്ലാസ് XII | പാഠപുസ്തകം<br>ഉപപാഠപുസ്തകം | 6-10 അദ്ധ്യായങ്ങൾ<br>സത്യമറിയാൻ (പേജ് 25-47) |

**NB:** ഏതെങ്കിലും കാരണത്താൽ പരീക്ഷ (ഓണം, ക്രിസ്മസ്) എഴുതാൻ സാധിക്കാത്തവർക്ക് പിന്നീട് പ്രൈവറ്റായി ക്ലാസ് ടീച്ചർ പരീക്ഷ നടത്തേണ്ടതാണ്.

### 7. ജനറൽ ചോദ്യങ്ങൾ

ക്രിസ്മസ് പരീക്ഷയുടെ ജനറൽ ചോദ്യങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പിൽ **നവംബർ 26-ന്** പ്രസിദ്ധീകരിക്കുന്നതായിരിക്കും. **4 മുതൽ 7 വരെയുള്ള ക്ലാസുകൾക്കും 8 മുതൽ 12 വരെയുള്ള ക്ലാസുകൾക്കും** വ്യത്യസ്ത ജനറൽ ചോദ്യങ്ങളാണ് ഉള്ളത്. അധ്യാപകർ ജനറൽ ചോദ്യങ്ങൾ കുട്ടികൾക്ക് നല്കി അവരെ ഒരുക്കേണ്ടതാണ്.

### 8. മതബോധന മണിക്കൂർ

ഈ പ്രവർത്തനവർഷം മുതൽ കുട്ടികളെ അനുധാവനം ചെയ്യുന്നതിന്റെ ഭാഗമായി മതബോധന മണിക്കൂർ (എല്ലാ ശനിയാഴ്ചയും രാത്രി 8 മണി മുതൽ 9 മണി വരെ) എന്ന പുതിയ സംരംഭം ആരംഭിച്ചുവല്ലോ. കുടുംബമാണല്ലോ പ്രഥമ വിശ്വാസപരിശീലനവേദി. കുട്ടികളും മാതാപിതാക്കളും ഒരുമിച്ച് വിശ്വാസപരിശീലന സംബന്ധമായ കാര്യങ്ങൾ പഠിക്കുകയും ചർച്ച ചെയ്യുകയും ചെയ്യുന്ന സമയമാണ് മതബോധന മണിക്കൂർ. ക്ലാസ് അധ്യാപകരുടെ വാട്സ്ആപ്പ് ഗ്രൂപ്പുവഴി മതബോധന മണിക്കൂറിൽ ചർച്ച ചെയ്യുകയും പഠിക്കുകയും ചെയ്യേണ്ട കാര്യങ്ങൾ നൽകുന്നതാണ്. വിശ്വാസപരിശീലകർ അവ കുട്ടികൾക്ക് നൽകണം. മതബോധന മണിക്കൂറിൽ പഠിക്കാനും ചർച്ച ചെയ്യാനും കൊടുത്ത കാര്യങ്ങൾ കുടുംബങ്ങളിൽ ചെയ്തിട്ടുണ്ടെന്ന് വിശ്വാസപരിശീലകർ ഉറപ്പുവരുത്തേണ്ടതാണ്.

### 9. ഫുൾഡേ ക്ലാസ്

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തുമല്ലോ. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ, സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

### 10. എയ്ഞ്ചൽസ് നേഴ്സറി

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിൽ ഇതിനോടകം വളരെയധികം സൺഡേ സ്കൂളുകളിൽ ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായുള്ള എയ്ഞ്ചൽസ് നേഴ്സറി ആരംഭിച്ചു. ഈ വർഷവും സാധിക്കുന്നത്ര സൺഡേ സ്കൂളുകളിൽ എയ്ഞ്ചൽസ് നേഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

### 11. ഒക്ടോബർ മാസത്തിൽ നടന്ന സെമിനാർ - നന്ദി

മേരിഗിരി, തളിപ്പറമ്പ്, വെള്ളരിക്കുണ്ട് എന്നീ ഫൊറോനകളിൽ വിശ്വാസപരിശീലകർക്ക് ഏകദിന സെമിനാർ നടത്തി. റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഫാ. ലിജോ തടത്തിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. സെമിനാറിന്റെ സുഖമമായ നടത്തിപ്പിന് സഹകരിച്ച എല്ലാ ബഹു. ഫൊറോന ഡയറക്ടറച്ചന്മാർക്കും വിശ്വാസപരിശീലകർക്കും നന്ദി.

## 12. "സോൾട്ട് 2023"

ഒക്ടോബർ 29 മുതൽ പ്ലസ്ടു കുട്ടികളുടെ റീജിയണൽ സംഗമങ്ങൾ **"സോൾട്ട് 2023"** ആരംഭിച്ചു. സംഗമം ഞായറാഴ്ച രാവിലെ 9 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച് വൈകുന്നേരം 4 മണിക്ക് അവസാനിക്കും. ആനുകാലിക വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസ്സുകളാണ് സംഗമ ത്തിൽ നൽകുന്നത്. കുട്ടികളോടൊപ്പം ക്ലാസ്സധ്യാപകരും സംഗമത്തിൽ പങ്കെടുക്കുന്നു. രജിസ്ട്രേഷൻ ഫീസായി ഒരു കുട്ടി നൽകേണ്ടത് 150 രൂപ യാണ്.

| തീയതി | സ്ഥലം | പങ്കെടുക്കേണ്ട ഫൊറോനകൾ |
|---|---|---|
| ഒക്ടോബർ 29 | ആലക്കോട് | ആലക്കോട്, മേരിഗിരി, തളിപ്പറമ്പ്, വായാട്ടുപറമ്പ് |
| നവംബർ 05 | ചെറുപുഴ | ചെറുപുഴ, മാലോം, തോമാപുരം, വെള്ളരിക്കുണ്ട് |
| നവംബർ 12 | എടൂർ | എടൂർ, പേരാവൂർ |
| നവംബർ 26 | രത്നഗിരി | ചെമ്പേരി, ചെമ്പന്തൊട്ടി, പൈസക്കരി |
| ഡിസംബർ 03 | ഗുഡ്ഷെപ്പേർഡ് പാസ്റ്ററൽ സെന്റർ, പടന്നക്കാട് | കാഞ്ഞങ്ങാട്, കാസർഗോഡ്, പനത്തടി |
| ജനുവരി 07 | ഉളിക്കൽ | കുന്നോത്ത്, മണിക്കടവ്, നെല്ലിക്കാംപൊയിൽ |

## 13. അതിരൂപതാ വിസിറ്റേഴ്സ് സന്ദർശനം

2023-2024 അധ്യയനവർഷത്തെ സൺഡേസ്കൂൾ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുവേണ്ടിയുള്ള അതിരൂപതാ വിസിറ്റേഴ്സിന്റെ സന്ദർ ശനം സെപ്റ്റംബർ മാസത്തിൽ ആരംഭിച്ചു. വിസിറ്റർ വരുന്ന വിവരം തലേ ഞായറാഴ്ച്ച കുട്ടികളെ അറിയിക്കുകയും വി. കുർബ്ബാന കഴിഞ്ഞുള്ള പൊതു കൂട്ടായ്മയിലും സ്റ്റാഫ് മീറ്റിംഗിലും വിസിറ്ററിനു സ്വാഗതം പറയേണ്ടതും കുട്ടികളെ പൊതുവായി കാണുന്നതിനുള്ള അവസരം ക്രമീകരിക്കേണ്ടതു മാണ്. **സ്റ്റാഫ് മീറ്റിംഗിൽ മുഴുവൻ അധ്യാപകരുടെയും സാന്നിധ്യം ഉണ്ടാ യിരിക്കണം. അവരുടെ യാത്രയ്ക്കാവശ്യമായ റ്റി.എ. സൺഡേ സ്കൂളിൽ നിന്നും കൊടുക്കേണ്ടതാണ്.** ബഹു. ഹെഡ്മാസ്റ്റർമാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## നവംബർ മാസത്തിലെ അതിരൂപത വിസിറ്റ്

**05-11-2023:** കോളയാട്, കാലിച്ചാമരം, പെർള, പടിയൂർ, ഏറ്റുപാറ, രണ്ടാംക ടവ്, പറമ്പ, കരിക്കോട്ടക്കരി, ഉമ്മറപൊയിൽ, കാലിച്ചാനടുക്കം, പച്ചാണി, കുന്നുംകൈ, ഒറ്റത്തൈ, കുടിയാൻമല. **12-11-2023:** ആര്യപ്പറമ്പ്, ബളാൽ, കുമ്പള, ഇരിട്ടി, ചന്ദനക്കാംപാറ, മാടത്തിൽ, ആനമഞ്ഞൾ, മാങ്ങോട്, തിരു മേനി, കോടോത്ത്, മേരിഗിരി, മണ്ഡപം, മേലേചൊവ്വ, വിജയഗിരി, അരീ

ക്കമല. **19-11-2023 :** നെടുംപുറംചാൽ, ഭീമനടി, ബദിയടുക്ക, തേർമല, മുത്താറിക്കുളം, കിളിയന്തറ, മാലോം, വെളിമാനം, ചെറുപുഴ, ഉദയപുരം, പരിയാരം, രയറോം, തയ്യേനി, അരിവിളഞ്ഞപൊയിൽ, ചെമ്പേരി. **26-11-2023 :** നിർമലഗിരി, മുള്ളേരിയ, കല്ലുവയൽ, ആടാംപാറ, ആനപ്പന്തി, എടൂർ, കാഞ്ഞിരടുക്കം, പയ്യന്നൂർ, കോടോപ്പള്ളി, കണ്ണിവയൽ, മണക്കടവ്, പൂപ്പറമ്പ്.

## 14. ഓഫീസ്, റിക്കാർഡുകൾ

എല്ലാ സൺഡേസ്കൂളുകളിലെയും ഓഫീസും റിക്കാർഡുകളും ഈ അധ്യയന വർഷം പുനഃക്രമീകരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഓഫീസ്, റിക്കാർഡുകൾ, ഫയലുകൾ തുടങ്ങിയവ ഹെഡ്മാസ്റ്ററിന്റെയും സെക്രട്ടറിയുടേയും നേതൃത്വത്തിൽ ക്രമമാക്കേണ്ടതും ചിട്ടയായി സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിൽ ലെറ്റർപാഡും സീലും ഉണ്ടായിരിക്കേണ്ടതാണ്.

## 15. ആസ്പെക്ട് 2023-2024

2023-2024 വിശ്വാസപരിശീലനവർഷത്തിൽ അധ്യാപകരുടെ തുടർപരിശീലനത്തിനായി ഉപയോഗിക്കുന്നത് സീറോമലബാർ മതബോധന കമ്മീഷൻ പ്രസിദ്ധീകരിച്ചിരിക്കുന്ന **"സീറോമലബാർസഭയുടെ ആരാധനക്രമവിശ്വാസപരിശീലനം"** എന്ന പുസ്തകമാണ്. 282 പേജുകളുള്ള ഈ പുസ്തകത്തിന് 110 രൂപയാണ് വിലയായി നല്കേണ്ടത്. ആദ്യത്തെ പത്ത് അധ്യായങ്ങളാണ് പഠിക്കേണ്ടത്. ഒന്നു മുതൽ ഏഴുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി മൂന്ന് ഓൺലൈൻ പരീക്ഷകളും എട്ടു മുതൽ പത്തുവരെയുള്ള അധ്യായങ്ങളെ ആസ്പദമാക്കി ഒരു എഴുത്തുപരീക്ഷയും നടത്തുന്നതാണ്.

**നിർദ്ദേശങ്ങൾ**

a. ഗൂഗിൾ ഫോമിലൂടെ ആയിരിക്കും പരീക്ഷ നടത്തുന്നത്.
b. 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉണ്ടായിരിക്കും.
c. പുസ്തകത്തിന്റെ 1 മുതൽ 37 വരെയുള്ള പേജുകളിൽ നിന്നായിരിക്കും ചോദ്യങ്ങൾ ഉണ്ടാവുക.
d. ഒരാൾ ഒരു പ്രാവശ്യം മാത്രമേ ഉത്തരങ്ങൾ പൂരിപ്പിച്ച് അയക്കുവാൻ പാടുള്ളൂ.
e. പരീക്ഷയുടെ സമയം 15 മിനിറ്റായിരിക്കും.
f. ഉത്തരങ്ങൾ സബ്മിറ്റ് ചെയ്തതിന്ശേഷം മാർക്കിന്റെ സ്ക്രീൻഷോട്ട് എടുത്ത് ഹെഡ്മാസ്റ്ററിന് നൽകേണ്ടതാണ്.
g. അധ്യാപകർക്ക് ലഭിച്ച മാർക്കുകൾ ഹെഡ്മാസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 16. ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രമായ 'ഗിരിദീപം' എല്ലാ പ്രധാനാധ്യാപകർക്കും അയയ്ക്കുന്നുണ്ട്. അഡ്രസ്സ് മാറ്റേണ്ടവരും ഗിരിദീപം ലഭിക്കാത്തവരും ഓഫീസിൽ അറിയിക്കേണ്ടതാണ്. എല്ലാ മാസത്തെയും ആദ്യത്തെ

ഞായറാഴ്ചത്തെ സ്റ്റാഫ് മീറ്റിംഗിൽ വിശ്വാസ പരിശീലനത്തെ സംബന്ധിച്ച് ഗിരിദീപത്തിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾ പ്രധാനാധ്യാപകൻ സ്റ്റാഫംഗങ്ങളെ അറിയിക്കുകയും ചർച്ചചെയ്യുകയും ചെയ്യേണ്ടതാണ്.

**17. രാജത്വത്തിരുനാൾ - നവംബർ 26**

മിശിഹായുടെ രാജത്വത്തിരുനാൾ ദിനമായ നവംബർ 26-ാം തീയതി എല്ലാ ഇടവകകളിലും സമുചിതമായി ആഘോഷിക്കുവാൻ വേണ്ട ക്രമീകരണങ്ങൾ നടത്തുമല്ലോ.

**18. സീറോ മലബാർ പ്രതിഭാ അവാർഡ്**

ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 72 കുട്ടികൾക്കായി ചെമ്പേരി വിമൽജ്യോതി എഞ്ചിനിയറിംഗ് കോളേജിൽ വച്ച് ഒക്ടോബർ 14, 15 തീയതികളിൽ അതിരൂപതാതല ക്യാമ്പ് സംഘടിപ്പിച്ചു. റവ. ഫാ. സോണി വടശ്ശേരിൽ, റവ. ഫാ. ജിൻസ് പ്ലാവുനിൽക്കുംപറമ്പിൽ, റവ. ഫാ. ജിതിൻ വയലുങ്കൽ, റവ. ഡോ. ജേക്കബ് വെണ്ണായപ്പിള്ളിൽ, റവ. സി. സോണിയ തെരേസ് ഡിഎസ്ജെ, ശ്രീ. ജോബി ജോൺ മൂലയിൽ എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നല്കി. റവ. സി. റോസിലിയ എൻഎസ്, റവ. സി. ജോസ്ന സിഎംസി, റവ. സി. ലീന എൻഎസ്, റവ. സി. സീന സേവ്യർ എഫ്സിസി, ബ്രദർ അഖിൽ ഇല്ലിക്കൽ എന്നിവർ ക്യാമ്പിന്റെ സുഗമമായ നടത്തിപ്പിന് സഹകരിച്ചു. ക്യാമ്പിന് സൗകര്യങ്ങൾ ഒരുക്കിതന്ന വിമൽ ജ്യോതി എഞ്ചിനിയറിംഗ് കോളേജിലെ എല്ലാ ബഹു. വൈദികർക്കും സ്റ്റാഫ് അംഗങ്ങൾക്കും നന്ദി.

**അതിരൂപതാ പ്രതിഭകളായി തിരഞ്ഞെടുക്കപ്പെട്ടവർ**

| പേര് വീട്ടുപേര് | ഇടവക | ഫൊറോന |
|---|---|---|
| ജോൺ ശാശ്ശേരിൽ | മണിക്കടവ് | മണിക്കടവ് |
| മാത്യു താഴത്തുവടക്കേൽ | ചെമ്പേരി | ചെമ്പേരി |
| ക്ലെയർ ആനാനിഉറുമ്പേൽ | മാലോം | മാലോം |
| തെരേസ അയ്യങ്കാനാൽ | ചെമ്പേരി | ചെമ്പേരി |

**19. മിഷൻ ഞായർ ഒക്ടോബർ 22 - നന്ദി**

ആഗോളമിഷൻ ഞായറായ ഒക്ടോബർ 22-ാം തീയതി എല്ലാ സൺഡേ സ്കൂളുകളും സമുചിതമായി ആചരിച്ചു. എല്ലാവർക്കും അഭിനന്ദനങ്ങൾ.

**20. Mission Quest 2022 - നന്ദി**

സീറോമലബാർ മിഷൻ ഓഫീസും മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കുംവേണ്ടി നടത്തിയ മിഷൻ ക്വിസ്സിൽ അതിരൂപതയിൽ നിന്നും ധാരാളം കുട്ടികളും മുതിർന്നവരും പങ്കെടുത്തു. പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങൾ.

**21. പ്രധാനാധ്യാപകരുടെ മീറ്റിംഗ് - നന്ദി**

ഒക്ടോബർ 13-ന് നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ പ്രധാനധ്യാപകർക്കും നന്ദി.

**22. EduSpark**

കുട്ടികളെ അനുധാവനം ചെയ്യുക എന്ന ലക്ഷ്യം മുൻനിർത്തി അതിരൂപത ആരംഭിച്ചിരിക്കുന്ന പുതിയ സംരംഭമാണ് EduSpark. യുവജനങ്ങളോടൊപ്പം സഞ്ചരിക്കുക, അഭിരുചി, വിദ്യാഭ്യാസം, വൈദഗ്ധ്യം എന്നിവയെല്ലാം ഉൾക്കൊള്ളുന്ന ഗുണനിലവാരമുള്ള പ്രൊഫൈൽ ഉണ്ടാക്കാൻ സഹായിക്കുക, ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങൾ-കോഴ്സുകൾ പരിചയപ്പെടുത്തുക, വിവിധ സ്കോളർഷിപ്പുകൾ, മത്സരപരീക്ഷകൾ, പ്രവേശനപരീക്ഷകൾ എന്നിവയെപ്പറ്റി അറിവ് നൽകുക, വിദ്യാഭ്യാസ-തൊഴിൽ മേഖലകളെക്കുറിച്ചുള്ള അറിവ് നൽകുക തുടങ്ങി വ്യത്യസ്തങ്ങളായ ലക്ഷ്യങ്ങളാണ് EduSpark-ന് ഉള്ളത്. തുടക്കത്തിൽ പന്ത്രണ്ടാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളെ ചേർത്തുകൊണ്ടാണ് ഈ പ്രോഗ്രാം ആരംഭിക്കുന്നത്.

**23. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2023-2024 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ, പാഠപുസ്തകങ്ങൾ, ഉപപാഠ പുസ്തകങ്ങൾ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. താഴെ കൊടുത്തിരിക്കുന്ന അക്കൗണ്ടിലേയ്ക്കാണ് തുക ട്രാൻസ്ഫർ ചെയ്യേണ്ടത്. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL0000078
Bank : South Indian Bank, Thalassery

**24. ഡയറക്ടറച്ചൻമാരുടെ സന്ദർശനം**

ഡയറക്ടറച്ചൻ ചുള്ളി, ആനമഞ്ഞൾ, ജയഗിരി, കനകക്കുന്ന് എന്നീ സൺഡേ സ്കൂളുകളിലും അസി. ഡയറക്ടറച്ചൻ കരയത്തുംചാൽ, വിളക്കന്നൂർ എന്നീ സൺഡേ സ്കൂളുകളിലും സന്ദർശനം നടത്തി.

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ**
*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റൊലേറ്റ്

## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

### 1. ലോഗോസ് ക്വിസ് – 2023

ലോഗോസ് ക്വിസ് 2023 വിജയകരമാക്കുവാൻ സഹകരിച്ച എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. അതിരൂപതാതലത്തിൽ മികച്ച വിജയം കരസ്ഥമാക്കിയവർക്ക് അഭിനന്ദനങ്ങൾ! ഓരോ വിഭാഗത്തിലും സമ്മാനാർഹരായ 3 പേർ വീതം അതിരൂപതയെ പ്രതിനിധീകരിച്ച് കോഴിക്കോട് നടക്കാവിലുള്ള പ്രോവിഡൻസ് സ്കൂൾ വച്ച് നടക്കുന്ന സെമിഫൈനലിൽ പങ്കെടുക്കുന്നതാണ്.

### 2. ലോഗോസ് ക്വിസ് 2023 – ഗ്രൂപ്പ് വിജയികൾ

**എ വിഭാഗം**

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| ജുവിത നെടുങ്കല്ലേൽ | 73 | മഞ്ഞളാംപുറം | I |
| പ്രെറ്റി ത്രേസ്യ പല്ലാട്ട് | 67 | തോമാപുരം | II |
| കുര്യൻ മന്നാകുളത്തിൽ | 66 | മണിപ്പാറ | III |
| ക്രിസ് പോൾ കുന്തറ | 64 | കാഞ്ഞിരടുക്കം | IV |
| അൻസാര വലിയപ്പറമ്പിൽ | 64 | മഞ്ഞളാംപുറം | IV |
| ആൽഫ്രഡ് തോമസ് ചുരത്തിൽ | 61 | വെള്ളരിക്കുണ്ട് | V |

**ബി വിഭാഗം**

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| ഫിലമിൻ മ്ലാക്കുഴി തെക്കേയത്ത് | 84 | പടുപ്പ് | I |
| തോമസ് നാഗനോലിൽ | 83 | ചെറുപാറ | II |
| ആൻമെറിൻ റോസ് പള്ളിക്കൽ | 82 | കാസർഗോഡ് | III |
| അശ്വിൻ റെനീഷ് പുരയിടത്തിൽ | 80 | മുള്ളേരിയ | IV |
| അൽഫോൻസ കുരക്കോട്ടിൽ | 77 | പെരുമ്പടവ് | V |

## സി വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| സാലു മാത്യു കുളത്തിങ്കൽ | 91 | എടൂർ | I |
| ജസീന അബ്രാഹം പൊയ്യക്കര | 88 | കോലുവള്ളി | II |
| ഷിജി കണ്ടശവടക്കേൽ | 85 | മാനടുക്കം | III |
| റോസ്ന സ്കറിയ പുതിയകുന്നേൽ | 83 | പരിയാരം | IV |
| അലീന ഒരപ്പുഴിക്കൽ | 81 | ഒറ്റത്തൈ | V |

## ഡി വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| സനീഷ മുകളേക്കാലായിൽ | 95 | തേർമല | I |
| ബിന്ദു ടൈറ്റസ് വയലുങ്കൽ | 91 | പനത്തടി | II |
| ബിന്ദു ജയ്സൺ കാപ്പിയിൽ | 90 | ചുണ്ടപ്പറമ്പ് | III |
| സി. സൗമ്യ ആന്റണി സി.എം.സി. | 87 | ബദിയടുക്ക | IV |
| സി. സാന്ദ്ര എസ്.എ.ബി.എസ് | 86 | നെല്ലിപ്പാറ | V |

## ഇ വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| മോളി കാരക്കടയിൽ | 95 | ജയഗിരി | I |
| ലിസ്സി പാറത്താനത്ത് | 94 | ചെമ്പേരി | II |
| ജയിംസ് ആക്കപ്പള്ളിൽ | 93 | മാവുഞ്ചാൽ | III |
| ഗീതമ്മ കാളിയാനിയിൽ | 92 | ചുണ്ടപ്പറമ്പ് | IV |
| റോസ്‌ലി വരിക്കപ്ലാംതടത്തിൽ | 91 | തിരൂർ | V |

## എഫ് വിഭാഗം

| പേര് | മാർക്ക് | ഇടവക | റാങ്ക് |
|---|---|---|---|
| അന്ന ഇ. എ. ഇടപ്പാട്ട് | 97 | മേലെചൊവ്വ | I |
| ബ്രിജിറ്റ് ചാക്കോ പ്ലാത്തോട്ടത്തിൽ | 86 | തോമാപുരം | II |
| ജോൺ തോമസ് തലച്ചിറ | 83 | മാലോം | III |
| ക്രിസ്റ്റീന കണ്ടത്തിൻകരയിൽ | 81 | തയ്യേനി | IV |
| റോസമ്മ കളപ്പുരയ്ക്കൽ | 80 | കോട്ടൂർ | V |
| മേരി ജോർജ് കോനാട്ട് | 80 | കാസർഗോഡ് | V |

| ആദം മിനിസ്ട്രി | |
|---|---|
| നിമ്മി ഏലിയാസ് | 97 |
| ആന്റണി വെട്ടിക്കാട്ടിൽ | 40 |
| ഏലിക്കുട്ടി വെട്ടിക്കാട്ടിൽ | 37 |

**ഏറ്റവും കൂടുതൽ മാർക്ക് നേടിയ കുടുംബങ്ങൾ**

| പേര് | ഇടവക | മാർക്ക് | റാങ്ക് |
|---|---|---|---|
| ഷീല കളപ്പുരയ്ക്കൽ | മുള്ളേരിയ | 229 | I |
| സൗമ്യ തുണ്ടത്തിൽ | ഇടക്കോം | 152 | II |
| ജോയ്സ് ജോസഫ് അഴകത്ത് | പരിയാരം | 134 | III |

**ഏറ്റവും കൂടുതൽ ആളുകൾ രജിസ്റ്റർ ചെയ്ത ഇടവകകൾ**

| ക്രമ നമ്പർ | ഇടവക | എണ്ണം |
|---|---|---|
| 1 | എടൂർ | 577 |
| 2 | ചെമ്പേരി | 551 |
| 3 | പേരാവൂർ | 535 |

## സെമിഫൈനൽ മത്സരം

നവം. 5 ന് 2 മണിക്ക് പരീക്ഷ ആരംഭിക്കും. കോഴിക്കോടിനു പോകുന്ന മത്സരാർത്ഥികൾ നവം.5 ഞായറാഴ്ച രാവിലെ 8.30 – നു തന്നെ സന്ദേശഭവനിൽ എത്തിച്ചേരേണ്ടതാണ്. പൊതുവായി ഒരു വാഹനം ഏർപ്പാടു ചെയ്യുന്നതായിരിക്കും. അകലെനിന്നു വരുന്നവർക്ക് പ്രഭാത ഭക്ഷണവും ഉണ്ടായിരിക്കും

## മാനദണ്ഡങ്ങൾ

പരീക്ഷയ്ക്ക് 50 ചോദ്യങ്ങൾ ഉണ്ടായിരിക്കും.
എഴുത്തു പരീക്ഷയായിരിക്കും.
ഓപ്ഷൻ ഉണ്ടായിരിക്കുന്നതല്ല.

## സംസ്ഥാനതല ഫൈനൽ മത്സരം

ഓരോ ഗ്രൂപ്പിലെയും 10 പേരടങ്ങിയ ഗ്രൂപ്പ് ഫൈനൽ മത്സരങ്ങൾ നവം. 18 നു രാവിലെ 9.30 ന് പി.ഒ.സി. യിൽ ആരംഭിക്കും.

## ലോഗോസ് ഫമിലിയ ക്വിസ്

ലോഗോസ് ഫമിലിയ ക്വിസ് നവംബർ 18 ന് രാവിലെ 10 മണിക്ക് ആയിരിക്കും. പഠനഭാഗങ്ങളും പരീക്ഷാരീതിയും മുമ്പു സൂചിപ്പിച്ചതുപോലെ. സ്ഥലം – പി.ഒ.സി. എറണാകുളം.

**ഭിന്നശേഷി വിഭാഗത്തിനുള്ള ഫൈനൽ മത്സരങ്ങൾ**

- ഭിന്നശേഷി വിഭാഗത്തിനുള്ള ഫൈനൽ മത്സരങ്ങൾ നവം.18 ന് പി.ഒ.സി യിൽ വച്ചു നടക്കുന്നതായിരിക്കും.
- പരീക്ഷയുടെ 85% ചോദ്യങ്ങളും അവർക്കു നൽകുന്ന 300 ചോദ്യങ്ങളടങ്ങിയ ചോദ്യാവലിയിൽ നിന്നുമായിരിക്കും. 15% ചോദ്യങ്ങൾ പഠനഭാഗത്തുനിന്നുള്ളതായിരിക്കും.

## 3. ആൽഫ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലശ്ശേരിയിലെ ബിരുദദാന ചടങ്ങ് ഡിസംബർ 16 ശനിയാഴ്ച

2020 ബാച്ചിൽ ദൈവശാസ്ത്രപഠനം വിജകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാനം 2023 ഡിസംബർ 16 ന് ശനിയാഴ്ച തലശ്ശേരി സാൻജോസ് സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടുന്നു. രാവിലെ കൃത്യം 9.30 ന് ചടങ്ങ് ആരംഭിക്കും. ബിരുദം സ്വീകരിക്കുന്ന എല്ലാ വിദ്യാർത്ഥികളും രാവിലെ 8.30 മണിയോടെ ചടങ്ങ് നടക്കുന്ന ഓഡിറ്റോറിയത്തിൽ എത്തിച്ചേർന്ന് തങ്ങളുടെ പേര് രജിസ്റ്റർ ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. അവർ ധരിക്കേണ്ട കോൺവൊക്കേഷൻ വസ്ത്രവും ക്യാപ്പും രജിസ്റ്റർ ചെയ്യുമ്പോൾ നല്കുന്നതായിരിക്കും. 9.00 നുള്ള കോൺവൊക്കേഷൻ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നവർക്കു മാത്രമേ ഹാളിൽ പ്രവേശനം ലഭിക്കുകയുള്ളൂ. കോൺവൊക്കേഷൻ ഫീസായി 750 രൂപയാണ് വിദ്യാർത്ഥികൾ അടയ്ക്കേണ്ടത്.

## 4. സപ്ലിമെന്ററി പരീക്ഷകൾ

സപ്ലിമെന്ററി പരീക്ഷകൾ നവംബർ 1 മുതൽ നവം. 19 വരെയുള്ള ദിവസങ്ങളിൽ ഓൺലൈൻ വഴി നടത്തപ്പെടുന്നതാണ്.

## 5. സെമസ്റ്റർ പരീക്ഷകൾ

ഈ സെമസ്റ്ററിലെ പരീക്ഷകൾ നവം. 25 മുതൽ ഡിസം. 30 വരെ നടത്തപ്പെടുന്നു. രണ്ടു രീതിയിലാണ് ഈ വർഷം പരീക്ഷകൾ നടത്തുന്നത്. 1. എഴുത്തു പരീക്ഷ, 2. ഓൺലൈൻ (എം.സി.ക്യൂ).

## 6. അഖില കേരള ബൈബിൾ കലോത്സവം

കെ.സി.ബി.സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ 2023 ഡിസംബർ 29,30 തീയതികളിൽ എറണാകുളം, തേവര സേക്രട്ട് ഹാർട്ട് കോളേജിൽ വച്ച് നടത്തപ്പെടുന്നു.

## 7. സഭാനവീകരണ വർഷധ്യാനം

കേരളസഭാ നവീകരണ വർഷാചരണത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ നടത്തി വരുന്ന സഭാനവീകരണ ധ്യാനങ്ങൾ വിജയകരമായി നടന്നു വരുന്നു. 2023 ഡിസംബർ മാസം 7-10 തീയതികളിൽ കുന്നോത്തു

ഫൊറോനയിലെ 13 ഇടവകകളിലും 14-17 തീയതികളിൽ എടൂർ ഫൊറോനയിലെ 8 ഇടവകകളിലും ധ്യാനം നടത്തുന്നു. ബഹുമാനപ്പെട്ട വികാരിയച്ചന്മാർ തങ്ങളുടെ ഇടവകകളിൽ ഹോം മിഷൻ, വീടു വെഞ്ചരിപ്പ്, ധ്യാനത്തിനൊരുക്കമായുള്ള പ്രാർത്ഥന, കുമ്പസാരം തുടങ്ങിയവയ്ക്കുള്ള ഒരുക്കങ്ങൾ നടത്താൻ ശ്രദ്ധിക്കുമല്ലോ.

**8. റേമാ 2023**

ഈ വർഷത്തെ ലോഗോസ് ബൈബിൾ ക്വിസ്സിന് നമ്മുടെ അതിരൂപതയിൽ നിന്നും മികച്ച പങ്കാളിത്തമാണ് ലഭിച്ചിരിക്കുന്നത്. അതുകൊണ്ടു തന്നെ അതിരൂപതാതലത്തിൽ പരമാവധി സമ്മാനങ്ങൾ നൽകുന്നതിനും വചന പഠനം പ്രോത്സാഹിപ്പിക്കുന്നതിനുമായി ***റേമാ 2023*** എന്ന പേരിൽ ലോഗോസ് ബൈബിൾ ക്വിസ്സിന്റെ അതിരൂപതാതല ഗ്രാന്റ് ഫിനാലെ നടത്തുന്നു. രണ്ടു ഘട്ടങ്ങളിലായാണ് ഈ ഗ്രാന്റ് ഫിനാലെ നടക്കുന്നത്. ഫൊറോന തലത്തിൽ, പ്രായപരിധി നോക്കാതെ ഏറ്റവും കൂടുതൽ മാർക്കു നേടിയ രണ്ടു പേരടങ്ങുന്ന 19 ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള എഴുത്തു പരീക്ഷയാണ് ഒന്നാം ഘട്ടം. രണ്ടാം ഘട്ടം-എഴുത്തു പരീക്ഷയിൽ ഉയർന്ന മാർക്കു നേടുന്ന 5 ടീമുകളെ പങ്കെടുപ്പിച്ചുകൊണ്ട് നടത്തുന്ന ഗ്രാന്റ് ഫിനാലെ.

- ലോഗോസ് പരീക്ഷയിൽ ഒരു ഫൊറോനയിൽ ഒന്നും രണ്ടും സ്ഥാനം നേടിയ വ്യക്തികളാണ് ഫൊറോനാതല സെമിഫൈനലിൽ ഒരു ടീമായി മത്സരിക്കേണ്ടത്. മൂന്നോ നാലോ ഫൊറോനകളെ ഉൾപ്പെടുത്തി റീജിയണൽ തലത്തിലായിരിക്കും എഴുത്തു പരീക്ഷ നടത്തുന്നത്. തീയതി പിന്നീട് അറിയിക്കുന്നതാണ്.
- ഫൊറോനാതല സെമിഫൈനലിലെ ആദ്യ അഞ്ചു സ്ഥാനക്കാർ ഗ്രാന്റ് ഫിനാലെയ്ക്ക് അർഹത നേടുന്നു.
- ഗ്രാന്റ് ഫിനാലെയിൽ ആദ്യ മൂന്നു സ്ഥാനങ്ങൾ നേടി വിജയികളാവുന്നവർക്ക് 7000, 5000, 3000 രൂപയുടെ ക്യാഷ് അവാർഡും 4, 5 സ്ഥാനക്കാർക്ക് 1500 രൂപ പ്രോത്സാഹന സമ്മാനവും നൽകുന്നതാണ്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ ലോഗോസ് പഠനസഹായിയിൽ നിന്നായിരിക്കും 80% ചോദ്യങ്ങൾ നൽകുന്നത്.
- തീയതിയും സ്ഥലവും പിന്നീട് അറിയിക്കുന്നതാണ്.

## 9. ബൈബിൾ പാരായണവും ബൈബിൾ ഞായറും

ഡിസംബർ 17-ാം തീയതി ഞായറാഴ്ചയാണ് ഈ വർഷം കേരളസഭ 'ബൈബിൾ ഞായറായി' ആചരിക്കുന്നത്. സഭയുടെ ജീവിതത്തിൽ ദൈവവചനത്തിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്ന സവിശേഷ അവസരമാണിത്.

വചനം മാംസമായിതീർന്ന മഹാത്ഭുതം ധ്യാനിക്കുന്ന ഡിസംബർ മാസം നാം 'ബൈബിൾ മാസമായാണ്' ആചരിക്കുന്നത്. ഡിസംബർ മാസം മുഴുവൻ ദൈവവചനം കൂടുതൽ വായിക്കാനും പഠിക്കാനുമുള്ള അവസരമാക്കി മാറ്റാം.

ക്രിസ്തുവിന്റെ മാർഗത്തിൽ ആഴപ്പെടുവാൻ പ്രാർത്ഥനാപൂർവ്വകമായ ബൈബിൾ പാരായണത്തിനു സാധിക്കും. നവീകരണ കാലഘട്ടത്തിലെ ഈ വചനയജ്ഞം ഇടവകതലത്തിലും കുടുംബക്കൂട്ടായ്മയിലും സംഘടിപ്പിക്കാവുന്നതാണ്. ദിവസം മൂന്നര മണിക്കൂർ ബൈബിൾ വായനക്കായി മാറ്റി വച്ചാൽ ഒരു മാസം കൊണ്ട് മുഴുവൻ ബൈബിളും വായിച്ചുതീർക്കാൻ നമ്മുക്ക് സാധിക്കും എന്നാണ് കണക്കുകൂട്ടൽ. ഇടവകകളിലും സ്ഥാപനങ്ങളിലും ഈ മാസത്തിൽ വചനപാരായണത്തിനായി പ്രത്യേകം സമയവും സാഹചര്യവും ഒരുക്കുവാൻ തയ്യാറാകുമല്ലോ. വ്യക്തികളും കുടുംബങ്ങളും ഈ പാരായണമാസം സമുചിതമായി നടത്താൻ സ്നേഹപൂർവ്വം ആഹ്വാനം ചെയ്യുന്നു.

ഡിസംബർ 17-ന് ബൈബിൾ ഞായർ ഇടവകകളിൽ ബൈബിൾ പ്രതിഷ്ഠയോടും ബൈബിൾ പ്രദക്ഷിണത്തോടും കൂടെ ആചരിക്കുക ഉചിതമാണ്. ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അവയവവും അതിന്റെ ധർമ്മം പൂർത്തിയാക്കുന്നതോടൊപ്പം മറ്റ് അവയവങ്ങൾക്കും ശക്തിപകർന്ന് ഒരേ ശരീരവും ഭവനവുമായി വളരാൻ നമ്മുടെ ബൈബിൾ ശുശ്രൂഷകൾ പ്രചോദനമേകട്ടെ.

**ഫാ. ഫിലിപ്പ് കവിയിൽ**
*പ്രസിഡന്റ്, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ടോം ഓലിക്കരോട്ട്**
*ഡയറക്ടർ, ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

സ്നേഹ രാജാവായ ഈശോയുടെ മാതൃക പിഞ്ചെന്ന് രാജത്വ ത്തിരുനാൾ ആഘോഷിക്കുവാൻ ഏറ്റവും അടുത്ത് ഒരുങ്ങിക്കൊണ്ടിരിക്കുകയാണല്ലോ നാം. ക്ഷമിക്കുകയും സ്നേഹിക്കുകയും മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന നല്ല പ്രേഷിതരായി ഈ വർഷത്തെ രാജത്വത്തിരുന്നാൾ നമുക്ക് ആഘോഷിക്കാം... എല്ലാവർക്കും രാജത്വത്തിരുന്നാളിന്റെ മംഗളങ്ങൾ... പ്രാർത്ഥനകൾ....

അനുസ്മരിക്കുന്ന തിരുനാൾ : മിശിഹായുടെ രാജത്വത്തിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. അന്ത്രയോസ്
പ്രാർത്ഥനാനിയോഗം : എല്ലാ ശുദ്ധീകരണാത്മാക്കൾക്കു വേണ്ടി
സുകൃതം : 75 പരിശുദ്ധരാജ്ഞി ജപം
സുകൃതജപം : നിത്യജീവന്റെ നാഥാ ഞാൻ അങ്ങയെ ആരാധിക്കുന്നു.
വചനാമൃതം : വി. ലൂക്കാ 8-ാം അദ്ധ്യായം

### 1. ശാഖകൾ ശ്രദ്ധിക്കാൻ

1 ബുധൻ : സകല വിശുദ്ധരുടെയും തിരുനാൾ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ - കാർട്ടൂൺ, പോസ്റ്റർ നിർമ്മാണം.
2 വ്യാഴം : സകല മരിച്ചവരുടെയും തിരുനാൾ
4 ശനി : മതാദ്ധ്യാപകദിനം
5 ഞായർ : മതാദ്ധ്യാപകരെ ആദരിക്കൽ
14 ചൊവ്വ : ശിശുദിനം
19 ശനി : വൃദ്ധമാതാപിതാക്കളെ, മാതൃവേദി പ്രവർത്തകരെ ആദരിക്കുന്നു.
26 ഞായർ : രാജത്വത്തിരുനാൾ
30 ചൊവ്വ : ആൽബം, ഉപന്യാസം, ക്ലിക്ക്ഷോട്ട്, പൂമ്പാറ്റ എന്നിവ അതിരൂപതയിൽ എത്തിക്കേണ്ട അവസാന ദിവസം.

**2. മേഖലകൾ ശ്രദ്ധിക്കാൻ**

എക്സിക്യൂട്ടീവ്, സെമിനാർ, ലഹരി വിരുദ്ധപ്രവർത്തനങ്ങൾ, മതാദ്ധ്യാപകദിനം, മിശിഹായുടെ രാജത്വത്തിരുനാൾ, മേഖലാ ഭാരവാഹികൾക്ക് ട്രെയിനിംഗ്.

**3. രാജത്വതിരുനാൾ**

നവംബർ 26-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാതലം തിരഞ്ഞെടുക്കപ്പെട്ട ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

**4. മിഷൻ പച്ചക്കറിത്തോട്ടം**

പച്ചക്കറിത്തോട്ടമത്സരത്തിൽ പങ്കെടുക്കുവാൻ അതിരൂപതയിൽ പേര് രജിസ്റ്റർ ചെയ്തിരിക്കുന്ന ശാഖകളുടെ പേരുകൾ ചുവടെ ചേർക്കുന്നു. ജയഗിരി, തിരൂർ, പൈസക്കിരി, മേരിഗിരി, വെള്ളരിക്കുണ്ട്, മുളപ്ര, താബോർ, വിമലശ്ശേരി, കടുമേനി, മണിപ്പാറ, കോഴിച്ചാൽ, ഉമ്മറപൊയിൽ, പാടിയോട്ടുചാൽ. നവംബർ പകുതിയോടെ അതിരൂപതാ ടീം ഒന്നാംഘട്ടം പച്ചക്കറിത്തോട്ടസന്ദർശനം നടത്തുന്നതിനായി പേര് രജിസ്റ്റർചെയ്ത ശാഖകളിൽ എത്തുന്നതായിരിക്കും എന്നകാര്യം ഓർമ്മിപ്പിക്കട്ടെ.

**5. പ്രബന്ധരചന**

ചെറുപുഷ്പ മിഷൻലീഗ് തലശ്ശേരി അതിരൂപത സുവർണ്ണ ജൂബിലി സ്മാരക അവാർഡിനായി 18 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന പ്രബന്ധരചനാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30 ആണെന്ന് ഓർമ്മിപ്പിക്കുന്നു. (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 31, മാർഗ്ഗരേഖ 60 എന്നിവ കാണുക) വിഷയം: **"വിളിയറിഞ്ഞ് ഒരുമയോടെ വിള ഭൂമിയിലേക്ക്"**

**6. ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം**

5-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന ക്ലിക്ക് ഷോട്ട്: ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കുന്നവർ ക്ലിക്ക് ഷോട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 30-31, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക).

**7. പൂമ്പാറ്റ ആംഗ്യപ്പാട്ട്**

5-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കായി നടത്തുന്ന പൂമ്പാറ്റ ആംഗ്യപ്പാട്ട് മത്സരത്തിൽ പങ്കെടുക്കുന്നവർ ആംഗ്യപ്പാട്ട് പെൻഡ്രൈവിൽ ആക്കി ഈ മാസം 30 ന് മുമ്പ് അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 30-31, മാർഗ്ഗരേഖ പേജ് 59 എന്നിവ കാണുക).

**8. ആൽബം**

**"വിളിയറിഞ്ഞ് ഒരുമയോടെ വിള ഭൂമിയിലേക്ക്"** എന്ന വിഷയത്തെ ആസ്പദമാക്കി ശാഖകളിൽ നിന്ന് മേഖലയിൽ എത്തിക്കുന്ന ആൽബങ്ങ ളിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ആൽബം ഈ മാസം 30 ന് മുമ്പ് അതിരൂ പതാ ഓഫീസിൽ എത്തിക്കണമെന്നകാര്യം ഓർമ്മിപ്പിക്കട്ടെ. ആൽബ നിർമ്മാണത്തെക്കുറിച്ചുള്ള (കൂടുതൽ വിവരങ്ങൾക്ക് സെപ്റ്റംബർ മാസത്തെ ഗിരിദീപം പേജ് 30, മാർഗ്ഗരേഖ പേജ് 61 കാണുക).

**9. ടീം ക്വിസ്സ്**

ഈ വർഷത്തെ ടീം ക്വിസ്സ് 2023 ജനുവരി 26 ന് ആണ് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**നിബന്ധനകൾ**

- ടീം ക്വിസ് ഈ പ്രവർത്തനവർഷം 5 മുതൽ 10 വരെ ക്ലാസ്സുകളിൽ മത ബോധനം പഠിക്കുന്ന കുട്ടികൾക്കായിരിക്കും.
- 6 പേർ ഉൾപ്പെടുന്ന മേഖലാ ടീം ആണ് മത്സരിക്കേണ്ടത്. ഇതിൽ 2 ആൺകുട്ടികളും 2 പെൺകുട്ടികളും നിർബന്ധമായി ഉണ്ടായിരിക്കണം. മേഖലാ ടീം ഒരേ ശാഖയിൽ നിന്ന്തന്നെ വേണമെന്ന് നിർബന്ധമില്ല.
- മത്സരം വ്യക്തിഗതമായിരിക്കണം. ചർച്ച ചെയ്ത് എഴുതാൻ പാടില്ല.
- മത്സരത്തിൽ പങ്കെടുക്കുന്ന ടീം അംഗങ്ങളുടെ മുഴുവൻ മാർക്കും കൂട്ടിയാ യിരിക്കും വിജയിച്ച ടീമിനെ നിശ്ചയിക്കുക. വ്യക്തിഗത സമ്മാനം ഉണ്ടാ യിരിക്കും.
- മത്സരത്തിൽ പങ്കെടുക്കുന്നവർക്ക് അംഗത്വകാർഡ്, ബാഡ്ജ്, പഠിക്കു ന്ന ക്ലാസ് തെളിയിക്കുന്ന ശാഖാഡയറക്ടറുടെ കത്ത് എന്നിവ ഉണ്ടായി രിക്കണം.
- ക്വിസ്മത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവിന്റെ തീരുമാനം അന്തിമമായിരിക്കും.
- **ടീം ക്വിസ് പഠനഭാഗങ്ങൾ :** ലോഗോസ് ക്വിസ് പഠനഭാഗം 30% (ജോഷ്വ 13-24, പ്രഭാഷകൻ 27-33, ലൂക്കാ1-8, 2കോറിന്തോസ് 1-6), പ്രേഷിതവഴി യിലെ വിജയഗാഥ 10 മുതൽ 19 വരെയുള്ള അദ്ധ്യായങ്ങൾ 30%, സഭ 20%, എന്റെ മിഷൻലീഗ് പുസ്തകം 20% (പേജ് 15 മുതൽ 35 വരെ).
- ജനുവരി 20 ന് മുമ്പായി മേഖലാ തലത്തിൽ ടീം ക്വിസ്സ് നടത്തി മേഖലാ വിജയികളായ ടീമിന്റെ വിവരം അതിരൂപതാ ഓഫീസിൽ അറിയിക്കേ ണ്ടതാണ്.

**10. കൈയ്യെഴുത്ത് മാസിക**

ശാഖകളിൽ കൈയ്യെഴുത്ത് മാസിക നിർമ്മാണം ആരംഭിച്ചു കാണു മല്ലോ. മേഖലാ തലത്തിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന കൈയ്യെഴുത്ത് മാസി ക ജനുവരി 26 നുള്ളിൽ അതിരൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**നിബന്ധനകൾ**

- മാസിക 100 പേജിൽ കവിയരുത്. അളവ് A4 Size
- മാസികയിലെ ചിത്രങ്ങളുൾപ്പെടെയുള്ള എല്ലാ രചനകളും സി. എം. എൽ. അംഗങ്ങളുടെ സൃഷ്ടിയായിരിക്കണം. ഇവയിൽ അംഗങ്ങളുടെ പേരും, അംഗത്വനമ്പറും, ഫോൺനമ്പറും നിർബന്ധമായും ചേർത്തിരിക്കണം.
- ബഹു. അച്ചൻമാർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ രചനകൾ മാസികയിൽ ഉൾപ്പെടുത്താൻ പാടില്ല. എന്നാൽ ആശംസകൾ ഉൾപ്പെടുത്താം.
- രചനകൾ ക്രിസ്തീയ ആദർശം പ്രതിഫലിപ്പിക്കുന്നവയായിരിക്കണം. ക്രിസ്തീയ ആശയങ്ങൾക്ക് വിരുദ്ധമായതൊന്നും രചനകളിൽ പാടില്ല.
- ലേഖനം, ചെറുകഥ, കാർട്ടൂൺ, കവിത, ഫലിതബിന്ദുക്കൾ, മഹത്‌വചനങ്ങൾ, കടങ്കഥകൾ, ക്വിസ്, പദപ്രശ്നം, നിങ്ങൾക്കറിയാമോ, നുറുങ്ങുകൾ, ഹാസ്യഭാവന, ഏകാങ്കം, ചിത്രങ്ങൾ, കളർഡ്രോയിംഗ്, പെൻസിൽ ഡ്രോയിംഗ്, തുടങ്ങിയവ മാസികയിൽ ഉൾപ്പെടുത്താം.
- രചനകളുടെ വൈവിധ്യം, ഉൾക്കൊള്ളുന്ന മൂല്യങ്ങൾ, നിലവാരം, മാസികയുടെ കലാമേൻമ, എഡിറ്റിംഗ്, ചമയം, ആശംസകൾ, ആമുഖം, ഉചിതമായപേര്, മുഖചിത്രം തുടങ്ങിയവയെല്ലാം വിലയിരുത്തപ്പെടും.
- കൈയെഴുത്ത് മാസികാമത്സരത്തെപ്പറ്റിയുള്ള അതിരൂപതാ എക്സിക്യൂട്ടീവ് തീരുമാനങ്ങളും, ഏറ്റവും നല്ല കൈയെഴുത്ത്മാസിക തിരഞ്ഞെടുക്കുന്നതിൽ ജഡ്ജിംഗ് കമ്മിറ്റിയുടെ തീരുമാനങ്ങളും അന്തിമമായിരിക്കും.
- കൈയെഴുത്ത് മാസികയിലെ രചനകളിൽ 75%, 17 വയസ്സിൽ താഴെയുള്ള മിഷൻലീഗ് അംഗങ്ങളുടേത് ആയിരിക്കണം.
- ഈ വർഷത്തെ പഠനവിഷയമായ **"വിളിയറിഞ്ഞ് ഒരുമയോടെ വിളഭൂമിയിലേക്ക്"** എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള രചനകൾ നിർബന്ധമായും മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കണം.
- കൈയെഴുത്ത് മാസിക അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ട അവസാന തീയതി ജനുവരി 26.

## 11. ക്രിസ്കാർഡ് നിർമ്മാണ മത്സരം

ക്രിസ്മസ് ആഘോഷ ഭാഗമായി മിഷൻലീഗ് അംഗങ്ങൾക്കായി നടത്തുന്ന ക്രിസ്കാർഡ് നിർമ്മാണ മത്സരം ഈ വർഷം നടത്തപ്പെടുന്നു. ശാഖകളിൽ മത്സരം നടത്തി ശാഖകളിൽ നിന്ന് ഒന്നാം സ്ഥാനം ലഭിക്കുന്നവർ ഡിസംബർ 23-ാം തീയതി റീജിയണൽ തലത്തിൽ നടത്തപ്പെടുന്ന അതിരൂപതാ മത്സരത്തിൽ പങ്കെടുക്കേണ്ടതാണ് എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

**ക്രിസ്കാർഡ് നിബന്ധനകൾ**

- ചായക്കൂട്ടുകൾ, പഴയ ക്രിസ്തുമസ് കാർഡുകൾ, ഇലകൾ, പൂക്കൾ, തുടങ്ങിയവ ഉപയോഗിക്കാം.

- 15 സെ.മീ വീതിയും, 21 സെ.മീ നീളവുമുള്ള ചാർട്ടുപേപ്പറിലാണ് കാർഡ് നിർമ്മിക്കേണ്ടത്.
- നിർമ്മാണ സമയം 2 മണിക്കൂർ.
- അംഗത്വകാർഡ് നിർബന്ധമാണ്.
- ശാഖകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം ലഭിക്കുന്നവരാണ് അതിരൂപതാതലത്തിൽ നടക്കുന്ന റീജിയണൽ മത്സരത്തിൽ പങ്കെടുക്കേണ്ടത് (സ്ഥലവും, സമയവും പിന്നീട് അറിയിക്കുന്നതായിരിക്കും).
- ആൺ പെൺ വിത്യാസം ഇല്ല.

**12. തിളക്കമാർന്ന വിജയം - അഭിനന്ദനങ്ങൾ**

സംസ്ഥാന സമിതി നൽകുന്ന 2022-2023 പ്രവർത്തന വർഷത്തെ മികച്ച പ്രവർത്തനത്തിനുള്ള അംഗീകാരപത്രത്തിന് ഗോൾഡൻ സ്റ്റാറായി തലശ്ശേരി അതിരൂപതയും; മേഖലാ തലത്തിൽ ഗോൾഡൻ സ്റ്റാറായി നെല്ലിക്കാംപോയിൽ, തളിപ്പറമ്പ്, കുന്നോത്ത്, തോമാപുരം മേഖലകളും, ശാഖാതലത്തിൽ ഗോൾഡൻ സ്റ്റാറായി മണിക്കടവ്, കരുവഞ്ചാൽ എന്നീ ശാഖകളും, സിൽവർ സ്റ്റാറായി അട്ടക്കണ്ടം, മണ്ഡപം, കാർത്തികപുരം ശാഖകളും മിഷൻ സ്റ്റാറായി കരയത്തുംചാൽ, കനകപ്പള്ളി ശാഖകളും അർഹരായി. അഭിമാനകരമായ ഈ വലിയ അംഗീകാരം നേടിയെടുക്കുവാൻ അദ്ധ്വാനിച്ച, സഹകരിച്ച എല്ലാ മേഖലാ - ശാഖാ ഡയറക്ടർമാരെയും, വൈസ് ഡയറക്ടേഴ്സിനെയും ഭാരവാഹികളെയും പ്രത്യേകം അഭിനന്ദിക്കുന്നു.

**13. മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി ശനിയാഴ്ചയായതിനാൽ നവംബർ 5-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം തിരഞ്ഞെടുക്കപ്പെട്ട ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**14. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ നവംബർ മാസം ചെറുപുഴ (നവംബർ - 5), തോമാപുരം (നവംബർ - 12), മാലോം (നവംബർ-19), വെള്ളരിക്കുണ്ട് (നവംബർ-26), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**15. മിഷൻകലണ്ടർ**

അതിരൂപതയിൽ നൽകിയ എണ്ണമനുസരിച്ച് മിഷൻകലണ്ടർ എല്ലാ ശാഖകളിലും എത്തികാണും എന്ന് വിചാരിക്കുന്നു. മിഷൻ കലണ്ടറിന്റെ തുക 10 രൂപയാണ് എന്നകാര്യം സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. 4 രൂപ

മേഖലയ്ക്കും 6 രൂപ രൂപതയ്ക്കുമാണ് നൽകേണ്ടത്. കലണ്ടറിന്റെ തുക ആരും നേരിട്ട് അതിരൂപതയിൽ അടക്കേണ്ടതില്ല. അവരവരുടെ മേഖലയിലാണ് അടയ്ക്കേണ്ടത്. മേഖലവഴി തുക അതിരൂപതയിൽ അടയ്ക്കുവാൻ മേഖല ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

### 16. വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്

ഈ വർഷത്തെ മിഷൻ പിരിവിന്റെ 2% ദയവായി എത്രയും വേഗം ഓഫീസിൽ എത്തിക്കുവാൻ ബഹുമാനപ്പെട്ട വൈസ്ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ. കൂടാതെ 2023-2024 വർഷത്തെ വാർഷിക വിഹിതം, (500 രൂപ) അംഗത്വ ഫീസ് (ഒരു കുട്ടിക്ക് 5 രൂപ വീതം) എന്നിവ ഇനിയും അടച്ചു തീർക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

### 17. അതിരൂപതാതല ടെലികിസ് മത്സരം

കുട്ടികളിൽ വചനത്തോടുള്ള ആഭിമുഖ്യം വളർത്തുവാനും ദൈവവചനം പഠിക്കുവാനുമായി അതിരൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന ടെലികിസ് മത്സരത്തിൽ പങ്കെടുക്കുന്ന പ്രിയപ്പെട്ട കൊച്ചുകൂട്ടുകാർക്കും സമ്മാനാർഹരായവർക്കും അവരെ അതിനായി ഒരുക്കുന്ന മാതാപിതാക്കൾക്കും, മതാധ്യാപകർക്കും, സിസ്റ്റേഴ്സിനും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം **നവംബർ മാസം നടത്തപ്പെടുന്ന മത്സരത്തിൽ പങ്കെടുക്കേണ്ട തീയതിയും, റീജിയണുകളുടെ പേരും, വിളിക്കേണ്ട നമ്പറുകളും ചുവടെ കൊടുക്കുന്നു.**

**പഠനഭാഗം :** വി. ലൂക്കായുടെ സുവിശേഷം 17 മുതൽ 24 വരെയും, നിയമാവർത്തന പുസ്തകം 16 മുതൽ 34 വരെയുമുള്ള അദ്ധ്യായങ്ങൾ.

ഫോൺ വിളിക്കേണ്ട സമയം ഓരോ റീജിയണും തന്നിരിക്കുന്ന ദിവസം 5 മണി മുതൽ 6 മണി വരെ മാത്രം ആയിരിക്കും.

05-11-23 ഞായറാഴ്ച : ഇരിട്ടി റീജിയൺ (മണിക്കടവ്, നെല്ലിക്കാംപൊയിൽ, കുന്നോത്ത്, എടൂർ, പേരാവൂർ എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9495345038.

12-11-23 ഞായറാഴ്ച : ചെമ്പേരി റീജിയൺ (ചെമ്പേരി, തളിപ്പറമ്പ്, ചെമ്പന്തൊട്ടി, പൈസക്കരി എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9446916439.

19-11-23 ഞായറാഴ്ച : ആലക്കോട് റീജിയൺ (ആലക്കോട്, വായാട്ടുപറമ്പ്, മേരിഗിരി, ചെറുപുഴ എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9496357819.

26-11-23 ഞായറാഴ്ച : കാഞ്ഞങ്ങാട് റീജിയൺ (കാസർഗോഡ്, കാഞ്ഞങ്ങാട്, പനത്തടി, തോമാപുരം, വെള്ളരിക്കുണ്ട്, മാലോം എന്നീ മേഖലകൾ) വിളിക്കേണ്ട നമ്പർ : 9048340650.

**18. മിഷൻ ഞായർ ആഘോഷം**

22.10.23 ന് മിഷൻ ഞായർ ആഘോഷം അതിരൂപതാതലം ചെമ്പന്തൊട്ടി മേഖലയിലെ വിളക്കന്നൂർ ശാഖയിൽ വച്ച് നടത്തി. മിഷൻ ഞായർ ആഘോഷങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ചെയ്ത് തന്ന ശാഖാ ഡയറക്ടർ ബഹു. മാത്യു പരവരാകത്ത് അച്ചനും വൈസ് ഡയറക്ടർ സിസ്റ്ററിനും ഭാരവാഹികൾക്കും മതാദ്ധ്യാപകർക്കും അതിരൂപതാകുടുംബത്തിന്റെ നന്ദി. അതോടൊപ്പം മിഷൻ ഞായർ സാഘോഷം കൊണ്ടാടിയ എല്ലാ ശാഖകൾക്കും മേഖലകൾക്കും പ്രത്യേകം നന്ദി.

**19. നല്ലിടയൻ പദ്ധതി**

വായാട്ടുപറമ്പ് മേഖലയുടെ നേതൃത്വത്തിൽ വെള്ളാട് ശാഖയിലെ സലോമി കാട്ടുനിലം എന്ന വ്യക്തിക്ക് ആടിനെ നൽകി.

**20. സെമിനാറുകൾ, ക്ലാസ്സുകൾ**

- 15.10.2023 ന് വായാട്ടുപറമ്പ് ശാഖയിലെ കുട്ടികൾക്ക് ബേബി പ്ലാശ്ശേരി സെമിനാർ എടുത്തു.
- 15.10.2023 ന് വെള്ളരിക്കുണ്ട് ശാഖകളിലെ കുട്ടികൾക്ക് ഷിജോ സ്രായിൽ സെമിനാർ എടുത്തു.

**21. അതിരൂപത കലോത്സവം**

അതിരൂപത കലോത്സവം 2023 : അതിരൂപത കലോത്സവത്തിൽ പോയിന്റ് നിലയിൽ ചെറുപുഷ്പ മിഷൻലീഗ് മികച്ച മേഖലകളായി തിരഞ്ഞെടുക്കപ്പെട്ട മേഖലകൾക്കും, മറ്റ് മേഖലകൾക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

ഒന്നാം സ്ഥാനം - പേരാവൂർ മേഖല
രണ്ടാം സ്ഥാനം - ആലക്കോട് മേഖല
മൂന്നാം സ്ഥാനം - മണിക്കടവ് മേഖല

**22. ആദരാഞ്ജലികൾ**

മരണംമൂലം വേർപിരിഞ്ഞുപോയ ഫാ. ജോർജ്ജ് നരിപ്പാറ അച്ചന്റെ ആത്മശാന്തിക്കായി അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*അതിരൂപതാ ഡയറക്ടർ*

## തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

നവംബർ 26-ാം തീയതി നമ്മുടെ രാജാവും നേതാവുമായ ക്രിസ്തു രാജന്റെ രാജത്വതിരുനാൾ നാം ആഘോഷിക്കുകയാണ ല്ലോ, അന്നേ ദിനം വിവിധ പരിപാടികളോടുകൂടെ തിരുനാൾ ആഘോ ഷിക്കുവാൻ ആനിമേറ്റേഴ്സും മതാദ്ധ്യാപകരും കുട്ടികളെ ഒരുക്കുമ ല്ലോ. എല്ലാ കൊച്ചുകൂട്ടുകാർക്കും രാജത്വത്തിരുനാളിന്റെ മംഗളങ്ങ ളും... പ്രാർത്ഥനകളും...

അനുസ്മരിക്കുന്ന തിരുനാൾ : വി. മിശിഹായുടെ രാജത്വതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധ : വി. സിസിലി
പ്രാർത്ഥനാനിയോഗം : എല്ലാ കുടുംബങ്ങൾക്കു വേണ്ടി
സുകൃതംജപം : ഉണ്ണീശോയെ എന്റെ ഹൃദയത്തിൽ വന്ന് പിറക്കണമെ
വചനം : നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുവിൻ (വി. ലൂക്കാ 6.36).
*പ്രവൃത്തി* : ശുദ്ധീകരാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കാൻ കുട്ടികളെ പഠിപ്പിക്കുക.
എയ്ഞ്ചൽസ് വോയ്സ് : അതിരൂപതതലം മുദ്രാവാക്യ മത്സരം

**1. ശാഖകൾ ശ്രദ്ധിക്കാൻ**

1 ബുധൻ : സകല വിശുദ്ധരുടെയും തിരുനാൾ
2 വ്യാഴം : സകല മരിച്ചവരുടെയും തിരുനാൾ
4 ശനി : മതാദ്ധ്യാപകദിനം
5 ഞായർ : മതാദ്ധ്യാപകരെ ആദരിക്കൽ
19 ശനി : വൃദ്ധമാതാപിതാക്കളെ, മാതൃവേദി പ്രവർത്തകരെ ആദരിക്കുന്നു.
26 ഞായർ : രാജത്വത്തിരുനാൾ

**2. മതാദ്ധ്യാപക ദിനം**

നവംബർ 4-ാം തീയതി മതാദ്ധ്യാപക ദിനമാണല്ലോ. നവംബർ 4-ാം തീയതി ശനിയാഴ്ചയായതിനാൽ നവംബർ 5-ാം തീയതി ഞായറാഴ്ച എല്ലാ ശാഖകളിലും മതാദ്ധ്യാപകരെ ആദരിക്കുമല്ലോ. അതിരൂപതാതലം തിരഞ്ഞെടുക്കപ്പെട്ട ശാഖയിൽ വച്ച് നടത്തപ്പെടുന്നതാണ്.

**3. രാജത്വതിരുനാൾ**

നവംബർ 26-ാം തീയതി ഞായറാഴ്ച ക്രിസ്തുരാജന്റെ തിരുനാൾ ആചരിക്കുകയാണല്ലോ. ക്രിസ്തുവാണ് നമ്മുടെ രാജാവും നേതാവും നാം അനുകരിക്കേണ്ട മാതൃകയും എന്ന ബോധ്യം കുട്ടികൾക്ക് ലഭിക്കത്തക്കവിധം വിവിധ പരിപാടികൾ ക്രമീകരിക്കുമല്ലോ. അതിരൂപതാതലം തിരഞ്ഞെടുക്കപ്പെട്ട ശാഖയിൽ വച്ച് രാജത്വതിരുനാൾ ആചരിക്കും.

**4. മുദ്രാവാക്യ മത്സരം**

മിശിഹായുടെ രാജത്വതിരുനാളിനോടനുബന്ധിച്ച് മുദ്രാവാക്യ മത്സരം സംഘടിപ്പിക്കുന്നു. മുദ്രാവാക്യം വിളിക്കുന്ന വീഡിയോ എടുത്ത് holychildhoodtly01@gmail.com എന്ന emil അക്കൗണ്ടിലേക്ക് അയയ്ക്കുക.. അയക്കേണ്ട അവസാന ദിവസം നവംബർ 30. അയയ്ക്കുമ്പോൾ പേര്, വീട്ടുപേര്, ഇടവക, അംഗത്വനമ്പർ എന്നിവ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം. രേഖപ്പെടുത്താതെ അയക്കുന്നത് മത്സരത്തിൽ പരിഗണിക്കുന്നതല്ല. ഒരു ശാഖയിൽ നിന്നും ഒരുകുട്ടിക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. ആൺ - പെൺ വിത്യാസം ഇല്ല. ഏറ്റവും കുറവ് 12 വാക്യം മാത്രമാണ് വിളിക്കേണ്ടത്

**5. ആനിമേറ്റേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2023 - 2024 വർഷത്തെ തിരുബാലസഖ്യം കുട്ടികളുടെ അംഗത്വ ഫീസ് (ഒരുകുട്ടിക്ക് 5 രൂപ വീതം) ഇനിയും അടച്ചുതീർക്കാനുള്ളവർ എത്രയും വേഗം അടച്ച് തീർത്ത് സഹകരിക്കുമല്ലോ.

**6. ശാഖാ സന്ദർശനങ്ങൾ**

അതിരൂപതാ ഭാരവാഹികൾ നവംബർ മാസം ചെറുപുഴ (നവംബർ -5), തോമാപുരം (നവംബർ - 12), മാലോം (നവംബർ- 19), വെള്ളരിക്കുണ്ട് (നവംബർ-26), എന്നീ മേഖലകളിലെ ശാഖകൾ സന്ദർശിക്കുന്നതാണ് എന്ന കാര്യം ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം ശാഖാ വൈസ്ഡയറക്ടേഴ്സ് ശാഖകളിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ.

**7. ഈശോയെപ്പോലെ സ്നേഹം പങ്കുവയ്ക്കുന്നവരാകാം...**

ഈ മാസം നമുക്ക് ഈശോയെപ്പോലെ സ്നേഹം പങ്കുവയ്ക്കുന്നവരാകാം എന്ന നാലാം അധ്യായം പഠിക്കാം. ഈശോ എല്ലാവരോടും സ്നേഹപൂർവ്വം പ്രവർത്തിച്ചവനായിരുന്നു. എല്ലാവരെയും ഒരുപോലെ കാണുകയും

സ്നേഹിക്കുകയും ചെയ്ത ഈശോയെപ്പോലെ നമുക്കും എല്ലാവരെയും ഒരുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്യാം.

### 8. നിറം കൊടുക്കാമോ?

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സ്നേഹം പങ്കുവയ്ക്കുന്നവരാകാം എന്ന നാലാം അധ്യായത്തിലെ പേജ് 25 ലെ ചിത്രം ക്രയോൺസ് ഉപയോഗിച്ച് മനോഹരമായി കളർചെയ്ത് ഏറ്റവും നല്ല 3 എണ്ണം നവംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

### 9. വഴി കാട്ടാമോ?

പ്രിയ കൂട്ടുകാരെ, ഈശോയെപ്പോലെ സ്നേഹംപങ്കുവയ്ക്കുന്നവരാകാം എന്ന നാലാം അധ്യായത്തിലെ പേജ് 26 ലെ വഴി കാട്ടാമോ? എന്ന ചിത്രം പൂരിപ്പിച്ച് നല്ല 3 എണ്ണം നവംബർ 20 ന് മുമ്പ് അതിരൂപതയിലേക്ക് അയച്ച് തരുമല്ലോ.

### 10. നിറംകൊടുക്കാമോ? ഒക്ടോബർ മാസത്തെ വിജയികൾ

I ജോയൽ മഠത്തിക്കുഴിഞ്ഞൂർ - കരിക്കോട്ടക്കരി
II സിയാൻ പ്ലാക്കാട്ട് - കണ്ണിവയൽ
III ജോസഫ് മൈലപ്പറമ്പിൽ - കോടോത്ത്

### 11. വഴികാട്ടാമോ ? ഒക്ടോബർ മാസത്തെ വിജയികൾ

I ഐറിൻ നെല്ലിനിൽക്കുംതടത്തിൽ - കീഴ്പ്പള്ളി
II ഏയ്ഞ്ചൽ കല്ലുകുളങ്ങര - മാട്ടറ
III ജോസഫ് പ്ലാത്തോട്ടത്തിൽ - കോടോത്ത്

### 12. എയ്ഞ്ചൽസ് ഫെസ്റ്റ് 2023 -24 (കലോത്സവം)

ഈ വർഷം സംയുക്ത കലോത്സവം നടന്നതിനാൽ തിരുബാലസഖ്യ കലോത്സവത്തിൽ ചിലമാറ്റങ്ങൾ വരുത്തുന്ന കാര്യം തിരുബാലസഖ്യം ആനിമെറ്റേഴ്സ് ശ്രദ്ധിക്കുമല്ലോ. സംഗീതം, പ്രസംഗം, ഗ്രൂപ്പ് ഡാൻസ് എന്നീ ഇനങ്ങൾ മാത്രമേ അതിരൂപതാതലത്തിൽ മത്സരം ഉണ്ടായിരിക്കുകയുള്ളൂ. ഈ ഇനങ്ങളിൽ മേഖലകളിൽ മത്സരം നടത്തി ഒന്നാം സ്ഥാനം കിട്ടുന്ന കുട്ടിയുടെ വീഡിയോ പെൻഡ്രൈവിൽ ആക്കി ജനുവരി 14-ാം തീയതി അതിരൂപതയിൽ എത്തിക്കുക. കൂടുതൽ വിവരങ്ങൾ പിന്നീട് നിങ്ങളെ അറിയിക്കുന്നതായിരിക്കും. ഈ മൂന്ന് ഇനങ്ങളിൽ മാത്രമേ മത്സരം ഉണ്ടായിരിക്കുകയുള്ളു എന്നകാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

#### പ്രസംഗം

- പ്രസംഗം സമയം - 4 മിനുട്ട്
- വിഷയം - കുടുംബം - മൂല്യങ്ങളുടെ വിളനിലം
- വിഷയാധിഷ്ഠിതമായിരിക്കണം, ആശയ സ്ഫുടത, അക്ഷര സ്ഫുടത,

ഭാഷാശുദ്ധി, സഭാകമ്പമില്ലാതെ സംസാരിക്കാനുള്ള കഴിവ്, സന്ദർഭോചിത ശബ്ദനിയന്ത്രണം തുടങ്ങിയവ പരിഗണിക്കന്നതായിരിക്കും.

- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും.

### സംഗീതം

- ക്രിസ്തീയ ഭക്തിഗാനങ്ങളേ ആലപിക്കാവൂ. സിനിമാഗാനം അനുവദനീയമല്ല.
- പാട്ടിന്റെ പല്ലവി, അനുപല്ലവി, വീണ്ടും പല്ലവി പാടി അവസാനിപ്പിക്കുന്നു.
- അവതരണം, താളം, ശ്രുതി, ലയം തുടങ്ങിയവ പ്രത്യേകം പരിഗണിക്കപ്പെടും.
- കരോക്കെ, മൈക്ക് മറ്റ് മ്യൂസിക് ഇൻസ്ട്രമെൻസ് ഇവ അനുവദനീയമല്ല.
- ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും പ്രത്യേക മത്സരമായിരിക്കും. കാണാതെ പഠിച്ച് പാടേണ്ടതാണ്.
- ക്ലാസിക്കൽ ഗാനങ്ങൾ അനുവദനീയമല്ല. സെമി ക്ലാസിക്കൽ ഗാനങ്ങളാകാം. ഹമ്മിംഗ് ആകാം. സ്വരങ്ങൾ പാടാം.

### ഗ്രൂപ്പ് ഡാൻസ്

- ക്രിസ്തീയ ഭക്തി ഗാനങ്ങളെ ഉപയോഗിക്കാവൂ.
- സമയം 10 മിനിറ്റ്
- ഡാൻസിന് ചേർന്ന ഒരുപോലുള്ള ഇഷ്ടമുള്ള ഡ്രസ്സ് ധരിക്കാം.
- ഡ്രസ്സ് മേക്കപ്പ് എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.
- താളം, ചടുലത, അഭിനയം, പാട്ട്, അടവുകൾ എന്നിവ പ്രത്യേകം പരിഗണിക്കുന്നതാണ്.
- ഗ്രൂപ്പ് ഡാൻസിന് എഡിറ്റിംഗ് അനുവദനീയമല്ല.

**ഫാ. ജോസഫ് വടക്കേപ്പറമ്പിൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്തൊലേറ്റ്

"നിങ്ങളുടെ യൗവനം ഒരു ഇടവേള അല്ല. നിങ്ങൾ ദൈവ ത്തിന്റെ ഇപ്പോൾ ആണ്". *(ക്രിസ്തുസ് വിവിദ് no. 5)*

പ്രിയപ്പെട്ട ഡയറകറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

മരണംമൂലം നമ്മളിൽനിന്നും വേർപിരിത്തു പോയ നമ്മുടെ പ്രിയപ്പെട്ടവരെ അനുസ്മരിക്കുന്ന മാസമാണല്ലൊ നവംബർ മാസം. പ്രിയപ്പെട്ടവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

## you cat shooting

ശാലോം ടെലിവിഷൻ ഗ്രൂപ്പുമായി സഹകരിച്ച് you cat സംവാദം മാർ ജോസഫ് പാംപ്ലാനി പിതാവുമായി നടത്തി. ചെറുപുഴ, പേരാവൂർ എന്നി ഫൊറോനകൾ എട്ട് എപ്പിസോഡുകൾ ഷൂട്ടിംഗ് നടത്തി. ശാലോം ടെലിവിഷനിൽ വിവിധ ദിനങ്ങളിൽ ഇവ സംപ്രേക്ഷണം ചെയ്യും.

**ഗാന്ധി ജയന്തി ദിനത്തിൽ KSRTC ബസുകൾ കഴുകി യുവജനങ്ങൾ**

കെ.സി.വൈ.എം. അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ചെമ്പേരി ഫൊറോനയിലെ പൊട്ടൻപ്ലാവ് യൂണിറ്റിൽ വച്ച് 2 ബസ്സുകൾ കഴുകി. പ്രസിഡന്റ് അഖിൽ സി.ജെ., ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ചെമ്പേരി ഫൊറോന പ്രസിഡന്റ് ടെന്നി, ഡയറക്ടർ ഫാ. വിപിൻ, അതിരൂപതാ ഭാരവാഹികൾ ഫൊറോന പ്രസിഡന്റുമാർ ചെമ്പേരി ഫൊറോനയിലെ യുവജനങ്ങൾ എന്നിവർ നേതൃത്വം കൊടുത്തു.

വിവിധ ഫൊറോനകളിൽ ഗാന്ധി ജയന്തി ദിനത്തോടനുബന്ധിച്ച് KSRTC ബസുകൾ കഴുകിയും Sign board വൃത്തിയാക്കിയും ബസ്റ്റോപ്പുകൾ, പൊതുവിതരണ കേന്ദ്രങ്ങൾ എന്നിവ വൃത്തിയാക്കിയും മാതൃകയായി തലശേരി കെ.സി.വൈ.എം. യുവനങ്ങൾ.

**എന്റെ അമ്മക്കരികെ**

ജപമാല മാസാചരണത്തിന്റെ കെ.സി.വൈ.എം., എസ്.എം.വൈ.

എം. തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 10 ദിവസങ്ങളിലായി, 10 ഫൊറോനകളിൽ ജപമാല പ്രാർത്ഥനയുടെ തൽസമയ സംപ്രേക്ഷണം നടത്തി. ജപമാലയിൽ പങ്കെടുത്ത മാലോം, എടൂർ, വായാട്ടുപറമ്പ്, മേരിഗിരി, പൈസക്കരി, മണിക്കടവ്, ചെറുപുഴ, നെല്ലിക്കാംപൊയിൽ, കാഞ്ഞങ്ങാട്, പനത്തടി ഫൊറോനകൾക്കും നേതൃത്വം കൊടുത്തവർക്കും അഭിനന്ദനങ്ങൾ.

**പ്രതിഷേധം :** പരിശുദ്ധമായ ഞായറാഴ്ച ആചരണങ്ങളെ തടസപ്പെടുത്തി കൊണ്ടുള്ള സ്കൂൾ, കായിക, കലാ, ശാസ്ത്ര മേളകൾക്കെതിരെ കെ.സി. വൈ.എം., എസ്എം.വൈ.എം. തലശേരി അതിരൂപത പ്രതിഷേധം അറിയിച്ചു. ക്രൈസ്തവർ വിശുദ്ധ ദിനമായി ആചരിക്കുന്ന ഞാറാഴ്ചകളിൽ സ്കൂൾ കലാ-കായിക-ശാസ്ത്രമേളകൾ സംഘടിപ്പിക്കുന്നത് ഭരണഘടന വിഭാവനം ചെയ്യുന്ന ആരാധനാ സ്വാതന്ത്ര്യത്തിന്റെമേലുള്ള കടന്ന് കയറ്റമാണന്ന് കെ.സി.വൈ.എം. യുവജനങ്ങൾ അധികാരികളെ അറിയിച്ചു.

## ശ്രീകണ്ഠാപുരം - നടുവിൽ റോഡ് പ്രതിഷേധ പദയാത്ര

ശ്രീകണ്ഠാപുരം - നടുവിൽ റോഡിന്റെ ദുരിത യാത്ര അവസാനിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ നടുവിൽ മുതൽ ചെമ്പന്തൊട്ടി വരെ പ്രതിഷേധ പദയാത്ര നടത്തി. നടുവിൽ ടൗണിൽ വച്ച് മുൻ ഇൻഫാം ഡയറക്ടർ ഫാ. ജോബി ചെരുവിൽ ഫ്ളാഗ് ഓഫ് ചെയ്ത് പദയാത്ര ഉദ്ഘാടനം ചെയ്തു. ചെമ്പന്തൊട്ടിയിൽ എത്തിചേർന്ന പദയാത്രയുടെ സമാപന സമ്മേളനം ചെമ്പന്തൊട്ടി ഫൊറോനാ വികാരി ബഹു. ഫാ. ആൻറണി മഞ്ഞളാംകുന്നേൽ ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അഖിൽ സി.ജെ., ഡയറക്ടർ ഫാ. ജിൻസ് വാളിപ്ലാക്കൽ, ഫൊറോന പ്രസിഡന്റ് ജേക്കബ്, ഡയറക്ടർ ഫാ. ഫ്രാങ്കോ, അതിരൂപത-ഫൊറോനാ ഭാരവാഹികൾ, യുവജനങ്ങൾ, നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

## INIZIA 2K23

2023-24 സമിതിയുടെ പ്രവർത്തന വർഷ ഉദ്ഘാടനവും ഇനിസിയ **2K23** ചെമ്പന്തൊട്ടി സെൻറ് ജോർജ് പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. തലശ്ശേരി അതിരൂപത വികാരി ജനറൽ മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ ഉദ്ഘാടനം ചെയ്തു.

അതിരൂപതാ പ്രസിഡന്റ് അഖിൽ സി.ജെ. അധ്യക്ഷപദവും ഡയറക്ടർ ആമുഖപ്രഭാഷണവും ഫൊറോന വികാരി ആന്റണി മഞ്ഞളാംകുന്നേൽ അനുഗ്രഹസന്ദേശവും നൽകി.

ഫൊറോന പ്രസിഡന്റ് ജേക്കബ്, ഡയറക്ടർ ഫാ. ഫ്രാങ്കോ വൈസ് പ്രസിഡന്റ് ഗ്ലോറിയ ചെമ്പന്തൊട്ടി, യൂണിറ്റ് പ്രസിഡണ്ട്, വൈസ് പ്രസിഡന്റ് അതിരൂപതാ ഫൊറോനാ ഭാരവാഹികൾ നേതൃത്വം കൊടുത്തു.

**ലോഗോ പ്രകാശനം :** കെസിവൈഎം 2023-24 സമിതിയുടെ പ്രവർത്തന ലോഗോ തലശ്ശേരി മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ പ്രകാശനം

ചെയ്തു. EPIC - Everything is Possible In Christ എന്നതാണ് ഈ വർഷത്തെ പ്രവർത്തന ലോഗോ. Recouting the Deeds of Nazarayan എന്നതാണ് പ്രവർത്തന വർഷത്തിന്റെ തീം. ചരിത്രപുരുഷനായ ക്രിസ്തുവിന്റെ കാലടികളെ പിഞ്ചെന്ന് പുതിയ ചരിത്രത്തിന്റെ ഏടുകൾ രചിക്കുവാൻ കെസിവൈഎം വ്യത്യസ്തങ്ങളായ പ്രവർത്തനങ്ങളുമായി ഈ വർഷത്തെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

**പരിഷ്കരിച്ച നിയമാവലി പ്രകാശനം ചെയ്തു**

കെസിവൈഎം തലശ്ശേരി അതിരൂപതയുടെ പുതുക്കിയ നിയമാവലി പ്രവർത്തനവർഷ ഉദ്ഘാടനവേദിയിൽ വച്ച് മോൺ. മാത്യു ഇളംതുരുത്തിപ്പടവിൽ പ്രകാശനം ചെയ്തു. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് നിയമാവലി കമ്മിറ്റിയുടെ പഠനങ്ങൾ, തിരുത്തലുകൾ ഇവ ഉൾപ്പെടുത്തിയ കരട്രേഖ പിതാവിന് സമർപ്പിക്കുകയും പിതാവിന്റെ പ്രത്യേകമായ പരാമർശങ്ങളും തിരുത്തലകളും ഉൾപ്പെടുത്തി സജ്ജമാക്കിയ നിയമാവലിയാണ് പ്രകാശനം ചെയ്യപ്പെട്ടത്. കെസിവൈഎം ഫൊറോനാ സമിതി ഓഫീസിലും എല്ലാ ഇടവകയിലും നിയമാവലിയുടെ ഒരു പതിപ്പ് സൂക്ഷിക്കേണ്ടതാണ്.

**കെസിവൈഎം 2022-23 സമിതിക്ക് ആദരം**

തലശ്ശേരി 2022-23 സമിതിയെ മുന്നോട്ട് നയിച്ച ബഹു. പ്രസിഡണ്ട് ശ്രീമതി ചിഞ്ചു വട്ടപ്പാറയുടെ നേതൃത്വത്തിലുള്ള അതിരൂപത സമിതിക്ക് മെമെന്റോ നൽകി ആദരിച്ചു.

**ഫൊറോന പ്രസിഡണ്ടുമാർക്ക് ആദരം :** 2022-23 സമിതിയിൽ ഫൊറോന പ്രസിഡന്റുമാരായി സേവനം ചെയ്ത എല്ലാ യുവജന നേതാക്കളെയും മെമെന്റോ നൽകി ആദരിച്ചു

**സംയുക്ത സിൻഡിക്കേറ്റ്, നവംബർ 11-ന്**

കെസിവൈഎം 2023-24 സമിതിയുടെ സംയുക്ത സിൻഡിക്കേറ്റ് സമ്മേളനം നവംബർ 11 ശനിയാഴ്ച തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെടും. ഫൊറോന പ്രസിഡന്റുമാർ ബഹു. ഫൊറോന ഡയറക്ടറച്ചന്മാർ ആനിമേറ്റർമാർ എന്നിവർ അതിരൂപതാ സമിതിയോടൊപ്പം യോഗത്തിൽ പങ്കെടുക്കും. വർഷത്തിലൊരിക്കൽ മാത്രം നടക്കുന്ന ഈ സംയുക്ത സിൻഡിക്കേറ്റിൽ അംഗങ്ങളായിട്ടുള്ളവർ നിർബന്ധമായും ഈ ഒരു മീറ്റിംഗിൽ പങ്കെടുക്കണമെന്ന് ഓർമിപ്പിക്കുന്നു. ഉച്ചഭക്ഷണത്തോടെ സമ്മേളനം അവസാനിക്കും.

**അഭിനന്ദനങ്ങൾ**

തലശ്ശേരി അതിരൂപതയുടെ 2023-24 വർഷത്തെ വനിത സിൻഡിക്കേറ്റുകളായി തെരെഞ്ഞെടുക്കപ്പെട്ട ക്രിസ്റ്റീന ടോമിനും, ആൻ ലെന ബോസിനും ഓഡിറ്റർമാരായി തെരഞ്ഞെടുക്കപ്പെട്ട ജിബിൻ ജൂണോക്കും, ആൽബിൻ

സാബുവിനും കെ.സി.വൈ.എം. തലശ്ശേരി അതിരൂപതയുടെ യുവജന കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**അമ്മയോടൊപ്പം :** കെസിവൈഎം സംസ്ഥാന സമിതിയുടെ 'അമ്മയോടൊപ്പം' എന്ന ജപമാലയ്ക്ക് ഒക്ടോബർ 2 ന് തലശ്ശേരി അതിരൂപത കെസിവൈഎം നേതൃത്വം നൽകി. ഓൺലൈനായി നടത്തിയ ജപമാലയിൽ 200 ഓളം യുവജനങ്ങൾ ഭക്തിപൂർവ്വം പങ്കുചേർന്നു.

**Cleaning :** ജപമാല മാസത്തിന്റെ മുന്നോടിയായി എടക്കോം ടൗണിലെ മാതാവിന്റെ ഗ്രോട്ടോയും പരിസരവും പൊതുകിണറും കെസിവൈഎം എടക്കോം യൂണിറ്റ് അംഗങ്ങൾ ശുചീകരിച്ചു.

**കെസിവൈഎം ആലക്കോട് യൂണിറ്റ്**

പ്രവാസികൾക്കും കിടപ്പുരോഗികൾക്കുമായി ഒക്ടോബറിലെ ആദ്യ വെള്ളിയാഴ്ച വി. കുർബാനയും നൊവേനയും ലൈവ് സംപ്രേക്ഷണം നടത്തി.

**വിശപ്പ് മാറ്റാൻ മനസ്സറിഞ്ഞ്**

എടൂർ കെസിവൈഎം ഫൊറോനയുടെ നേതൃത്വത്തിൽ വിവിധ യൂണിറ്റുകളിലെ യുവജനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് വിശപ്പ് മാറ്റാൻ മനസ്സറിഞ്ഞ് ഒരു സ്നേഹ പൊതി കൈമാറി. എല്ലാം ഞായറാഴ്ചകളിലും അഗതി മന്ദിരങ്ങളിൽ ഒരു നേരം പൊതിച്ചോറ് നൽകുന്ന പദ്ധതിയുടെ ഭാഗമായാണ് കെസിവൈഎം മാങ്ങോട് യൂണിറ്റിന്റെ നേതൃത്വത്തിൽ സമാഹരിച്ച പൊതിച്ചോറ് കാരാപ്പറമ്പ് മൈത്രിഭവനിൽ വിതരണം ചെയ്തത്. ഫൊറോനാ പ്രസിഡണ്ട് ബിബിൻ പീടിയേക്കൽ മാങ്ങോട് യൂണിറ്റ് പ്രസിഡണ്ട് മാർട്ടിൻ, കൗൺസിലർമാരായ ഷിമിൽ ബിജു, സ്നേഹ ബിജു എന്നിവർ നേതൃത്വം നൽകി.

**ദേശീയ പോലീസ് അനുസ്മരണം :** ഒക്ടോബർ 21 ദേശീയ പോലീസ് ദിനത്തോട് അനുബന്ധിച്ച് കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ കണ്ണൂർ കാസർകോട് ജില്ലകളിലെ പോലീസ് സ്റ്റേഷനുകൾ സന്ദർശിച്ച് നാടിനു വേണ്ടി കഠിനാധ്വാനം ചെയ്യുന്ന പോലീസുകാരെ ആദരിച്ചു. അതിരൂപതല ഉദ്ഘാടനം ഇരിട്ടി പോലീസ് സ്റ്റേഷനിൽ വച്ച് നടത്തപ്പെട്ടു.

**സ്വാഗതം... നന്ദി...**

കാഞ്ഞങ്ങാട് ഫൊറോനയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട ഫാ. വിപിൻ വെമ്മേനികട്ടയിലച്ചന് സ്വാഗതവും സ്ഥാനമൊഴിയുന്ന പ്രിയേഷ് കള രിമുറിയിലച്ചന് നന്ദിയും അറിയിക്കുന്നു.

**ഫാ. തോമസ് വാളിപ്ലാക്കൽ**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്തൊലേറ്റ്

സ്നേഹത്തിന്റെയും ജീവന്റെയും സമന്വയമെന്ന നിലയിൽ കുടുംബം സഭയുടെയും സമൂഹത്തിന്റെയും അടിസ്ഥാന ശിലയാണ്. പിതാവും മാതാവും മക്കളും സ്വയം വിശുദ്ധീകരണത്തിനും മറ്റുള്ള വരുടെ നന്മയിലുള്ള വളർച്ചയ്ക്കുമായി കടമകൾ നിർവ്വഹിച്ചും അവ കാശങ്ങൾ സംരക്ഷിച്ചും മറ്റുള്ളവരുടെ വ്യക്തിത്വത്തെ ആദരിച്ചും പരി പൂർണ്ണതയിലേക്ക് വളരുന്ന സുന്ദരമായ വേദിയാണത്. ദൈവം അനാ ദിയിലേ തന്നെ മനുഷ്യരക്ഷയ്ക്കായി രൂപപ്പെടുത്തിയ ഈ നല്ല സംവി ധാനത്തെ വളർത്താനും പരിശീലിപ്പിക്കാനും നമുക്കൊരുമിച്ച് പരിശ്ര മിക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

**MPC 2023**

| | |
|---|---|
| November 16-18 | (Thursday - Saturday) Padannakkad |
| December 14-16 | (Thursday - Saturday) Thalassery |

**Time Schedule :**

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാം ദിവസം വൈകിട്ട് 4.00 ന് എം.പി.സി സമാപി ക്കുന്നു.
- എം.പി.സി കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാ രിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപ യായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.

- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ് ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.
- 2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് പുനഃരാരംഭിക്കുന്നതാണ്.
- അടുത്ത വർഷത്തെ എം.പി.സി കോഴ്സിന്റെ തീയതികൾ താഴെ കൊടുക്കുന്നു

| MPC 2024 | | | |
|---|---|---|---|
| January | 02-04 | (Tuesday, Thursday) | Thalassery |
| January | 23-25 | (Tuesday, Thursday) | Thalassery |
| February | 15-17 | (Thursday, Saturday) | Padannakkad |
| March | 14-16 | (Thursday, Saturday) | Thalassery |
| April | 02-04 | (Tuesday, Thursday) | Thalassery |
| April | 18-20 | (Thursday, Saturday) | Padannakkad |
| May | 16-18 | (Thursday, Saturday) | Thalassery |
| June | 13-15 | (Thursday, Saturday) | Thalassery |
| July | 18-20 | (Thursday, Saturday) | Padannakkad |
| August | 22-24 | (Thusday, Saturday) | Thalassery |
| September | 19-21 | (Thursday, Saturday) | Padannakkad |
| October | 17-19 | (Thursday, Saturday) | Thalassery |
| November | 14-16 | (Thursday, Saturday) | Padannakkad |
| December | 19-21 | (Thursday, Saturday) | Thalassery |

## II. മാതൃവേദി

**a)** അതിരൂപതാ ഭാരവാഹികളുടെ മീറ്റിംങ്ങ് സെപ്റ്റംബർ 29, ഒക്ടോബർ 11,17 തീയ്യതികളിൽ Online ആയി നടത്തി. വിവിധവിഷയങ്ങൾ ചർച്ച ചെയ്തു.

**b) പ്രവർത്തന മാർഗ്ഗരേഖ - നവംബർ 2023**

നവംബർ 1 : കേരളപ്പിറവി - കേരളത്തിനായി പ്രാർത്ഥിക്കുക.

നവംബർ 4 : വി. ചാൾസ് ബൊറോമിയോയുടെ തിരുനാൾ ദിനത്തിൽ എല്ലാ മതാധ്യാപകരെയും യൂണിറ്റ് തലത്തിൽ സമുചിതമായി ആദരിക്കുക.

നവംബർ 5 : സഖറിയാസ് - ഏലീശ്വാ നാമധാരികളെ ആദരിക്കുക. വികാരിയച്ചനുമായി ആലോചിച്ച് 60 വയസ്സിനു മുകളിൽ പ്രായമുള്ളവരെ ദൈവാലയത്തിൽ ഒരുമിച്ച് കൂട്ടി വി. കുർബ്ബാന, ക്ലാസ്സ്, സ്നേഹവിരുന്ന് എന്നിവ നടത്താൻ ശ്രദ്ധിക്കുക. കിട

പ്പിലായ പ്രായമായവരെ സന്ദർശിച്ച് സ്നേഹോപഹാരങ്ങൾ നല്കുക.

നവംബർ 14 : ശിശുദിനത്തോടനുബന്ധിച്ച് ഇടവകയിൽ കൂടുതൽ കുഞ്ഞുങ്ങളുള്ള കുടുംബങ്ങൾ സന്ദർശിച്ച് കുഞ്ഞുങ്ങൾക്ക് സമ്മാനങ്ങൾ നല്കുക. വലിയ കുടുംബങ്ങളുടെ സംഗമം നടത്തുക.

നവംബർ 25 : ജീവോത്സവം 2023 - വലിയ കുടുംബങ്ങളുടെ സ്നേഹ സംഗമം അതിരൂപതാ തലത്തിൽ നടത്തപ്പെടുമ്പോൾ അതിൽ പങ്കെടുക്കാൻ അർഹരായ കുടുംബങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഫാമിലി ഓഫീസിൽ അറിയിക്കുകയും അവരെ പങ്കെടുപ്പിക്കാനാവശ്യമായ ക്രമീകരണങ്ങൾ നടത്തുകയും ചെയ്യുക. ആ കുടുംബങ്ങളിലെ ഒരു കുഞ്ഞിനെ സ്പോൺസർ ചെയ്യാൻ കഴിയുന്നവരെ കണ്ടെത്തി ഓഫീസിൽ അറിയിക്കുക. മാസം 2500 രൂപ വീതം.

നവംബർ 26 : ഭരണഘടനാദിനം - ഭരണഘടനയുടെ പ്രയാംബിൾ വിശദീകരിച്ചുകൊണ്ട് 3 മിനിറ്റ് വീഡിയോ

നവംബർ 30 : വി. അന്ത്രയോസിന്റെ തിരുനാൾ - നാമധാരികളെ ആദരിക്കുക. യോഹ 1,35-42 ബൈബിൾ ഭാഗം വായിച്ച് പഠിക്കുക.

**പൊതുപ്രവർത്തനങ്ങൾ**

1. ശുദ്ധീകരണാത്മാക്കൾക്കായി പ്രത്യേകം പ്രാർത്ഥിക്കാനും സിമിത്തേരി വൃത്തിയാക്കാനും ശ്രദ്ധിക്കുക.
2. വിധവകളും വിഭാര്യരുമായവരുടെ പ്രത്യേക സംഗമങ്ങൾ നടത്തി അവർക്കായി ഉപകാരപ്രദമായ സെമിനാറുകൾ സംഘടിപ്പിക്കുക. ഗവൺമെന്റ് ആനുകൂല്യങ്ങളെക്കുറിച്ച് അവബോധം നല്കുക. സ്വയം തൊഴിൽ പരിശീലനവും അത്യാവശ്യമായ സഹായങ്ങളും നല്കുക.
3. ദമ്പതീ ക്വിസ് - മേഖലയിൽ നിന്ന് 2 ദമ്പതികൾക്ക് പങ്കെടുക്കാം 'സ്നേഹത്തിന്റെ ആനന്ദം' എന്ന പുസ്തകത്തിലെ 4,5,7,9 അധ്യായങ്ങളെ ആസ്പദമാക്കിയായിരിക്കും മത്സരം. പുസ്തകം ഓഫീസിൽ ലഭ്യമാണ്. വില 100 രൂപ

## c) അതിരൂപതാ സാഹിത്യ മത്സര വിജയികൾ

ഒക്ടോബർ 2ന് 19 മേഖലകളിലായി നടത്തിയ സാഹിത്യമത്സരത്തിന്റെ വിജയികൾ.

**ഉപന്യാസം : ജൂണിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്, വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | A | Jasmin Pambadiyil | Thalassery | Thaliparamba |
| II | A | Bindu Titus Vayalunkal | Panathady | Panathady |
| III | B | Sini Chirackathottiyil | Nellickampoil | Nellickampoil |

**കവിത : ജൂണിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്, വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | B | Bindu Kunnumpuram | Vilakkannur | Chempanthotty |
| II | B | Sophiya Parackal | Payyavoor | Paisakary |
| III | B | Bindu Kannoth | Cherupara | Marigiri |

**ചിത്രരചന : ജൂണിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്, വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | A | Jessy Pazhayaparambil | Kannur | Thaliparamba |
| II | A | Cicily Kumbalanickal | Kadumeni | Thomapuram |
| III | A | Josmi Chundakattil | Kanjirakkolly | Manikkadavu |

**ക്വിസ്സ് : ജൂണിയർ വിഭാഗം**

| സമ്മാനം | പേര്,വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|
| I | Vinija Thekkekottaram | Vayattuparamba | Vayattuparamba |
| II | Beena Ellimoottil | Chettiyamparamba | Peravoor |
| III | Leena Puthenpurackal | Vimalassery | Marigiri |

**ഉപന്യാസം : സീനിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്,വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | A | Jessy Vattaparambil | Poolakkutty | Peravoor |
| II | A | Mercy Orathel | Angadikkadavu | Kunnoth |
| III | B | Mary Kunnathumakkal | Edappuzha | Edoor |

**കവിത : സീനിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്,വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | B | Saji Edappatt | Kanhangad | Kanhangad |
| II | B | Carmeli Koottunkal | Kumbala | Kasargod |
| III | B | Molly Baby Poozhikunnel | Kottoorvayal | Chempanthotty |

**ചിത്രരചന : സീനിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്,വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | A | Dennis Parambukatt | Edoor | Edoor |
| II | A | Ancy Chathamkariyil | Kannivayal | Thomapuram |
| III | A | Kochurani Kochukunnathuparambil | Ulickal | Nellikkampoil |

**ക്വിസ്സ് : സീനിയർ വിഭാഗം**

| സമ്മാനം | ഗ്രേഡ് | പേര്,വീട്ടുപേര് | യൂണിറ്റ് | ഫൊറോന |
|---|---|---|---|---|
| I | B | Elsy Thaiparambil | Ulickal | Nellikkampoil |
| II | C | Thressiamma Narimattathil | Manikkadavu | Manikkadavu |
| III | C | Philomina Podimattathil | Anappanthi | Kunnoth |

**d) കൊന്ത നിർമ്മിക്കൽ**

ജപമാല രാജ്ഞിയുടെ തിരുനാൾ ദിനത്തിൽ വിവിധങ്ങളായ വസ്തുക്കൾ ഉപയോഗിച്ച് ക്രിയേറ്റിവായി ജപമാല ഉണ്ടാക്കി വാട്സാപ്പ് വീഡിയോ അയക്കുന്ന മത്സരത്തിൽ 90-ഓളം വീഡിയോസ് കിട്ടി. പങ്കെടുത്ത എല്ലാവർക്കും അനുമോദനങ്ങൾ.

**സമ്മാനർഹരായവർ**

**സിംഗിൾ**

ഒന്നാം സമ്മാനം - ബിന്ദു നടുവിലേമുറിയിൽ - കുമ്പള

രണ്ടാം സമ്മാനം - സെലിൻ ബേബി അഞ്ചാനിക്കൽ - ചെമ്പേരി

മൂന്നാം സമ്മാനം - ബീന തോമസ് കാക്കാംപറമ്പിൽ - കരയത്തുംചാൽ

**ഗ്രൂപ്പ്**

ഒന്നാം സമ്മാനം - കണിച്ചാർ യൂണിറ്റ്

രണ്ടാം സമ്മാനം - എടപ്പുഴ യൂണിറ്റ്

മൂന്നാം സമ്മാനം - പയ്യാവൂർ യൂണിറ്റ്

**e) വെബിനാർ**

ഒക്ടോബർ 10 Mental Health Day യുടെ ഭാഗമായി അമ്മമാർക്കായി 'മാനസീകാരോഗ്യം ജീവിതവിജയത്തിന്' എന്ന വിഷയത്തെ ആസ്പദമാക്കി Online ആയി വെബിനാർ നടത്തി. വെബിനാറിൽ സി. ജോണറ്റ് എം.എസ്. എം.ഐ ക്ലാസ് എടുത്തു. 100 പേർ പങ്കെടുത്തു.

## III) സഖറിയാസ് കൺവെൻഷൻ

ഒക്ടോബർ മാസത്തിൽ "സഖറിയാസ് കൺവെൻഷൻ"കാഞ്ഞങ്ങാട്, മണിക്കടവ് ഫൊറോനകളിൽ യഥാക്രമം 11,12,13 & 16,17,18 തീയതികളിലായി നടന്നു. കാഞ്ഞങ്ങാട് 250 പേരും മണിക്കടവ് 300 പേരും കൺവെൻഷനിൽ സംബന്ധിച്ചു. ഇടവകാതലങ്ങളിൽ ആരംഭിക്കുന്നതിനായുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു. എല്ലാ ഇടവകകളിലും ആളുകളെ വിളിച്ച് ചേർത്ത് സഖറിയാസ് കൂട്ടായ്മ നടത്താൻ ശ്രദ്ധിക്കുമല്ലോ. ടീമിനെ ആവശ്യമുള്ളവർ ഓഫീസിലേക്ക് വിളിക്കുമല്ലോ.

**IV) സീറോമലബാർ മാട്രിമോണി**

സീറോമലബാർ സഭയിലെ എല്ലാ രൂപതകളുമായി ലിങ്ക് ചെയ്തുകൊണ്ട് പ്രവർത്തിക്കുന്ന മാട്രിമോണിയിൽ രജിസ്റ്റർ ചെയ്യാൻ syromalabarmatrimony.org എന്ന വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് ഫാമിലി അപ്പൊസ്റ്റൊലേറ്റ് ഓഫീസുമായി ബന്ധപ്പെടുക. Phone : 9400206974, 8078122191.

**V) പ്രശാന്തി കൗൺസിലിംഗ് സെന്റർ**

അതിരൂപതാ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ കുടുംബബന്ധങ്ങളുടെ ശാക്തീകരണം ഉദ്ദേശിച്ച് ഒരു കൗൺസിലിംഗ് സെന്റർ പ്രവർത്തിക്കുന്നു. വ്യക്തികൾക്കും കുടുംബങ്ങൾക്കും കൗൺസിലിംഗിനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇടവകകളിൽ ഏതെങ്കിലും തരത്തിൽ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുടുംബങ്ങൾ ഉണ്ടെങ്കിൽ ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ് എന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

Phone : 9400206974, 8078122191

**VI) അമല പ്രോലൈഫ്**

അമല പ്രോലൈഫ് എക്സിക്യൂട്ടീവ് അംഗങ്ങളുടെ യോഗം ബഹു. ആശാരിപ്പറമ്പിൽ സണ്ണിച്ചേട്ടന്റെ വീട്ടിൽ വെച്ച് ഒക്ടോബർ 14 ന് ഉച്ചകഴിഞ്ഞ് 2.30 ന് ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ പ്രാർത്ഥനയോടുകൂടി ആരംഭിച്ചു. പ്രോലൈഫ് പ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാനായി മേഖലാതലപ്രവർത്തകരെ സജീവമാക്കാൻ എക്സിക്യൂട്ടീവ് അംഗങ്ങളെ ഫൊറോന തിരിച്ച് ചുമതലപ്പെടുത്തി. എല്ലാ മാസവും മൂന്നാമത്തെ ഞായറാഴ്ച്ച എക്സിക്യൂട്ടീവ് മീറ്റിംഗ് ചേരുവാൻ തീരുമാനിച്ചു. ജീവോത്സവം 2023 നവംബർ 25 ന് നടത്താൻ തീരുമാനിച്ചു.

**പ്രോലൈഫ് മാര്യേജ് ബ്യൂറോ**

മലബാർ മേഖല പ്രോലൈഫ് സമിതി നടത്തുന്ന ബ്യൂറോ പെൺകുട്ടികൾക്ക് സൗജന്യ രജിസ്ട്രേഷൻ, ആൺകുട്ടികൾക്ക് രജിസ്ട്രേഷൻ ഫീ 500 രൂപ നാല് മാസത്തേക്ക്.

Web Site: www.prolifemarry.com

**VII) ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ**

Mail ID : familytly92@gmail.com

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## ഡിഡിഇ ഓഫീസ് ഉപരോധം

**അധ്യാപക നിയമനങ്ങൾ ഉടൻ അംഗീകരിക്കണം :** സർക്കാർ അടിയന്തരിമായി ഇടപെട്ട് അധ്യാപകരുടെ നിയമനങ്ങൾ ഉടൻ അംഗീകരിക്കണമെന്ന് തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ ആവശ്യപ്പെട്ടു. മുഴുവൻ നിയമനങ്ങളും ഉടൻ അംഗീകരിക്കുക, സർവ്വീസിൽ ഉള്ളവരെ കെ.ടെറ്റിൽ നിന്നും ഒഴിവാക്കുക, ഉച്ചഭക്ഷണത്തുക വർദ്ധിപ്പിക്കുക, ഹയർസെക്കണ്ടറി സ്കൂളുകളിൽ ഓഫീസ് സ്റ്റാഫിനെ നിയമിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് കേരളകാത്തലിക് ടീച്ചേഴ്സ് സമിതിയുടെ ആഹ്വാനപ്രകാരം കണ്ണൂർ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിനു മുന്നിൽ നടത്തിയ ധർണ തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ ഉദ്ഘാടനം ചെയ്തു. കേരളത്തിലെ സ്കൂൾ അധ്യാപക നിയമനങ്ങൾ വ്യക്തമായ സർക്കാർ ഉത്തരവുകൾ ഉണ്ടായിട്ടും നിയമനങ്ങൾ അംഗീകരിക്കാതെ അനന്തമായി നീണ്ടുപോകുന്നത് നിരവധി അധ്യാപകരെ വേദനിപ്പിക്കുകയും പ്രയാസപ്പെടുത്തുകയും ചെയ്യുകയാണ്. ഉപജില്ല-ജില്ല വിദ്യാഭ്യാസ ഓഫീസുകളിൽ നൂറുകണക്കിന് ഫയലുകളാണ് കെട്ടിക്കിടക്കുന്നത്. ടീച്ചേഴ്സ ഗിൽഡ് മലബാർ മേഖല പ്രസിഡണ്ട് ബിജു കുറുമുട്ടം അധ്യക്ഷത വഹിച്ചു. ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന പ്രസിഡണ്ട് ബിജു ഓളാട്ടുപുറം ആമുഖ പ്രഭാഷണം നടത്തി. സംസ്ഥാന ട്രഷറർ മാത്യു ജോസഫ്, ടീച്ചേഴ്സ് ഗിൽഡ് അതിരൂപത സെക്രട്ടറി അഗസ്റ്റിൻ കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു.

## സ്നേഹത്തണൽ

കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും ആഭിമുഖ്യത്തിൽ നിർധനരായ വിദ്യാർത്ഥികൾക്ക് പണിത് കൊടുക്കുന്ന സ്നേഹ വീട് പദ്ധതിയിലെ മൂന്നാമത്തെ വീടിന്റെ ആശീർവാദകർമ്മവും താക്കോൽകൈമാറ്റവും 21/10/2023 ശനിയാഴ്ച പേരാവൂരിൽ നടന്നു. തലശ്ശേരി അതിരൂപത ടീച്ചേഴ്സ് ഗിൽഡ്, മഞ്ഞളാംപുറം യുപി സ്കൂൾ, പിറ്റിഎ, മറ്റ് അഭ്യുദയകാംക്ഷികൾ എന്നി

വരുടെ സംയുക്താഭിമുഖ്യത്തിൽ നിർമ്മാണം പൂർത്തിയാക്കിയ സ്നേഹ വീട് പദ്ധതിയിലെ മൂന്നാമത്തെ വീട് കൊളക്കാട് ഹൈസ്കൂളിലെ VIII-ാം ക്ലാസ് വിദ്യാർത്ഥിയായ റോഷന് കൈമാറി. വീടിന്റെ ആശീർവാദം തലശ്ശേരി അതിരൂപത പ്രോട്ടോസിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ നിർവ്വഹിച്ചു. താക്കോൽദാനം തലശ്ശേരി അതിരൂപത കോർപ്പറേറ്റ് മാനേജർ ഫാ. മാത്യു ശാസ്താംപടവിൽ നിർവ്വഹിച്ചു. പേരാവൂർ സെന്റ് ജോസഫസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ ചർച്ച് ആർച്ച് പ്രീസ്റ്റ് റവ. ഫാ. തോമസ് കൊച്ചുകരോട്ട് അദ്ധ്യക്ഷത വഹിച്ചു. മഞ്ഞളാംപുറം യുപി സ്കൂൾ മുഖ്യാധ്യാപിക ശ്രീമതി. റോസമ്മ പി.ഡി, ടീച്ചേഴ്സ് ഗിൽഡ് അതിരൂപത സെക്രട്ടറി ശ്രീ. അഗസ്റ്റിൻ കെ. ജോസഫ്, മഞ്ഞളാംപുറം യുപി സ്കൂൾ പിടിഎ പ്രസിഡണ്ട്, ശ്രീ. സുജയ് ടി ജേക്കബ്, മദർ പിടിഎ പ്രസിഡണ്ട് ശ്രീമതി. ജീമോൾ വർഗ്ഗീസ്, അധ്യാപക പ്രതിനിധി സിസ്റ്റർ ജീന റോസ് എസ്.എച്ച്, ടീച്ചേഴ്സ് ഗിൽഡ് സംസ്ഥാന ട്രഷറർ ശ്രീ. മാത്യു ജോസഫ് എന്നിവർ പ്രസംഗിച്ചു.

## വേദപാഠ - സന്മാർഗ്ഗപാഠ പഠനവും പരീക്ഷയും

മതബോധന സന്മാർഗ ക്ലാസുകൾ അക്കാദമിക് വർഷത്തിന്റെ ആരംഭത്തിൽ തന്നെ സ്കൂളിൽ കൃത്യമായും ഭംഗിയായും ആരംഭിച്ച് മുന്നോട്ടു പോകുന്നു എന്നു കരുതുന്നു. വിദ്യാലയം വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്കുള്ള ഇടമാണല്ലോ, അതുകൊണ്ടു തന്നെ സ്കൂളിൽ സന്മാർഗ മതബോധന ക്ലാസുകൾക്ക് വലിയ പ്രസക്തിയുണ്ട്. അധ്യാപകരുടെ ഇഷ്ടാനിഷ്ടങ്ങളേക്കാൾ വിദ്യാർത്ഥികളുടെ സമഗ്രവളർച്ചയ്ക്ക് ഉപകരിക്കുന്ന കാര്യങ്ങൾ സ്കൂളിൽ കൃത്യമായി ക്രമീകരിക്കേണ്ടതുണ്ട്. ഭൂരിപക്ഷം സ്കൂളിലും സന്മാർഗ മതബോധന ക്ലാസുകൾക്ക് ആവശ്യമായ പ്രാധാന്യം നൽകുന്നുണ്ട്. എന്നാൽ ചില സ്കൂളുകളിൽ പുസ്തകങ്ങൾ കൃത്യമായി വിദ്യാർത്ഥികൾക്ക് എത്തിച്ചു കൊടുക്കാനും പരീക്ഷപേപ്പറുകൾ പരിശോധിച്ചു കൊടുക്കാനും ക്ലാസുകൾ കൃത്യമായി നടത്താനും താല്പര്യം കാണിക്കുന്നില്ല. സ്കൂളുകളിൽ സന്മാർഗ - മതബോധന ക്ലാസുകൾ കാര്യക്ഷമമായി നടക്കുന്നുവെന്ന് പ്രധാന അധ്യാപകർ ഉറപ്പു വരുത്തണം.

മാർക്ക് പ്രോഗ്രസ് കാർഡിൽ രേഖപ്പെടുത്താനും സ്കൂളിൽ സന്മാർഗ മതബോധന പരീക്ഷയുടെ മാർക്കുകൾ രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിക്കാനും ശ്രദ്ധിക്കണം. ബഹു. ലോക്കൽ മാനേജർ അച്ചന്മാർ അതതു സ്കൂളുകളിലെ സന്മാർഗ മതബോധന ക്ലാസുകൾ നടത്തുന്നത് വിലയിരുത്തി അധ്യാപകർക്ക് മാർഗനിർദേശം നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

ന്യൂനപക്ഷ വിദ്യാലയങ്ങളാണ് നമ്മുടേത്. ഈ വിദ്യാലയങ്ങളുടെ തനിമയും സംസ്ക്കാരവും മൂല്യങ്ങളും സംരക്ഷിക്കുന്നതിന് നമ്മൾ പ്രതിജ്ഞാബദ്ധരാണ്. ഈശ്വര വിശ്വാസത്തിൽ വളരുന്നതിനും മൂല്യങ്ങളിൽ അടിയുറച്ച ധാർമ്മിക ജീവിതത്തിലൂടെ നമ്മുടെ വിദ്യാർത്ഥികൾ വളർന്നു വരുന്നതിനും സന്മാർഗ മതബോധന പഠനം വിദ്യാലയങ്ങളിൽ അനിവാര്യമാണ്.

ഈ വർഷത്തെ വേദപാഠ-സന്മാർഗ്ഗപാഠ **അർദ്ധവാർഷിക പരീക്ഷ നവംബർ മാസത്തിൽ ഓരോ സ്കൂളുകൾക്കും സൗകര്യപ്രദമായ തീയതിൽ നടത്തണം.** ചോദ്യപത്രങ്ങൾ സ്കൂൾ തലത്തിൽ അധ്യാപകർ തന്നെ തയ്യാറാക്കി പരീക്ഷ നടത്തേണ്ടതാണ്.

## *അർദ്ധവാർഷിക പരീക്ഷ സിലബസ് താഴെ ചേർക്കുന്നു*

**Ist Semaster**

| Class | Catechism | Moral Science |
|---|---|---|
| I | Chapter 1-5 | Chapter 1-6 |
| II | Chapter 1-6 | Chapter 1-6 |
| III | Chapter 1-5 | Chapter 1-6 |
| IV | Chapter 1-5 | Chapter 1-7 |
| V | Chapter 1-6 | Chapter 1-6 |
| VI | Chapter 1-5 | Chapter 1-6 |
| VII | Chapter 1-5 | Chapter 1-6 |
| VIII | Chapter 1-5 | Chapter 1-5 |
| IX | Chapter 1-5 | Chapter 1-5 |
| X | Chapter 1-5 | Chapter 1-5 |

**വാർഷിക പരീക്ഷ 2024 ജനുവരി 05നും, സ്കോളർഷിപ്പ് പരീക്ഷ 2024 ഫെബ്രുവരി 10-ാം** തീയതിയുമാണ്. വാർഷിക പരീക്ഷയ്ക്കും സ്കോളർഷിപ്പ് പരീക്ഷയ്ക്കും പാഠപുസ്തകത്തിലെ എല്ലാ പാഠങ്ങളിൽ നിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും. വിശദവിവരങ്ങൾ പിന്നീട് സർക്കുലറിലൂടെ അറിയിക്കുന്നതാണ്.

## മാസ്റ്റർ മൈൻഡ് 2K23 മികവ് പരീക്ഷ

എൽ.പി, യുപി, ഹൈസ്കൂൾ, ഹയർസെക്കണ്ടറി എന്നീ മൂന്ന് വിഭാഗങ്ങൾക്കുള്ള പുസ്തകം എല്ലാ സ്കൂളുകളിലും ലഭിച്ചു എന്നു കരുതുന്നു. ഇനിയും കോപ്പികൾ ആവശ്യമെങ്കിൽ ഓഫീസിൽ അറിയിച്ചാൽനൽകുന്നതാണ്. സ്കൂൾതല മികവ് പരീക്ഷ ഡിസംബർ മാസത്തിൽ നടത്തേണ്ടതാണ്. സ്കൂൾതലത്തിൽ നടത്തിയ പരീക്ഷയിൽ അറുപത് ശതമാനത്തിൽ കൂടുതൽ മാർക്ക് കിട്ടിയ വിദ്യാർത്ഥികൾക്ക് കോർപ്പറേറ്റ് തലത്തിൽ നടത്തുന്ന പരീക്ഷയിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കുന്നവരുടെ പേരുവിവരങ്ങൾ അറിയിക്കുന്നതിനായി ഗൂഗിൾഫോം സ്കൂളുകളിലേക്ക് അയച്ചുതരുന്നതാണ്. പുസ്തകത്തിന്റെ വില ഗൂഗിൾ പേ ചെയ്യാവുന്നതാണ്. ഗൂഗിൾപേ ചെയ്തതിനുശേഷം സ്ക്രീൻ ഷോട്ട് അയച്ചുതരേണ്ടതാണ്. ജനുവരി മാസത്തിൽ കോർപ്പറേറ്റ്തല പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. പരീക്ഷയിൽ മികച്ച വിജയം നേടത്തക്കവണ്ണം നന്നായി പഠിച്ചൊരുങ്ങണം. കോർപ്പറേറ്റ്തല സ്കോളർഷിപ്പ് പരീക്ഷയെക്കുറിച്ചുള്ള വിശദാംശങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**ഫാ. മാത്യു ശാസ്താംപടവിൽ**
*കോർപ്പറേറ്റ് മാനേജർ*

# നിർമ്മലഗിരി കോളേജ്
## കൂത്തുപറമ്പ്

ലോകമാനസികാരോഗ്യ ദിനചാരണത്തിന്റെ ഭാഗമായി നിർമലഗിരി കോളേജ് ഒന്നാംവർഷ ബിരുദ വിദ്യാർത്ഥികൾക്കായി ബോധവൽക്കരണ ക്ലാസ്സ് നടത്തി. തലശ്ശേരി ഗവൺമെന്റ് ആശുപത്രിയിൽ മാനസിക ആരോഗ്യ വിഭാഗത്തിൽ സേവനം ചെയ്യുന്ന ഡോ. മീനു മേരി വിൻസെന്റ് ക്ലാസ്സിന് നേതൃത്വം നൽകി. കോളേജ് പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ, കോളേജ് വാല്യൂ എഡ്യൂക്കേഷൻ കമ്മിറ്റി കൺവീനർ ഡോ. സി. മഞ്ജു ഒ എസ്, ഡോ. സുധിഷ് വിൻസെന്റ് എന്നിവർ സംസാരിച്ചു.

**നിർമലഗിരി കോളേജ് കൂത്തുപറമ്പ് ബ്ലോക്ക്തല അമൃത കലശ യാത്രയ്ക്ക് വേദിയായി**

കൂത്തുപറമ്പ് ബ്ളോക്കിലെ 10 വില്ലേജുകളിൽനിന്നും കൊണ്ടുവന്ന മണ്ണ് ഒരു കലശത്തിൽ ശേഖരിച്ച് അതുമായി നടത്തിയ റാലിയിൽ കോളേജിലെയും നിർമലഗിരി ആട്സ് ആന്റ് സയൻസ് അക്കാദമിയിലെയും മുഴുവൻ കുട്ടികളും പങ്കെടുത്തു. കൂത്തുപറമ്പ് എം.എൽ.എ. ശ്രി. കെ.പി. മോഹനൻ ഉദ്ഘാടനം നിർവഹിച്ച മീറ്റിംഗിന് കോളേജ് പ്രിൻസിപ്പൽ ഡോ. സെബാസ്റ്റ്യൻ ടി.കെ. അധ്യക്ഷത വഹിച്ചു. കൂത്തുപറമ്പ് മുൻസിപ്പാലിറ്റി ചെയർപേഴ്സൻ ശ്രീമതി സുജാത ടീച്ചർ പാഞ്ച് പ്രൺ പ്രതിജ്ഞ ചൊല്ലി കൊടുത്തു. കോളേജ് ബർസർ ഫാ. ഷാജി തെക്കേമുറിയിൽ, നിർമലഗിരി ആട്സ് ആന്റ് സയൻസ് അക്കാദമി പ്രിൻസിപ്പൽ ഡോ. ഔസേപ്പച്ചൻ കെ.വി, ഡോ. ജയ്സൺ ജോസഫ്, അമൽ മോഹൻ, എന്നിവർ പ്രസംഗിച്ചു. വിദ്യാർഥികൾ തിരുവാതിര, കൈകൊട്ടി, കളിപ്പാട്ട് നാടൻ പാട്ട്, ഫ്ലാഷ് മോബ് എന്നിവ അവതരിപ്പിച്ചു.

സംസ്ഥാന ഗവൺമെന്റിന്റെ യുവജന ബോധവൽക്കരണ പരിപാടികളുടെ ഭാഗമായി തലശ്ശേരി താലൂക്ക് ലീഗൽ സർവീസ്

കമ്മിറ്റിയുടെ നേതൃത്വത്തിൽ 'ജെൻഡർ ഇക്വാലിറ്റി' എന്ന വിഷയത്തിൽ അഡ്വ. ഷാജി. വി. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി ക്ലാസ്സ് നയിച്ചു. പ്രിൻസിപ്പൽ ഡോ. ടി. കെ. സെബാസ്റ്റ്യൻ അധ്യക്ഷസ്ഥാനം വഹിച്ച ചടങ്ങിന്, കോളേജ് Value Education Committee Convener, Dr. Sr. Manju OS സ്വാഗതം പറഞ്ഞു. ഒന്നാം വർഷ വിദ്യാർത്ഥിനി ഡയാന ക്ലാസ്സ് വിലയിരുത്തി സംസാരിച്ചു.

**പി ആർ ഒ**

നിർമലഗിരി കോളേജ്

---

# ധ്യാനകേന്ദ്രങ്ങളിലൂടെ

## 2023 ഒക്ടോബർ

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | |
|---|---|---|
| <u>നവംബർ</u> | 05-09 | : ആന്തരീക സൗഖ്യ ധ്യാനം |
| | 11 | : വചനാഗ്നി (09 am - 02 pm, ഏകദിന കൺവെൻഷൻ) |
| | 16-20 | : ആന്തരീക സൗഖ്യ ധ്യാനം |
| | 24-29 | : സിസ്റ്റേഴ്സിനുള്ള ധ്യാനം |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | |
|---|---|---|
| <u>നവംബർ</u> | 10 | : ജാഗരണ പ്രാർത്ഥന |
| | 04, 18, 25 | : ഏകദിന ധ്യാനം |
| | 11 | : കുട്ടികളുടെ ഏകദിന ധ്യാനം |
| | 11-15 | : ആന്തരീക സൗഖ്യ ധ്യാനം |
| | 25-29 | : ആന്തരീക സൗഖ്യ ധ്യാനം |

**3. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി; ഫോൺ : 7306859339**

| | | |
|---|---|---|
| <u>നവംബർ</u> | 04 | : അഖണ്ഡ ജപമാല (Spiritual Sharing, ഏകദിനം) |
| | 10 | : ജാഗരണ പ്രാർത്ഥന |
| | 10-12 | : കുടുംബ നവീകരണ ധ്യാനം |
| | 19-23 | : ദിവ്യകാരുണ്യ ധ്യാനം |

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

### പ്ലേസ്മെന്റ് വാർത്തകൾ July 2023

- ഓൺലൈൻ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ CHEGG INDIA നടത്തിയ ക്യാമ്പ് റിക്രൂട്ട്മെന്റ് വിമൽ ജ്യോതിയിൽ നിന്നും 64 കുട്ടികൾ പങ്കെടുത്തു, 10 കുട്ടികൾക്ക് ജോലി ലഭിച്ചു.
- Structural Engineering മേഖലയിൽ പ്രവർത്തിക്കുന്ന Core Civil Engineering കമ്പനിയായ Arabee Structures ഒക്ടോബർ 19,20 തീയതികളിലായി അവസാന വർഷ സിവിൽ എൻജിനീയറിങ് വിദ്യാർഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. Selection Process നവംബർ പകുതിയോടെ പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.
- മൾട്ടി നാഷണൽ കമ്പനിയായ Deloitte Analyst തസ്തികയിലേക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു. ഓൺലൈൻ രജിസ്ട്രേഷൻ നടത്തിക്കൊണ്ടിരിക്കുന്നു. ടെസ്റ്റ് Date ഉം മറ്റു വിവരങ്ങളും ലഭ്യമായിട്ടില്ല.
- Bangalore based കമ്പനിയായ Qspiders ഒക്ടോബർ 28-ാം തീയതി വിമൽ ജ്യോതിയിലെ കുട്ടികൾക്കായി recruitment നടത്തുന്നു. തിരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി മൂന്നു സൗജന്യ ട്രെയിനിങ് നൽകിയശേഷം അവരുടെ Client കമ്പനികളിൽ ജോലി ലഭ്യമാകുന്നു.
- ഒക്ടോബർ 9-ാം തീയതി Edroots Kannur മായി സഹകരിച്ച് അവസാനവർഷ വിദ്യാർത്ഥികൾക്കായി IELTS Orientation സെമിനാർ സംഘടിപ്പിച്ചു. 64 അവസാന വർഷ വിദ്യാർത്ഥികൾ പങ്കെടുത്തു.
- കുട്ടികളുടെ Placement ട്രെയിനിങ്ങിന്റെ ഭാഗമായി അവസാനവർഷ വിദ്യാർത്ഥികൾക്കുമായി group discussion training നടത്തുന്നു. Lunch break ന്റെ സമയത്ത് 12.15 മുതൽ 12.45 വരെയുള്ള സമയത്താണ് പ്രസ്തുത ട്രെയിനിങ് നടത്തപ്പെടുന്നത്.

## വിമൽ ജ്യോതി എൻജിനീയറിങ് കോളജിന് ഐസിടി അക്കാദമി പ്രീമിയം മെമ്പർഷിപ്പ് അവാർഡ്

കേരള സർക്കാരിന് കീഴിലുള്ള ഐസിടി അക്കാദമി ഓഫ് കേരള വിമൽ ജ്യോതി എൻജിനീയറിങ് കോളേജിനെ 2023ലെ പ്രീമിയം ഇൻസ്റ്റിറ്റ്യൂട്ട് ആയി അംഗീകരിച്ചു. ഐസിടി അക്കാദമി ഓഫ് കേരള സെപ്റ്റംബർ 19-ാം തീയതി അങ്കമാലിയിലുള്ള Adlux കൺവെൻഷൻ സെന്ററിൽ വെച്ച് സംഘടിപ്പിച്ച ഇന്റർനാഷണൽ കോൺക്ലേവിൽ സി.ഇ.ഒ സന്തോഷ് കുറുപ്പിന്റെ സാന്നിധ്യത്തിൽ ടാറ്റാ കൺസൾട്ടൻസി സർവീസസ് വൈസ് പ്രസിഡൻറ് ദിനേശ്തമ്പിയിൽ നിന്ന് കോളേജിനുവേണ്ടി പ്ലേസ്മെന്റ് ഓഫീസർ ജസ്റ്റിൻ പുരസ്കാരം ഏറ്റുവാങ്ങി. കേരളത്തിലെ 400 ഓളം കോളേജുകളിൽ നിന്നായി 3000 ത്തോളം വിദ്യാർത്ഥികൾ പരിപാടിയിൽ പങ്കെടുത്തു.

## ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജ് വീണ്ടും എൻ ബി എ അംഗീകാരത്തിന്റെ നിറവിൽ

ചെമ്പേരി വിമൽജ്യോതി എൻജിനീയറിംഗ് കോളേജിന് വീണ്ടും എൻ ബിഎ. അംഗീകാര തുടർച്ച. എൻബിഎ വിദഗ്ധ സംഘത്തിന്റെ സന്ദർശനത്തെ തുടർന്ന് ഇതുവരെയുണ്ടായിരുന്ന എൻബിഎ അംഗീകാരം കമ്പ്യൂട്ടർ സയൻസ്, ഇലക്ട്രിക്കൽ എൻജിനീയറിങ് എന്നീ വിഭാഗങ്ങൾക്ക് 2026 വരെ പുതുക്കി നൽകിയിരിക്കുന്നു. എൻബിഎ നാക് എന്നീ അക്രഡിറ്റേഷനുകൾ ലഭിച്ച മലബാറിലെ ഏക എൻജിനീയറിങ് കോളേജ് വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ആണ്. ഈ നേട്ടം കൈവരിക്കാനായി പരിശ്രമിച്ച മാനേജ്മെന്റ്, പ്രിൻസിപ്പാൾ ഡോ. ബെന്നി ജോസഫ്, സ്റ്റാഫ് അംഗങ്ങൾ എന്നിവരെ രക്ഷാധികാരിയും തലശ്ശേരി അതിരൂപത മെത്രാപ്പോലീത്തയുമായ മാർ ജോസഫ് പാംപ്ലാനി അഭിനന്ദനങ്ങൾ അറിയിച്ചു.

## ഡയാലിസിസ് രോഗികൾക്കായി വിമൽജ്യോതിയുടെ 1 ലക്ഷം രൂപയുടെ കൈതാങ്ങ്

ഡയാലിസിസ് രോഗികൾക്കായി വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ മാനേജ്മെന്റും NSS ഉം കൂടി 1 ലക്ഷം രൂപ സച്ചിദാനന്ദ ട്രസ്റ്റ് ഡയറക്ടർ മുണ്ടമറ്റം തോമസ് അച്ചന് കൈമാറി. NSS യൂണിറ്റ് 194, 306 ഭാഗമായി നടന്ന 3 ദിവസത്തെ ക്യാമ്പിൽ വെച്ചാണ് വിമൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിന്റെ ബർസാർ ലാസർ വരമ്പകത്ത് 1 ലക്ഷം രൂപയുടെ ചെക്ക് കൈമാറിയത്. ചടങ്ങിൽ ഫാ. തോമസ് മുണ്ടമറ്റം, ഫാ. ലാസർ വരമ്പകത്ത്, ഫാ. ലിബിൻ എഴുപറയിൽ, NSS പ്രോഗ്രാം ഓഫീസർ അഖിൽ കെ.കെ എന്നിവർ സംസാരിച്ചു. പ്രോഗ്രാം ഓഫീസർമാരായ റോജിത്ത് സർ, ലീന മിസ്സ്, ദിവ്യ മിസ്സ്, ജയചന്ദ്രൻ സർ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

## നന്ദി... അഭിനന്ദനം

കഴിഞ്ഞ 5 വർഷക്കാലം തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മക്ക് പുത്തൻ രൂപവും ഭാവവും നൽകി നയിച്ച ബഹു. മാത്യു ആശാരിപറമ്പിലച്ചനെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഈ ദൗത്യം വിജയകരമായി സാക്ഷാൽക്കരിക്കുവാൻ ബഹു. മാത്യു അച്ചന്റെ ത്യാഗോജ്ജ്വലമായ നേതൃത്വത്തിന് കഴിഞ്ഞു. കുടുംബക്കൂട്ടായ്മ ഡയറക്ടർ എന്ന നിലയിൽ തന്റെ ദൗത്യം ഏറ്റവും ആത്മാർത്ഥമായി നിർവ്വഹിച്ച പ്രിയപ്പെട്ട മാത്യു അച്ചന് ആത്മാർത്ഥമായ നന്ദിയും അഭിനന്ദനവും അറിയിക്കുന്നു. തൊട്ടതെല്ലാം വിസ്മയമാക്കുന്ന അച്ചന്റെ പ്രവർത്തനങ്ങൾ നമ്മുടെ അതിരൂപതയ്ക്ക് അനുഗ്രഹമാണ്.

സംഘടനകളുടെ ഏകീകരണത്തോടനുബന്ധിച്ച് കുടുംബക്കൂട്ടായ്മ ലെയ്റ്റി അപ്പൊസ്റ്റൊലേറ്റിനോട് ചേർന്നാണല്ലോ ഇനി മുതൽ പ്രവർത്തനക്ഷമമാവുക. അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം കുടുംബക്കൂട്ടായ്മയുടെ സ്വതന്ത്രചുമതല ഇനി മുതൽ ഞാൻ നിർവ്വഹിക്കുകയാണ്. നിങ്ങളോരൊരുത്തരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## പ്രത്യേക ശ്രദ്ധയ്ക്ക്

i കുടുംബക്കൂട്ടായ്മകളുടെ റിപ്പോർട്ട് ബുക്കും പ്രാർത്ഥനാ പുസ്തകവും മംഗളവാർത്താക്കാലം അഥവാ ഡിസംബർ മാസം മുതൽ ഓഫീസിൽ ലഭ്യമാണ്.

ii ഓരോ കുടുംബക്കൂട്ടായ്മക്കും, ആരാധനാക്രമവത്സരമനുസരിച്ച് വ്യത്യസ്ഥ രീതികളിൽ പ്രാർത്ഥനകൾ നടത്തതക്കവിധം പ്രാർത്ഥ

നാപുസ്തകം പുനക്രമീകരിച്ചിരിക്കുന്നു. നമ്മുടെ എല്ലാ കുടുംബങ്ങ ളിലും ഈ പുസ്തകം ലഭ്യമാക്കുന്നത് അനുഗ്രഹപ്രദമാണ്.

iii റിപ്പോർട്ട് ബുക്കും പ്രാർത്ഥനാപുസ്തകവും എല്ലാ കുടുംബക്കൂട്ടായ്മ കൾക്കും ഉണ്ടായിരിക്കുന്നു. ആവശ്യക്കാർ എന്നെ നേരിൽ വിളിക്കുമ ല്ലോ. നിങ്ങളുടെ ഓർഡർ ഫൊറോനകളിൽ എത്തിച്ചു തരുന്നതാണ്.

iv ഇടവകയെ കൂടുതൽ ചലനാത്മകമാക്കുവാൻ കുടുംബക്കൂട്ടായ്മകൾ ശക്തിപ്പെടുത്തുകയും എല്ലാ യൂണിറ്റുകളിലും റിപ്പോർട്ടു ബുക്കും പ്രാർത്ഥനാ പുസ്തകവും ലഭ്യമാക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധി ക്കുകയും ചെയ്യുമല്ലോ.

v കുടുംബക്കൂട്ടായ്മ പ്രസിഡന്റുമാരുടെ പേരുവിവരവും ഫോൺ നമ്പ റുകളും നവംബർ 30-ന് മുമ്പ് എന്റെ പേരിൽ അയച്ചുതന്നാൽ ഉപകാ രമായി.

vi 2024-ന്റെ ആരംഭത്തിൽത്തന്നെ ഭാരവാഹികൾക്കുവേണ്ടി ഒരു പരിശീ ലന പദ്ധതിയും പ്ലാൻ ചെയ്യുന്നുണ്ട്. സഹകരിക്കുമല്ലോ.

സ്നേഹപൂർവ്വം,

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ACCOMPANYING DIFFERENTLY-ABLED AND AWAKENING MISSION (ADAM)

### എഫ്ഫാത്താ ബാംഗ്ലൂർ മിഷൻ അഞ്ചാം വാർഷികം

ബാംഗ്ലൂർ അതിരൂപതയുടെ ഭിന്നശേഷി വിഭാഗക്കാർക്കുള്ള ശുശ്രൂഷകളുടെ ഭാഗമായ ബധിര കൂട്ടായ്മയുടെ അഞ്ചാം വാർഷികം സെന്റ് പാട്രിക് സെന്ററിൽ നടത്തപ്പെട്ടു. ആരാധനയ്ക്കും വി. കുർബാനയ്ക്കും ഭിന്നശേഷി വിഭാഗം ഡയറക്ടർ ഫാ. ഗബ്രിയേൽ ക്രിസ്റ്റി നേതൃത്വം നൽകി. തുടർന്നുള്ള മീറ്റിങ്ങിൽ സെന്റ് പാർട്ടിക് വികാരി ഫാ. ക്രിസ്റ്റി ജോർജ്, പ്രോഗ്രാം കോഡിനേറ്റർ ശ്രീ. വിജയ്, ഓൾ ഇന്ത്യ ആംഗ്യഭാഷ അസോസിയേഷൻ പ്രസിഡണ്ട് ശ്രീമതി രേണു, കൂട്ടായ്മയുടെ ഭാരവാഹികൾ എന്നിവർ ആശംസകൾ അറിയിച്ചു. എതിരെ കൂട്ടായ്മ അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കുമായി വിവിധ കലാപരിപാടികൾ സംഘടിപ്പിച്ചു. സ്പിരിച്വൽ ഡയറക്ടർ ഫാ. പ്രിയേഷ് കളരിമുറിയിൽ സ്വാഗതവും അസോസിയേഷൻ പ്രസിഡന്റ് ശ്രീ. ജോൺ നന്ദിയും അറിയിച്ചു. ആദം മിനിസ്ട്രി അംഗവും ബധിര വിഭാഗത്തിൽ നിന്നും ആദ്യമായി സുപ്രീം കോടതിയിൽ അഭിഭാഷകയായി വാദിക്കുകയും ചെയ്ത സാറ സണ്ണിക്ക് ഉപഹാരങ്ങൾ നൽകി ആദരിച്ചു. സ്നേഹ വിരുന്നോടുകൂടി പ്രോഗ്രാം അവസാനിച്ചു.

### വിവാഹ ഒരുക്ക ക്ലാസ്

13 വ്യാഴം ഇരിട്ടി ചാവറ സ്പീച്ച് ആൻഡ് ഹിയറിങ് സ്കൂളിൽ വച്ച് വിവാഹിതരാകുവാൻ ഒരുങ്ങുന്ന യുവതി യുവാക്കൾക്ക് വിവാഹ ഒരുക്ക ക്ലാസുകൾ നൽകി.

### ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ

പതിനഞ്ചാം തീയതി ഞായറാഴ്ച ആലക്കോട് സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയം സ്കൂളിൽ വച്ച് പരിശുദ്ധ അമ്മയോടുള്ള ഭക്തി

നിർഭരമായ ജപമാല സമർപ്പണത്തോടെ അംഗങ്ങൾ ജപമാല അർപ്പിച്ച് വിശുദ്ധ കുമ്പസാരം സ്വീകരിച്ച് വിശുദ്ധിയോടെ ബലി അർപ്പണം നടത്തി. കൂട്ടായ്മയുടെ നേതൃത്വത്തിൽ അനുദിന ജപമാല പ്രാർത്ഥനകൾ തയ്യാറാക്കി.

## വിവാഹ ആശീർവദിച്ചു

ബാംഗ്ലൂർ എഫ്ഫാത്ത മിഷൻ അംഗമായ ജോ കെവിൻ, ഷെറിൻ എന്നിവരുടെ വിവാഹം ഈറോഡ് സെന്റ് മേരീസ് കാത്തലിക് ചർച്ചിൽ വച്ച് ആശീർവദിക്കപ്പെട്ടു. വിവാഹത്തിൽ പങ്കുചേർന്ന് കൂദാശകൾക്ക് ആംഗ്യഭാഷയിൽ പരിഭാഷ നൽകി.

## ബധിര കായികമേള

28, 29 തീയതികളിലായി കാഞ്ഞങ്ങാട് വച്ച് നടത്തപ്പെട്ട ബധിര സ്കൂൾ കായികമേളയിൽ പങ്കുചേർന്ന് ആവശ്യമായ സഹായങ്ങൾ നൽകി.

## ജപമാല സമാപനം

29-ാം തീയതി സെന്റ് മേരിസ് ഇംഗ്ലീഷ് മീഡിയത്തിൽ വച്ച് ആലക്കോട് ബധിര ബൈബിൾ സമൂഹത്തിന്റെ ജപമാല സമാപന ആഘോഷത്തിൽ പങ്കുചേർന്നു. വിശുദ്ധ കുർബാന, ജപമാല, പരിശുദ്ധ അമ്മയുടെ തിരുസ്വരൂപ പ്രദക്ഷിണം എന്നിവയിൽ അംഗങ്ങൾ പങ്കുചേർന്നു. ജപമാല മാസത്തിൽ ജപമാല സമർപ്പണത്തിന് നേതൃത്വം നൽകിയവർക്ക് പ്രോത്സാഹനസമ്മാനം നൽകി.

**നവംബർ മാസം പോഗ്രാം**

5 - തൃശ്ശൂർ
12 - ബാംഗ്ലൂർ
18 - ലോഗോസ് ക്വിസ് - POC
19 - ആലക്കോട്
26 - കൊല്ലം

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി. എസ്. എസ്. എസ്.**

### മേഖല-യൂണിറ്റ് സന്ദർശനങ്ങൾ

TSSS ഡയറക്ടർ ഫാദർ ബെന്നി നിരപ്പേൽ, അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ബിബിൻ വരമ്പകത്ത് ചെറുപുഴ, തോമാപുരം, പനത്തടി, ആലക്കോട്, ചെമ്പേരി എന്നീ റീജണുകളിലെ പൊതുയോഗങ്ങളിൽ പങ്കെടുത്തു.

### Carithas India യുടെ ആനുവൽ ജനറൽ ബോഡി മീറ്റിംഗ്

October 12 മുതൽ 14 വരെയുള്ള തീയതികളിൽ പാലായിലെ അൽഫോൻ സിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ചു നടന്ന Carithas India യുടെ ആനുവൽ ജനറൽ ബോഡി മീറ്റിംഗിൽ TSSS അസിസ്റ്റന്റ് ഡയറക്ടർ ഫാദർ ബിബിൻ വരമ്പകത്ത് സംബന്ധിച്ചു.

### JLG - SHG ലോൺ വിതരണം

TSSS ന്റെ നേതൃത്വത്തിൽ കാനറ ബാങ്കുമായി സഹകരിച്ച് TSSS മെമ്പേഴ്സിനായി നൽകുന്ന JLG ലോണുകൾ നെല്ലിക്കംപോയിൽ, പേരാവൂർ, എടൂർ എന്നീ മേഖലകളിൽ വിതരണം ചെയ്തു.

### സജീവം

സമൂഹത്തെയും പുതുതലമുറയെയും നശിപ്പിച്ചുകൊണ്ടിരിക്കുന്ന ലഹരിക്കെതിരെ വിവിധ ഇടങ്ങളിൽ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു.

### ആശാകിരണം

തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റി വിവിധ ഇൻഷുറൻസ് കമ്പനികളുമായി നിരന്തരം ബന്ധപ്പെട്ട് TSSS പ്രവർത്തകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും മാത്രമായി പുതുതായി

ആരോഗ്യ ഇൻഷുറൻസ് പദ്ധതി ആരംഭിക്കുന്നു. വർദ്ധിച്ചുവരുന്ന മെഡിക്കൽ ബില്ലുകളിൽ നിന്നും വ്യക്തികളെയും കുടുംബങ്ങളെയും സുരക്ഷിത മാക്കുവാനും പണമില്ലാത്ത തിന്റെ പേരിൽ സാധാരണക്കാർക്ക് ചികിത്സ നിഷേധിക്കപ്പെടാതിരിക്കാനു മായി 5 ലക്ഷം രൂപ മുതൽ രണ്ടു കോടി രൂപ വരെ പരിരക്ഷ ലഭിക്കുന്ന നിരവധി പോളിസികളാണ് ഈ പദ്ധതിയിലൂടെ TSSS ഒരുക്കുന്നത്. പ്രീമിയം തുക ഒന്നിച്ച് അടച്ച് അംഗത്വം എടുക്കുവാൻ സാധിക്കാത്ത TSSS പ്രവർത്തകർക്ക് അതാത് യൂണിറ്റുകളിൽ നിന്നും പലിശരഹിത സാമ്പത്തിക സഹായങ്ങൾ അനുവദിക്കുന്നതാണ്. ഇൻഷുറൻസിൽ അംഗത്വം എടുക്കുവാൻ മാത്രമായി നൽകുന്ന ഈ സഹായം നിശ്ചിത കാലയളവിനു ള്ളിൽ തവണകളായി തിരിച്ചടയ്ക്കുന്ന തിനുള്ള സൗകര്യവും TSSS ന്റെ യൂണിറ്റുകൾ വഴി നൽകുന്നു.

**മെഡിക്കൽ ക്യാമ്പ്**

ക്യാൻസർ രോഗത്തെ നേരത്തെ കണ്ടെത്തി നിയന്ത്രണ വിധേയ മാക്കാനും നമ്മുടെ കുടുംബത്തെയും നാടിനെയും ക്യാൻസർ വിമുക്ത മാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ ക്യാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി സൗജന്യ ക്യാൻസർ പരിശോധന ക്യാമ്പുകൾ നടത്തിവരുന്നു. മലബാർ ക്യാൻസർ സെന്ററിലെ ഓങ്കോളജി വിഭാഗത്തിൽ വിദഗ്ധ ഡോക്ടർമാരുടെ നേതൃത്വത്തിൽ വായിലെ അർബുദം, ഗർഭാശയ ക്യാൻസർ തുടങ്ങിയവയുടെ പരിശോധനകളാണ് ക്യാമ്പുകളിൽ സംഘടിപ്പിച്ചു വരുന്നത്. കൃത്യമായ പരിശോധനയിലൂടെയും ഉചിതമായ ചികിത്സാരീതികളിലൂടെയും നിരവധിപേരെ രോഗമുക്തരാക്കാനും സഹായിക്കുവാനും ഇതുവഴി സാധിച്ചിട്ടുണ്ട്.

**ഫാ. ബിബിൻ വരമ്പകത്ത്**
*അസി. ഡയറക്ടർ*

**ഫാ. ബെന്നി നിരപ്പേൽ**
*ഡയറക്ടർ*

# എയ്ഞ്ചൽ ട്രസ്റ്റ്

### 1. നന്ദി, അഭിനന്ദനം

തലശ്ശേരി അതിരൂപതയുടെ ജീവകാരുണ്യ മുഖമായ എയ്ഞ്ചൽ ഡയാലിസിസ് പദ്ധതി നിലവിലെ വളർച്ചയിലേക്ക് എത്തിയതിൽ ബഹു. ബെന്നി നിരപ്പേൽ അച്ചന്റെ നേതൃത്വപാടവത്തിന് വലിയ പങ്കുണ്ട്. ഇല്ലായ്മകളിൽനിന്നും വലിയ കാര്യങ്ങൾ രൂപപ്പെടുത്തുവാൻ അസാമാന്യമായ സിദ്ധി ബഹു. ബെന്നിയച്ചന് ദൈവം നൽകിയിട്ടുണ്ട്. അച്ചന്റെ കഠിനാദ്ധ്വാനത്തിന്റെ തെളിവാണ് കരുവഞ്ചാലിലെയും ഇരിട്ടിയിലെയും ഡയാലിസിസ് സെന്ററുകൾ. തലശ്ശേരി സോഷ്യൽ സർവ്വീസ് ഡയറക്ടർ എന്ന നിലയിലും ഭാരിച്ച ഒട്ടനവധി ഉത്തരവാദിത്വങ്ങൾ അച്ചന് നിർവ്വഹിക്കുവാനുള്ളതിനാൽ എയ്ഞ്ചൽ ട്രെസ്റ്റിന്റ മാനേജിംഗ് ഡയറക്ടർ സ്ഥാനത്തുനിന്ന് വിടുതൽ നൽകിയിരിക്കുകയാണ്. നാളിതുവരെ ഡയാലിസിസ് പദ്ധതിയെ കരുതലോടും ശ്രദ്ധയോടുംകൂടി നയിച്ച എയ്ഞ്ചൽ ട്രെസ്റ്റിന്റെ മാനേജിംഗ് ഡയറക്ടർ ആയിരുന്ന ബഹു. ബെന്നി നിരപ്പേൽ അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം എയ്ഞ്ചൽ ട്രസ്റ്റിന്റെ മാനേജിംഗ് ഡയറക്ടറായി ഞാൻ ഉത്തരവാദിത്വം ഏൽക്കുകയാണ്. നിങ്ങളുടെ ആത്മാർത്ഥമായ സഹകരണവും പ്രോത്സാഹനവും അഭ്യർത്ഥിക്കുന്നു. ഏതാനും ചില കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

### 2. എയ്ഞ്ചൽ ഡയാലിസിസ് സെന്റർ

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലി സ്മാരകമായി തലശ്ശേരി അതിരൂപത രൂപം കൊടുത്ത എയ്ഞ്ചൽ ട്രെസ്റ്റിന്റെ ഭാഗമായി ആരംഭിച്ച കരുവഞ്ചാൽ,

ഇരിട്ടി – കടത്തുംകടവ് ഡയാലിസിസ് സെന്ററുകളിൽ വിദഗ്ധ ഡോക്ടർമാരുടെയും ടീം അംഗങ്ങളുടെയും സേവനം ലഭ്യമാണ്. നിർദ്ദനരായ വൃക്ക രോഗികൾ തങ്ങളുടെ ഫൊറോന/ഇടവക വികാരിയുടെ കത്ത് മുഖേന ഈ സെന്ററുകളുടെ സേവനം പരമാവധി ഉപകാരപ്രദമാക്കാൻ ശ്രദ്ധിക്കുമല്ലോ.

**3. പ്രത്യേക ശ്രദ്ധക്ക്**

1) ഫൊറോന തലങ്ങളിൽ എയ്ഞ്ചൽ ഡയാലിസിസ് പദ്ധതി കൂടുതൽ സജീവമാകണം. ഇടവകകളുടെ നിർദ്ദിഷ്ട വിഹിതം കൃത്യതയോടെ ഫൊറോനകളിൽ അടയ്ക്കണം.

2) പള്ളി ഫണ്ടിൽനിന്ന് പ്രസ്തുത വിഹിതം നൽകാൻ സാധിക്കാത്തവർ, മറ്റ് പല ഇടവകകൾ ചെയ്യുന്നതുപോലെ, സംഘടനകൾ വഴിയോ, ബെനഫാക്ടേഴ്സ് കൂട്ടായ്മയിലൂടെയോ, വിൻസെന്റ് ഡി പോൾ വഴിയോ സംഘടിപ്പിക്കുന്നത് അനുകരണീയ മാതൃക ആണ്.

3) എയ്ഞ്ചൽ ഡയാലിസിസിന്റെ സാമ്പത്തിക ഇടപാടുകൾ കൂടുതൽ സുതാര്യവും സുഗമവുമാക്കുന്നതിനായി ബാങ്ക് അക്കൗണ്ടുകളിലൂടെ മാത്രമേ പണമിടപാടുകൾ നടത്താവൂ.

4) പാസ് ബുക്ക്, റെസീപ്റ്റ് ബുക്ക്, ചെക്ക് ബുക്ക്, കണക്ക് ബുക്ക്, വൗച്ചറുകൾ മുതലായവ സൂക്ഷിക്കുകയും ഓഡിറ്റിങ്ങിന് കൃത്യസമയത്ത് നൽകുകയും ചെയ്യണം.

5) 80 G ഉള്ളതിനാൽ, ഓഡിറ്ററുടെ നിർദ്ദേശപ്രകാരം, ലഭിക്കുന്ന സംഭാവനകളുടെ കണക്കുകൾ ഇൻകംടാക്സിൽ സമർപ്പിക്കുമ്പോൾ തുക നൽകുന്ന വ്യക്തിയുടെ പാൻ നമ്പർകൂടി ചേർക്കേണ്ടതാണ്.

6) പണമായോ, ചെക്കായോ സംഭാവനകൾ തരുന്നവരുടെ ആധാർ കാർഡിന്റെ ഒരു കോപ്പിയും വാങ്ങി കൃത്യതയോടെ സൂക്ഷിക്കണം.

സഹകരണത്തിന് നന്ദി.

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**ബയോ മൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി**

നമ്മുടെ കമ്പനിയുടെ പ്രവർത്തനങ്ങൾ ശൈശവഘട്ടത്തിലെ പ്രാരാബ്ദങ്ങൾ നേരിടുന്നുണ്ടെങ്കിലും പ്രവർത്തനങ്ങളും വളർച്ചകളും കാര്യക്ഷമമായി മുൻപോട്ടു നീങ്ങുന്നു.

**കർഷകരുടെ നന്മ**

റബർ കർഷകരുടെ നന്മയ്ക്കായി ബയോ മൗണ്ട് കമ്പനിയുടെ നേതൃത്വത്തിൽ പുതിയ ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നതിനായി മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി (ചെയർമാൻ), ഫാ. ബെന്നി നിരപ്പേൽ (മാനേജിംഗ്), ഫാ. ലൂക്കോസ് മാടശ്ശേരി (എക്സിക്യൂട്ടീവ് ഡയറക്ടർ) എന്നിവരുടെ നേതൃത്വത്തിലുള്ള സംഘം വിവിധ സ്ഥാപനങ്ങൾ സന്ദർശിക്കുകയും വിദഗ്ധമായി ചർച്ചകൾ നടത്തുകയും ചെയ്തു.

**പുതിയ ഔട്ട്ലെറ്റുകൾ :** അങ്ങാടിക്കടവ്, കുമ്പള, റയറോം, പെർള, ഹൊസംഗടി, ബദിയടുക്ക എന്നീ ഇടവകകളിൽ ബയോ മൗണ്ടന്റെ പുതിയ ഔട്ട്ലെറ്റുകൾ ആരംഭിച്ചു.

**ട്രെയിനിങ് പ്രോഗ്രാം**

KIED സംഘടിപ്പിച്ച quality assurance പ്രോഗ്രാമിൽ ഫാ. ലൂക്കോസ് മാടശ്ശേരി (എക്സിക്യൂട്ടീവ് ഡയറക്ടർ) അമൽ സെബാസ്റ്റ്യൻ (മാർക്കറ്റിംഗ് ഹെഡ്) പങ്കെടുത്തു.

CFTRI ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ച സ്പൈസസ് മിറ ഫ്ളവേഴ്സിന്റെ ട്രെയിനിംഗ് പ്രോഗ്രാമിൽ ഫുഡ് ടെക്നോളജിസ്റ്റ് ആയ സ്റ്റെഫിൻ മരിയ പങ്കെടുത്തു.

**ഫാ. ലൂക്കോസ് മാടശ്ശേരി**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ജോജോ പൊടിമറ്റം**
*കോർഡിനേറ്റർ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

# പഞ്ചാബ് മിഷൻ

"നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ. 16:15) എന്ന ഈശോയുടെ ആഹ്വാനമനുസരിച്ച് തലശ്ശേരി അതിരൂപത പഞ്ചാബിൽ ആരംഭിച്ചിരിക്കുന്ന മിഷൻ പ്രവർത്തനങ്ങൾ ഭംഗിയായി നടക്കുന്നു. വ്യത്യസ്തമായ ഭാഷയും വ്യത്യസ്തമായ ജീവിതരീതിയും സംസ്ക്കാരങ്ങളും നിറഞ്ഞ പഞ്ചാബിൽ പ്രതിസന്ധികളുടെ നടുവിലാണ് പ്രേഷിത പ്രവർത്തനങ്ങൾ നടക്കുന്നത്. പരിശുദ്ധ കുർബാനയുടെ ശക്തിയാലും അഭിവന്ദ്യ പിതാവിന്റെയും അതിരൂപത മുഴുവന്റെയും പ്രോത്സാഹനങ്ങൾകൊണ്ടും പ്രാർത്ഥനകൾകൊണ്ടും മിഷൻ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. നിലവിൽ രണ്ട് സെന്ററുകൾ ആണ് ആരംഭിച്ചിരിക്കുന്നത്. കൂടുതൽ പ്രദേശങ്ങളിലേക്ക് പ്രവർത്തനങ്ങൾ വ്യാപിപ്പിക്കേണ്ടതുമുണ്ട്. പ്രാർത്ഥനയിലും പരിശുദ്ധ കുർബാനയിലും പങ്കെടുക്കുവാൻ നിരവധി ആളുകൾ വരുന്നുണ്ട്. ഈ വർഷം പഞ്ചാബിൽ വെള്ളപ്പൊക്കം ദുരിതം വിതച്ചപ്പോൾ പോലും ഞായറാഴ്ച വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ താത്പര്യം കാണിച്ച് ആളുകൾ വന്നിരുന്നു. ആളുകൾക്ക് ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാൻ ഒരു ആലയവും അതുപോലെ വൈദികർക്ക് താമസിക്കാൻ ഒരു ഭവനവും കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. ഒരു ട്രസ്റ്റ് രൂപപ്പെടുത്തി മിഷൻ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കാൻ വേണ്ടിയുള്ള പരിശ്രമം നടക്കുന്നുണ്ട്. തലശ്ശേരി അതിരൂപതയിൽ നിന്നും മൂന്നു വൈദികരാണ് ഇപ്പോൾ പഞ്ചാബിൽ ശുശ്രൂഷ ചെയ്യുന്നത്. കൂടുതൽ കാര്യക്ഷമമായി പഞ്ചാബിന്റെ വില്ലേജുകളിൽ ഈശോയുടെ സ്നേഹം നൽകുവാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഈശോയുടെ സ്നേഹം അറിയാൻ കാത്തിരി ക്കുന്ന നിരവധി ആളുകൾ ഇവിടെ ഉണ്ട്. പഞ്ചാബ് മിഷന്റെ കാര്യങ്ങൾ ഇടവകകളിൽ അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. തലശ്ശേരി അതിരൂപതയുടെ സജീവമായ ഒരു മിഷൻ പ്രദേശമായി പഞ്ചാബ് മാറട്ടെ എന്ന് പ്രാർത്ഥിക്കാം.

സ്നേഹത്തോടെ സഹോദരവൈദികർ പഞ്ചാബ് മിഷൻ.

ഫാ. സെബാസ്റ്റ്യൻ പുതുപ്പള്ളി
ഫാ. സ്റ്റിനോ മുക്കുഴി
ഫാ. മനോജ് കരിമ്പൂഴിക്കൽ

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്
## മാർ ജോസഫ് പാംപ്ലാനി

### സെപ്റ്റംബർ 2023

23 അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കു ശേഷം ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന യൂക്യാറ്റ് പ്രോഗ്രാമിന്റെ ഷൂട്ടിംഗിൽ പങ്കെടുത്തു.

24 രാവിലെ നടുവിൽ ഇടവകാ ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും പുതുതായി പണിയുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ജോർജ് നരിപ്പാറ അച്ചനെ സന്ദർശിച്ചു.

25–29 പരിയാരം മദർഹോമിൽവച്ച് വാർഷിക ധ്യാനത്തിലായിരുന്ന ബഹു. വൈദികരുമായി കൂടിക്കാഴ്ച നടത്തി.

26 രാവിലെ അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കോടിയേരിയിലുള്ള വിൻസെൻഷ്യൻ ഹൗസിലെത്തി തിരുനാളിനോടനുബന്ധിച്ചുള്ള മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

29 വൈകുന്നേരം വിവിധ രാജ്യങ്ങളിൽ പഠനത്തിലായിരിക്കുന്ന ബഹു. വൈദികരുമായി ഓൺലൈനിൽ കൂടിക്കാഴ്ച നടത്തി.

30 രാവിലെ ബ്രദർ സെബിൻ മറ്റപ്പള്ളിക്ക് കാറോയ പട്ടം നൽകി. തുടർന്ന് തളിപ്പറമ്പിൽവച്ച് ചേർന്ന പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം തോമാപുരം ഫൊറോനായുടെ പാരീഷ് കൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്ത് കൗൺസിൽ അംഗങ്ങളുമായി സംവദിച്ചു.

### ഒക്ടോബർ 2023

01 രാവിലെ വായാട്ടുപറമ്പ് ഫൊറോനാ ദൈവാലയത്തിൽ വി. കുർബ്ബാനയർപ്പിക്കുകയും പുതുതായി പണിയുന്ന ദൈവാലയത്തിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിക്കുകയും ചെയ്തു. തുടർന്ന് നിർമ്മലഗിരിയിലെത്തി

പുതുതായി നിർമ്മാണമാരംഭിക്കുന്ന കോളേജിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ബഹു. ജോൺസൺ കോവൂർപുത്തൻപുരയിൽ അച്ചന്റെ യാത്രയയപ്പ് സമ്മേത്തിൽ പങ്കെടുത്തു. തുടർന്ന് നടന്ന കൂരിയാ മീറ്റിംഗിൽ അധ്യക്ഷത വഹിച്ചു.

02 രാവിലെ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കുവേണ്ടി ദിവ്യബലിയർപ്പിച്ച് വചന സന്ദേശം നൽകി. 10 മണിയോടെ പ്രതീക്ഷയുടെ റൂബി ജൂബിലി പ്രോഗ്രാമിന് അധ്യക്ഷത വഹിച്ചു. തുടർന്ന് അൽഫോൻസഗിരിയിലെത്തി ബഹു. മാത്യു ശാസ്താംപടവിൽ അച്ചന്റെ ജൂബിലി മീറ്റിംഗിന് അധ്യക്ഷനായി. ഉച്ചയ്ക്കുശേഷം ചെമ്പേരിയിൽവച്ച് ചേർന്ന ചെറുപുഷ്പ മിഷൻലീഗ് സംസ്ഥാന വാർഷികവും റാലിയും ഉദ്ഘാടനം ചെയ്തു. രാത്രിയോടെ റോമിൽവച്ചു ചേരുന്ന ബിഷപ്സ് സിനഡിൽ പങ്കെടുക്കുന്നതിനായി യാത്രതിരിച്ചു.

03-27 റോമിൽവച്ച് ചേർന്ന ബിഷപ്സ് സിനഡിൽ പങ്കെടുത്തു.

**NOVEMBER 2023**

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | | - | Engaged |
| 02 | 05.00pm | - | Madathil : Cemetery Blessing |
| 03 | 10.00am | - | Consultors Meeting |
| | 05.00pm | - | Chempanthotty |
| 04 | 09.00am | - | Vilakkannur : Ordination |
| | 02.00pm | - | Nirmalagiri : History Department Jubilee |
| | 06.00pm | - | Iritty |
| 05 | 09.00am | - | Barnassery |
| | 03.00pm | - | Nellickampoil : Presbytery Blessing |
| | 05.30pm | - | Kunnoth : Parish Hall Blessing |
| 06 | 06.30am | - | Minor Seminary |
| | 10.00am | - | Auditors Meeting |
| | 04.30pm | - | Nellickampoil : Marriage |
| 07 | 09-12pm | - | Visitors Day |
| 08-19 | | - | Canada : Eparchial Assembly |
| 19 | 07.00pm | - | Kanhangad : Deepika Annual Day |
| 20 | | - | Thalassery : Jubilarians Meet |
| 21 | 09.00am | - | Kannur |
| | 02.30pm | - | Varakkad: Alter Blessing |
| 22 | 9-12pm | - | Visitors Day |
| | 09.00pm | - | Minor Seminary : Home Day |
| 23 | 06.30am | - | Minor Seminary : Parents Day (Third Years) |
| | 02.30pm | - | Kolakkad : HSS Jubilee |
| 24 | 09.00am | - | Minor Seminary : Parents Day (First Years) |

| | | | |
|---|---|---|---|
| | 04.00pm | - | Kamballoor : Cemetery Blessing |
| 25 | 10.00am | - | Jeevothsavam |
| | 03.00pm | - | Kavumthala : Parish Hall Blessing |
| | 06.30pm | - | Mavullal |
| 26 | 10.00am | - | Chettiyamparamba |
| | 03.30pm | - | Kadumeni : Parish Hall Blessing |
| 27 | 10.30am | - | Pasukkadav : Marriage |
| 28 | 10.00am | - | Presbytarium |
| 29 | 9-12pm | - | Visitors Day |
| | 03.00pm | - | Cheemeni |
| 30 | 09.00am | - | Velimanam : Ordination |
| | 02.30pm | - | Kodoppally : Vincentian House Blessing |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

### സെപ്റ്റംബർ 2023

24 ഉച്ചയ്ക്കുശേഷം അങ്ങാടിക്കടവിൽ നിര്യാതനായ എബ്രാഹം കൊച്ചുവേലിക്കകത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് മുഖ്യ കാർമികത്വം വഹിച്ചു.

26 രാവിലെ ആലക്കോട് നടത്തപ്പെട്ട സഖറിയാസ് ധ്യാനത്തിന് വി. കുർബാന അർപ്പിക്കുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

28. നെല്ലിക്കാംപൊയിൽ നടത്തപ്പെട്ട CMC സുപ്പീരിയേഴ്സ് മീറ്റിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകുകയും ക്ലാസ് എടുക്കുകയും ചെയ്തു. തുടർന്ന് നെല്ലിക്കാംപൊയിൽ ഫോറോനയിലെ മതാധ്യാപകരുടെ കോൺഫറൻസ് ഉദ്ഘാടനം ചെയ്തു.

### ഒക്ടോബർ 2023

01 വൈകുന്നേരം ഇരിട്ടി YMCA യുടെ പുതിയ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങിൽ പങ്കെടുത്തത് ആശംസകൾ നേർന്ന് സംസാരിച്ചു.

02 ഉച്ചയ്ക്ക് മുൻപ് കണ്ണൂർ MSMI കോൺവെന്റിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം, കണ്ണൂർ തിരുക്കുടുംബ ദൈവാലയത്തിൽ 10 ദിവസത്തെ ജപമാല ഭക്തിയുടെ ആരംഭമായി വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

03 വൈകുന്നേരം കുന്നോത്ത് FCC കോൺവെന്റിൽ ഫീസ്റ്റ് ആഘോഷത്തിൽ പങ്കെടുത്തു.

04 വൈകുന്നേരം കരിക്കോട്ടക്കരിയിൽ നിര്യാതനായ സെബാസ്റ്റ്യൻ കണ്ടത്തിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് പള്ളിയിൽ കാർമികത്വം വഹിച്ചു.

08 വൈകുന്നേരം ബാംഗ്ലൂർ - ലിംഗരാജപുരം ദൈവാലയത്തിന്റെ രജത ജൂബിലിയോടനുബന്ധിച്ച് വി. കുർബാന അർപ്പിക്കുകയും പൊതു മീറ്റിംഗിൽ പങ്കെടുക്കുകയും ചെയ്തു.

09 ബാംഗ്ലൂർ - കോത്തനൂർ സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

10 വൈകുന്നേരം ഇടക്കാനം ഇടവകയിൽ 10 ദിവസത്തെ ജപമാല പ്രാർത്ഥനയുടെ സമാപനത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

11 രാവിലെ കാഞ്ഞങ്ങാട് നടത്തപ്പെട്ട സഖറിയാസ് ധ്യാനത്തിന് വി. കുർബാന അർപ്പിക്കുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.

12 രാവിലെ ഇരിട്ടി ദൈവാലയത്തിൽ നസ്രത്ത് സിസ്റ്റേഴ്സിന്റെ ജൂബിലിക്ക് വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

14 രാവിലെ രയറോം ദൈവാലയത്തിൽ ബഹു. ഇഗ്നേഷ്യസ് മുളങ്ങാട്ടിൽ അച്ചന്റെ 41-ാം ചരമദിനത്തിൽ വി. കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു. വൈകുന്നേരം, പേരാവൂർ തിരുഹൃദയ സന്യാസിനി സമൂഹത്തിലെ തുണ സഹോദരി - കെ.എം. മേരിയുടെ മൃതസംസ്ക്കാര ശുശ്രൂഷയുടെ മുഖ്യകാർമികത്വം വഹിച്ചു.

15 രാവിലെ മാനന്തവാടി - ദ്വാരക ദൈവാലയത്തിൽ തിരുനാളിനോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

16 രാവിലെ മണിക്കടവ് നടത്തപ്പെട്ട സഖറിയാസ് ധ്യാനത്തിന് വി. കുർബാന അർപ്പിക്കുകയും കൺവെൻഷൻ ഉദ്ഘാടനം ചെയ്യുകയും ചെയ്തു. വൈകുന്നേരം വാണിയപ്പാറയിൽ നിര്യാതനായ കുര്യൻ തോട്ടത്തിലിന്റെ മൃതസംസ്ക്കാര ശുശ്രൂഷയ്ക്ക് പള്ളിയിൽ കാർമികത്വം വഹിച്ചു. തുടർന്ന്, വെമ്പുവ പള്ളിൽ ബഹു. മാത്യു പെരുംപള്ളിയച്ചന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

18 വൈകുന്നേരം കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ ബഹു. ജോർജ് നരിപ്പാറയച്ചന്റെ മൃതസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഭാഗം നടത്തി.

19 രാവിലെ അഭിവന്ദ്യ പിതാവിന്റെ അപ്പച്ചന്റെയും സഹോദരന്റെയും ചരമ വാർഷികത്തോട് അനുബന്ധിച്ച് നടവയൽ ദേവാലയത്തിൽ വി. കുർബാന അർപ്പിച്ചു.

21 രാവിലെ പേരാവൂരിൽ Daughters of Mercy സഭാംഗമായ ബഹു. സി. മേഴ്സി കരോളിന്റെ രജത ജൂബിലി ആഘോഷത്തിന് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

22 രാവിലെ മാടത്തിൽ ഇടവകാംഗമായ കൊട്ടുകപ്പള്ളി ജസ്റ്റിൻ - മിനി ദമ്പതികളുടെ മകൾ, മരിയയുടെ വിവാഹവാഗ്ദാനത്തിന് കാർമികത്വം വഹിച്ചു.

23 രാവിലെ പാത്തൻപാറ ഇടവകയിലെ എടക്കര കുടുംബാംഗമായ കുട്ടിയുടെ ആഘോഷപൂർവ്വമായ ദിവ്യകാര്യണ്യസ്വീകരണം നടത്തി.

24 വൈകുന്നേരം ചെമ്പേരിയിൽ വച്ച് നടത്തപ്പെട്ട അതിരൂപത കലോത്സവത്തിന്റെ സമാപന സമ്മേളനത്തിൽ പങ്കെടുത്തു.

28 ഉച്ചകഴിഞ്ഞ് അതിരൂപത കരിസ്മാറ്റിക്ക് പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടത്തിയ ജപമാല റാലിയുടെ സമാപനത്തിൽ ആലക്കോട് ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. വൈകുന്നേരം, ആനപ്പന്തി കപ്പേളയിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

29 രാവിലെ മാനന്തവാടിയിലെ പുതിയിടം ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

30 വൈകുന്നേരം കാഞ്ഞങ്ങാട് ഇടവകയിലെ ജപമാല ഭക്തിയുടെ സമാപനത്തോട് അനുബന്ധിച്ച് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

31 ലോകവ്യാപകമായി യുവജനങ്ങൾ സംഘടിപ്പിച്ച Online Rosary പ്രാർത്ഥനാ യജ്ഞത്തിൽ പങ്കെടുത്തു.

**NOVEMBER 2023**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 02 | 11 am | - | Holy Mass, MSMI Convent : Kannur |
| 05 | 02:30pm | - | Silver Jubilee of Kannur Diocese : Burnassery Cathedral |
| | 05pm | - | Parish Hall Blessing : Kunnoth |
| 06 | 10: 30am | - | Marriage : Vellarikund |
| 10 | 06am | - | Holy Mass : Madathil |
| 16 | 06pm | - | Monthly Recollection : Anapanthy |
| 17 | 07pm | - | Holy Mass : Mavullal |
| 21 | 06:45am | - | Holy Mass : Perumpunna Convent |
| 22 | 10 am | - | Jubilee : Puravayal |
| 24 | 10 am | - | Jubilee of Bp. Lawrence Mukkuzhy : Chemperi |
| 25 | 07am | - | Holy Mass : Nadavayal |
| 27 | 03:30pm | - | Marriage : Kiliyanthara |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

### സെപ്റ്റംബർ 2023

27 കോടിയേരി ഡി പോൾ സെന്ററിൽ വച്ച് നടന്ന വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാളിൽ ആഘോഷങ്ങളിൽ പങ്കെടുത്തു.

### ഒക്ടോബർ 2023

02 അൽഫോൻസാഗിരി ഇടവകയിൽ വച്ച് നടന്ന ഫാ. മാത്യു ശാസ്താംപട വിലിന്റെ പൗരോഹിത്യ സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിൽ സഹകാർമ്മികത്വം വഹിച്ചു. ഉച്ചകഴിഞ്ഞ് പേരാവൂർ ഹൈസ്കൂളിൽ വച്ച് അഡ്വക്കേറ്റ് എം.ജെ. ചെറിയാന്റെ ബുക്ക് സമർപ്പണ ചടങ്ങിൽ അധ്യക്ഷത വഹിച്ചു.

04 കരിക്കോട്ടക്കരി ഇടവകയിൽ നിര്യാതനായ സെബാസ്റ്റ്യൻ കണ്ടത്തി ലിന്റെ മൃതസംസ്കാര ശുശ്രൂഷകളുടെ ഒന്നാം ഭാഗത്തിന് വീട്ടിൽ മുഖ്യ കാർമ്മികത്വം വഹിച്ചു.

05 പുളിങ്ങോം ഇടവകയിൽ നിര്യാതയായ റോസമ്മ മാങ്കോട്ടിലിന്റെ മൃത സംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. അതിനു ശേഷം കരുവഞ്ചാൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഫാ. ജോർജ് നരിപ്പാറയെ സന്ദർശിച്ചു.

06 അങ്ങാടിക്കടവ് ഇടവകയിൽ നിര്യാതനായ ജോസഫ് കൊച്ചുപുരയ്ക്ക ലിന്റെ ഭവനം സന്ദർശിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

07 കൊട്ടോടി ഇടവകയിൽ വച്ച് നടന്ന ഫാ. തോമസ് കൊച്ചുപറമ്പിലിന്റെ നാൽപത്തിയൊന്നാം ചരമദിനത്തോട് അനുബന്ധിച്ചുള്ള വിശുദ്ധ കുർബാനയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

10 മേരിഗിരി ഇടവകയിൽ നിര്യാതയായ മേരിക്കുട്ടി മൈലാടൂരിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

11 കോടഞ്ചേരി ഇടവകയിൽ വച്ച് നടന്ന അന്നമ്മ വലിയമറ്റത്തിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിക്കുകയും ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു.

16 വാണിയപ്പാറ ഇടവകയിൽ നിര്യാതനായ കുര്യൻ തോട്ടത്തിന്റെ മൃതസംസ്കാര ശുശ്രൂഷകൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# OCTOBER 2023 ENGAGEMENTS

## ARCHBISHOP EMERITUS GEORGE VALIAMATTAM

05 - Kannur Cathedral : Holy Mass

**Secretary to the Archbishop Emeritus**

50 Years Golden Jubilee



Rev. Fr. Joseph
**Karinattu**



Rev. Fr. Mathew
**Perumpally**

25 years Silver Jubilee



Rev. Fr. Sebastian
**Ammiyanikkal**



Rev. Fr. George
**Asarikunnel**



Rev. Fr. John
**Kovoorputhenpurayil**



Rev. Fr. John
**Mundolickal**



Rev. Fr. Sebastian
**Powath**



Rev. Fr. Xavier
**Puthenpurackal**



Rev. Fr. Mathew
**Sasthampadavil**



Rev. Fr. Mathew
**Thekkemuriyil**

Rev. Fr. Thomas
**Thengumpallil**





Rev. Fr. Paul
**Valloppilly**

RNI Reg. No. 5910 Date of Publication: 28/10/2023
Registered KL/TLY/20/22-24
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2022-24
വാല്യം : 06 ലക്കം : 11 വില : ₹10

# നവംബർ 01
# സകല വിശുദ്ധരുടെയും തിരുനാൾ



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.